ഗുരുനാഥൻ.

പുസ്തകം 6. | 1102 കന്നി | ലക്കം 2.

## ഒരുപസ്മരണ.

(ആർ. ഈശ്വരപിള്ള ബി. ഏ.)

ഈ ലേഖകൻ ബി. എ. പരീക്ഷയ്ക്കു ചേൎന്നതു് 1053-ാമാണ്ടു കുംഭത്തിലായിരുന്നു. അക്കാലത്തു പരീക്ഷയ്ക്കു് ബി. എ. വിദ്യാൎത്ഥികളെല്ലാവരും മദ്രാസിൽ ചെല്ലണമെന്നു നിൎബ്ബന്ധം ഉണ്ടു്. ലേഖകൻ പരീക്ഷയ്ക്കു പോകുന്നതിനു കുറച്ചുദിവസം മുമ്പു സ്വഗൃഹത്തിൽവന്നു താമസിക്കയായിരുന്നു. അതുകൊണ്ടു വടക്കൻവഴിക്കാണു മദ്രാസിലേക്കു പോയതു്. അന്നു ചെറുവണ്ണൂർചെന്നു തീവണ്ടികേറി പോകുന്നതാണു പതിവു്. അവിടെ എത്തുന്ന കാൎയ്യമാണു ദുഷ്ടം. തീബോട്ടും, കാറും ഒന്നും ഇല്ലാത്ത കാലമായിരുന്നു. അതുകൊണ്ടു് ഒരു വള്ളത്തിലാണു പോയതു്. സഹായത്തിനു തന്റെ ജ്യേഷ്ഠനും ഒരു ഭൃത്യനുംകൂടിയുണ്ടായിരുന്നു. വഴി നിശ്ചയമില്ലാതിരുന്നതിനാൽ വള്ളക്കാരനെത്തന്നെ വിശ്വസിക്കേണ്ടിയിരുന്നു. രണ്ടുമൂന്നു ദിവസം വള്ളത്തിലിരുന്നു കഴിച്ചശേഷം വള്ളക്കാരൻ ചാവക്കാട്ടാണു കൊണ്ടിറക്കിയതു്. അവിടെ ചെന്നസമയമാണു വഴി തെററി എന്നു മനസ്സിലായതു്. ഏതുതെങ്കിലും അവിടെനിന്നും ഗുരുവായൂരേക്കു നടന്നു. അവിടെ ചെന്നു കുളിച്ചുതൊഴുതു് ഊണും കഴിഞ്ഞു്, ഒരു കാളവണ്ടിപിടിച്ചു് അടുത്തുള്ള കുററിപ്പുറം സ്റ്റേഷനിലേക്കു് ഉടനെതന്നെ തിരിച്ചു. വണ്ടിക്കാരൻ ഒരു നമ്പ്യാരായിരുന്നു. ഇയാളുടെ ഭാവവും പെരുമാററവും തീരെ വിശ്വാസം ജനിപ്പിക്കത്തക്കതല്ലായിരുന്നു. ഈയാളുടെ എളിയിൽ ഒരു വലിയ പിശ്ശാത്തിയും ഉണ്ടായിരുന്നു. രണ്ടുംകല്പിച്ച വണ്ടിയിൽ കയറി സന്ധ്യയോടുകൂടി കുററിപ്പുറത്തു ചെന്നുചേൎന്നു. അന്നത്തെ വണ്ടി പോയിക്കഴിഞ്ഞതിനാൽ രാത്രി അവിടെ താമസിക്കേണ്ടതായിവന്നു. നമ്പ്യാർ അയാളുടെ വീട്ടിലേക്കുതന്നെ പോകാമെന്നു ക്ഷണിച്ചു. ഗത്യന്തരമില്ലാഞ്ഞതിനാൽ അങ്ങിനെതന്നെ സമ്മതിച്ചു. അവിടെ എത്തി താമസിച്ചു. പക്ഷെ, ഒട്ടും മനസ്സമാധാനം കൂടാതെയായിരുന്നു താമസിച്ചതു്. അത്താഴവും അവിടെത്തന്നെ ആവാമെന്നു തീൎച്ചപ്പെടുത്തി. അവിടെ വീട്ടിന്റെ ഒരു തളത്തിൽ ഒരു ഭാണ്ഡം ഉണ്ടായിരുന്നതു വച്ചുംകൊണ്ടിരുന്നു. കുറച്ചു രാത്രി ആയപ്പോൾ, അത്താഴമുണ്ണുന്നതിനു നമ്പ്യാർ വന്നുവിളിച്ചു. വാഴയുടെ വി

ടിരാത്ത കുമ്പിലയാണിട്ടിരുന്നതു്. ഭൃത്യൻ ഇല നിവിർത്തുവെയ്ക്കുവാനായി ഭാവിച്ചപ്പോൾ ഇലയുടെ ഉള്ളിൽ ഒരു പാമ്പു ചുരുണ്ടിരിക്കുന്നതു കണ്ടു വല്ലാതെ ഭയപ്പെട്ടു. എങ്കിലും ഇലയോടുകൂടി അതിനെ വെളിയിൽകൊണ്ടുചെന്നു കളഞ്ഞു. വേറെ ഇല കൊണ്ടുവന്നൂണും കഴിച്ചു തളത്തിൽതന്നെ എത്തി. കിടക്കുന്നതിന്നു ഒന്നുരണ്ടു പായും നമ്പ്യാർ തന്നു. ഭാണ്ഡം ഭൃത്യന്റെ തലയ്ക്കൽ വച്ചുംകൊണ്ടു കിടന്നു എന്നുമാത്രമേയുള്ളൂ. ഉറക്കം ഉണ്ടായില്ലാ എന്നുതന്നെ പറയാം. രാത്രി അകത്തു സംശയിക്കത്തക്ക ചില ശബ്ദവും മററും കേട്ടതോടുകൂടി അല്പം ഭയവും ഉണ്ടായി. ഏതെങ്കിലും അന്യോന്യം സംസാരിച്ചുംകൊണ്ടു രാത്രി ഒരുവിധം കഴിച്ചുകൂട്ടി. നേരം വെളുത്തപ്പോൾ ഒട്ടു സമാധാനം ഉണ്ടായി. രാവിലെ ഊണും കഴിച്ചു നമ്പ്യാരുടെ നേതൃത്വത്തിൽ സ്റ്റേഷനിലെത്തി. ടിക്കററു വാങ്ങിച്ചതു സേലത്തേക്കായിരുന്നു. രാത്രിയിൽ വണ്ടിയിലിരിക്കാൻ കഴികയില്ലെന്നു വിചാരിച്ചാണിങ്ങിനെ ചെയ്തതു്. പകലെ സേലത്തുചെന്നു. അല്പം ദൂരത്തു് ഒരു ഹോട്ടലിൽ ചെന്നുചേന്നു. അവിടെയും രാത്രി അസ്വാസ്ഥ്യതയോടുകൂടിത്തന്നെ കഴിച്ചു. കിടന്നതു് അടവില്ലാത്ത ഒരു നടപ്പന്തലിലായിരുന്നു. സമീപത്തെങ്ങും അധികം ആളുകളുണ്ടായിരുന്നില്ല. അവിടെയും പ്രജാഗരംകൊണ്ടുതന്നെ കഴിച്ചുകൂട്ടി. രാവിലെ കുളിയും ഊണും കഴിച്ചു മദ്രാസിലേക്കു വണ്ടികയറി. സന്ധ്യയ്ക്കു മുമ്പു് അവിടത്തെ സെൻട്രൽസ്റ്റേഷനിൽ ചെന്നിറങ്ങി അവിടെനിന്നും മൈലാപ്പൂരിലേക്കു വഴിയും ചോദിച്ചു നടന്നു. തെരുവിലെത്തിയപ്പോൾ രാത്രിയല്പം അധികമായി. ഒരു ലക്കം ഇല്ലാതെ അല്പം ചുററി. ഒടുക്കം ഉടമസ്ഥന്റെ ദയാപൂർവ്വമായ അനുവാദത്തോടുകൂടി ഒരു വീടിന്റെ പുറത്തെ തിണ്ണയിൽ നിരാഹാരന്മാരായി കിടന്നു ജാഗ്രദവസ്ഥയിൽതന്നെ ഉറങ്ങി എന്നു പറയാം. മൈലാപ്പൂരിൽ മലയാളികൾ പാക്കുന്നുണ്ടെന്നറിഞ്ഞിട്ടാണു് അങ്ങോട്ടു പുറപ്പെട്ടതു്. രാവിലെ എഴുനീററു് അന്വേഷണത്തിനു പുറപ്പെടുവാൻ ഭാവിച്ചപ്പോൾ ഭാഗ്യവശാൽ ഒരു മാന്യനായ നായർ ആ വഴിക്കു വരുന്നതു കണ്ടു. അദ്ദേഹത്തോടു ചോദിച്ചപ്പോൾ അടുത്ത ഒരു വീട്ടിലേക്കു ചൂണ്ടിക്കാണിച്ചുംകൊണ്ടു് അവിടെ ചില തിരുവിതാംകൂർകാർ പാക്കുന്നുണ്ടെന്നു പറഞ്ഞു. അവിടെച്ചെന്നന്വേഷിച്ചു. അവിടെ അന്നത്തെ സർവ്വാധികാര്യക്കാരായ പി. ഗോവിന്ദപ്പിള്ളയവർകൾ, ജഡ്ജി വൈയ്ക്കം നീലകണ്ഠപ്പിള്ളയവർകൾ, മുൻഷി എൻ. രാമക്കുറുപ്പവർകൾ, പി. അയ്യപ്പൻപിള്ളയവർകൾ, സി. വി. രാമൻപിള്ളയവർകൾ എന്നിവർ താമസിച്ചിരുന്നു. ഇവരുടെ കൂടത്തന്നെ താമസം ഉറപ്പിച്ചു. ഇവരിൽ ആദ്യം പറഞ്ഞ മൂന്നുപേരും എം. എ. പരീക്ഷയ്ക്കും, മററു രണ്ടുപേരും ബി. എ പരീക്ഷയ്ക്കും ചേരുവാൻ വന്നിരുന്നവരാണു്. ലേഖകനും മററും സസ്യഭുക്കുകളായിരുന്നതുകൊണ്ടു് അല്പം ദുർഘടമുണ്ടായിരുന്നുവെന്നല്ലാതെ മററുവിധത്തിൽ അസൌകര്യങ്ങൾ ഒന്നും ഉണ്ടാ

യിരുന്നില്ല. ഇവിടെ ഏകദേശം പത്തുദിവസത്തോളം താമസിക്കേണ്ടിവന്നു. അന്നത്തെ പരീക്ഷ മദ്രാസു പ്രസിഡൻസി കാളേജിൽ വച്ചായിരുന്നു. സെനറ്റുഹൌസു പണി തീൎന്നിട്ടില്ലായിരുന്നു. പരീക്ഷയുടെ തലേദിവസം വൈകിട്ടുമുതൽ സി. വി. രാമൻപിള്ള അവർകളെ കാണ്മാനില്ലായിരുന്നു. എവിടെയാണു പോയതെന്നും ആൎക്കും നിശ്ചയമുണ്ടായിരുന്നില്ല. പല ദിക്കിലേക്കും കമ്പിയടിച്ചിട്ടും അറിവുകിട്ടിയില്ല. പരീക്ഷയ്ക്കു്, ദിവസവും ജട്ക്കാ പിടിച്ചാണു പോകയും വരികയും ചെയ്തതു്. മിസ്റ്റർ ഡൺകൻെറയും, മിസ്റ്റർ ക്രൂപ്പറിൻെറയും പ്രധാനനോട്ടത്തിലാണു പരീക്ഷ നടത്തപ്പെട്ടിരുന്നതു്. രണ്ടുമൂന്നു ദിവസം കഴിഞ്ഞപ്പോൾ സി. വി. രാമൻപിള്ള മടങ്ങിവന്നു. അദ്ദേഹം ഹൈദ്രബാദിൽ രാജ്യം കാണുന്നതിനായി പോയിരിക്കുകയായിരുന്നു. പരീക്ഷയിൽ ചേൎന്നില്ലെന്നു പറയേണ്ടതില്ലല്ലോ. പരീക്ഷയ്ക്കിടക്കുതന്നെ കൂടെ വന്നിരുന്ന ഭൃത്യന് ഒരു വയറുകടിയുടെ സുഖക്കേടു തുടങ്ങിയിരുന്നു. അവിടെ ചില ചികിത്സകളും ചെയ്തുകൊണ്ടിരുന്നു. പരീക്ഷകഴിഞ്ഞ പിറേറ ദിവസംതന്നെ എല്ലാവരും പിരിഞ്ഞു. നീലകണ്ഠപ്പിള്ളയവർകളും ലേഖകൻ മുതൽപേരും വടക്കൻവഴിക്കും, മററുള്ളവര തെക്കൻവഴിക്കും മടങ്ങിപ്പോയി. പിറേറ ദിവസം രാവിലെ ചെർവണ്ണൂർ വന്നു കാളവണ്ടിപിടിച്ചു തൃശ്ശിവപേരൂർ രാത്രി വന്നുചേൎന്നു. അപ്പോൾ തന്നെ ഊണും മററും കഴിക്കാതെ കൊക്കാലക്കടവിൽ വന്നു് സ്വന്ത വള്ളം വന്നിരുന്നതിൽ ലേഖകനും കൂട്ടരും, നീലകണ്ഠപ്പിള്ള അവർകൾ ഒരു ബോട്ടിലും കയറി യാത്ര തിരിച്ചു. വഴിക്കു ഭൃത്യനു ദീനം കലശലായതുനിമിത്തം കുറച്ചൊക്കെ ബുദ്ധിമുട്ടും ക്ലേശവും ഉണ്ടായി. മൂന്നാം ദിവസം വീട്ടിൽ വന്നുചേൎന്നു. ഭൃത്യനെ സ്വഗൃഹത്തിലേയ്ക്കു കൊണ്ടുപോയി ആക്കി വേണ്ടതുപോലെ ശുശ്രൂഷകളും ചികിത്സകളും ചെയ്തുവെങ്കിലും നിൎഭാഗ്യവശാൽ അയാൾ മരിക്കയാണുണ്ടായതു്. മദ്രാസുയാത്രയിൽ ഇങ്ങിനെ ഒരു വലിയ നഷ്ടം നേരിട്ടു. "അലംഘനീയാകമലാസനാജ്ഞാ". ലേഖകൻ പിന്നീടു് ഒന്നുരണ്ടുമാസം ഒളശയിൽ "ശാന്തിനികേതനമായ" സ്വഗൃഹത്തിൽതന്നെ സ്വസ്ഥമായി താമസിച്ചുവന്നു. ഒളശ ഇപ്പോൾ അപ്രസിദ്ധമായ ഒരു ചെറിയ കരയാണെങ്കിലും ഒരിക്കൽ അതു തെക്കുംകൂർ രാജാക്കന്മാരുടെ രാജധാനിയായിരുന്ന സ്ഥലമാണു്. രാജധാനിയുടെ അവശിഷ്ടങ്ങൾ ഇന്നും അവിടെ കാണ്മാനുണ്ടു്. ആ സ്ഥലത്തിനു് ഇന്നും "ഇടത്തിൽ" പറമ്പു് എന്നാണു പേര്. ഇപ്പോൾ അതു പലരുടെ കൈവശവുമായിട്ടാണിരിക്കുന്നതു്. അവിടെനിന്നും പലൎക്കും നിധികിട്ടിയിട്ടുള്ളതായും അറിയുന്നുണ്ടു്. കൊട്ടാരത്തിൻെറ അടിത്തറ രണ്ടുമൂന്നു കൊല്ലങ്ങൾക്കു മുമ്പാണു പൊളിച്ചതു്. ഉടമസ്ഥനു വളരെ കല്ലുകൾ കിട്ടി. നിധി കാണുമെന്നു വിചാരിച്ചു വളരെ താഴ്ത്തി കിളച്ചിട്ടും ഒന്നും കിട്ടിയില്ല. ചില ഭരണികളും, കുറച്ചു കരിഞ്ഞ നെല്ലും കാണുകയുണ്ടായി. രാജാവി

ൻെറ പരദേവതയായ ചെറുവള്ളിക്കാവിൽ ഭഗവതിക്ഷേത്രം ഇന്നും ഉണ്ട്. ഇപ്പോൾ സക്കാർ വകയാണ്. ഇതുകൂടാതെ അഷ്ടവൈദ്യന്മാരിൽപെട്ട ചിരട്ടമണ്ണുമൂസ്സതിൻെറ ഇല്ലംകൊണ്ടും ഇതിനു കുറച്ചു പ്രസിദ്ധിയുണ്ട്. ഇവരെ അന്നത്തെ മഹാരാജാവിൻെറ കല്പനപ്രകാരം വടക്കുനിന്നും വരുത്തി ഇല്ലം പണിചെയ്യിപ്പിച്ചുകൊടുത്തു് ഇവിടെയാണ് ആദ്യം പാർപ്പിച്ചതു്. ഈ ഇല്ലക്കാർക്കു ഗോവിന്ദപുരം എന്ന ഒരു കരയും കരമൊഴിവായി കല്പിച്ചു കൊടുത്തിട്ടുണ്ട്. ഇതുകൂടാതെ ചേർത്തല, പള്ളിപ്പാട്ട് മുതലായ സ്ഥലങ്ങളിലും വസ്തുക്കൾ കരമൊഴിവായി കൊടുത്തിട്ടുണ്ട്. മുറജപത്തിൻെറ ആവശ്യത്തിലേക്കായിട്ടാണ് ആദ്യം വരുത്തിയതു്. ഇന്നും മുറജപചികിത്സ ഈ ഇല്ലത്തുനിന്നുമാണു പതിവായി നടത്തിവരുന്നതു്. ഇടത്തിൽ രാജവംശം അടുത്തൂൺപററി ഇപ്പോൾ കുമാരനല്ലൂർ പാർത്തുവരുന്നു. കൂടക്കൂടെ പരദേവതയെ തൊഴുന്നതിനായി ഒളശയിൽ വരുന്നതേയുള്ളു.

ലേഖകൻ സ്വഗൃഹത്തിൽ താമസിച്ചിരിക്കുമ്പോളാണു പരീക്ഷയിൽ വിജയം സിദ്ധിച്ചുവെന്നു മിസ്റ്റർ കുഞ്ഞുകൃഷ്ണപ്പണിക്കരുടെ എഴുത്തു വന്നതു്. എന്നിട്ടും കുറച്ചുദിവസംകൂടി അവിടെത്തന്നെ താമസിച്ചു. ആ കൊല്ലത്തിൽ ലേഖകനുൾപ്പടെ നാലുപേരു മാത്രമെ ബി. എ. പരീക്ഷയിൽ വിജയം പ്രാപിച്ചുള്ളു. അവർ പ്രൊഫസ്സറായിരുന്ന മിസ്റ്റർ ലബുഷഡിയർ, ഡിവിഷൻ അസിസ്റ്റൻറായിരുന്ന മിസ്റ്റർ മുത്തുകുമാരസ്വാമിപ്പിള്ള, പേഷ്കാരായിരുന്ന മിസ്റ്റർ പി. രാമകൃഷ്ണയ്യർ ഇവരായിരുന്നു. എം. എ. പരീക്ഷയ്ക്കു പോയിരുന്നവരും മററും അക്കൊല്ലം വിജയം പ്രാപിച്ചില്ല. ലേഖകന് ഇതിനിടയ്ക്കു അന്നു ഡിസ്ത്രിക്ട് സ്കൂൾചാർജ്ജുകൂടി വഹിച്ചിരുന്ന മിസ്റ്റർ റാസിൻെറ ഒരു കത്തു കിട്ടി. മാവേലിക്കര കൊച്ചുതമ്പുരാക്കന്മാരെ പഠിപ്പിക്കുന്നതിനു തക്കതായ ഒരാളെ തിരഞ്ഞെടുക്കണമെന്നു് അന്നു രാജ്യം വാണിരുന്ന ആയില്യം തിരുനാൾ തിരുമനസ്സു് മിസ്റ്റർ റാസിന് ഒരെഴുത്തയച്ചതനുസരിച്ചാണു ലേഖകനു കത്തയച്ചതു്. ഈ ജോലി സ്വീകരിപ്പാൻ സൗകര്യമുണ്ടോ എന്നായിരുന്നു എഴുത്ത്. വീട്ടിലുള്ളവരുടേയും മററു ചിലരുടേയും അഭിപ്രായം ഇതു സ്വീകരിക്കുന്നതു യുക്തമല്ലെന്നായിരുന്നു. വേറെ നല്ല ഉദ്യോഗം കിട്ടുവാൻ വഴിയുള്ളപ്പോൾ ഇതിനു പോകുന്നതു മേൽഗതിക്കു ബാധകമാണെന്നായിരുന്നു ഇവരുടെ അഭിപ്രായം. എന്നാൽ ലേഖകന് ഉദ്യോഗഭ്രമം ഇല്ലാതിരുന്നതിനാലും അധ്യാപകവൃത്തിയിൽ അന്നും അല്പം അഭിരുചിയുണ്ടായിരുന്നതിനാലും അഭിപ്രായവ്യത്യാസം ഉണ്ടായി. ഈ സംഗതിയും ഗുരുവിങ്കൽനിന്നു വന്ന സന്ദേശത്തെ നിരാകരിക്കുന്നതു യുക്തമല്ലെന്നുള്ള ബോധവും മററുള്ളവരെ ധരിപ്പിച്ചപ്പോൾ അവരും ഇതിനെ സ്വീകരിക്കണമെന്നുതന്നെ അഭിപ്രായപ്പെട്ടു. അതനുസരിച്ചു മിസ്റ്റർ റാസിനു മറുപടിയും അയച്ചു. ത

ൻെറ ഈ നിശ്ചയം അസ്ഥാനത്തിലായില്ലെന്നു പിന്നീടു ലേഖകനും നല്ലപോലെ ബോധം വന്നു. അന്ന് ഈ ജോലി സ്വീകരിച്ചിരുന്നില്ലെങ്കിൽ ഇന്നുള്ള മനസ്സമാധാനത്തോടും, ആത്മവിശ്വാസത്തോടും സാമാന്യജനങ്ങളുടെ അസംതൃപ്തികൂടാതെയും ജീവിക്കുവാൻ സാധിക്കയില്ലായിരുന്നുവെന്നാണു ലേഖകൻ തെററായൊ ശരിയായൊ വിചാരിക്കുന്നതു്. കൂടെ ജയിച്ചവർ ഉന്നതസ്ഥാനങ്ങൾ പ്രാപിച്ചുകാണാൻ ഇടയായതും ലേഖകൻെറ മനസ്ഥിതിക്കു യോജിച്ച ഒരു സംഗതിയായിരുന്നു: ഒരു മുപ്പതു കൊല്ലത്തോളം അദ്ധ്യാപകവൃത്തിയിൽത്തന്നെ ഇരുന്നു കഴിച്ചുകൂട്ടി. അതിനിടയ്ക്കു പല അനിഷ്ടസംഭവങ്ങളും ഇച്ഛാഭംഗങ്ങളും മററു ചിലരുടെ വിക്രിയകളും ഉണ്ടായി എങ്കിലും തൻെറ ശാന്തമായ ചിത്തവൃത്തിയും ക്ഷമയും തനിക്കു് ഈ ഘട്ടങ്ങളിൽ അനല്പമായ ആശ്വാസം നൽകിയിരുന്നു.

മറുപടി അയച്ച് അധികം താമസിയാതെ തൻെറ സതീർത്ഥ്യനും സുസ്ഥിരമിത്രവുമായ ഭ്രാതാവിനോടൊരുമിച്ചു മിസ്റ്റർ റാസിനെ കാണ്മാനായി തിരുവനന്തപുരത്തേയ്ക്കു പോയി. അവിടെ ചെന്നു സായിപ്പിനെ കണ്ടു ഉടനേതന്നെ ഉത്തരവ് എഴുതിത്തരികയും, അതും അദ്ദേഹത്തിൻെറ വിലയേറിയ ഉപദേശങ്ങളും അനുഗ്രഹവും വാങ്ങി അവിടെനിന്നും തന്നെ മാവേലിക്കരെയ്ക്കു തിരിക്കയും ചെയ്തു. തിരിക്കുന്നതിനു മുമ്പ് ആയില്യം തിരുനാൾ തിരുമനസ്സിലെ മുഖം കാണിച്ചു കല്പിച്ചു പറഞ്ഞ ഒന്നുരണ്ടു വാക്കുകളും സുദൃഢമായി ധരിച്ചുംകൊണ്ടു മാവേലിക്കരെ കൊട്ടാരത്തിൽ ചെന്നുചേന്നു. മാവേലിക്കരെയും മററുമുള്ള കൊച്ചുതമ്പുരാക്കന്മാർക്കു പഠിക്കുന്നതിനായി ഒരു സ്പെഷ്യൽ സ്കൂൾ കുറച്ചു മുമ്പുതന്നെ സ്ഥാപിച്ചിരുന്നു. അന്നത്തെ അദ്ധ്യാപകൻ മിസ്റ്റർ കൃഷ്ണയ്യർ എന്നൊരാൾ ആയിരുന്നു. അദ്ദേഹത്തിനെ ശമ്പളക്കൂടുതലോടുകൂടി തക്കലക്കു മാററി. ആദ്യത്തെ അദ്ധ്യാപകൻ മിസ്റ്റർ നാഗമയ്യായുടെ സഹോദരൻ സുന്ദരയ്യർ ബി. എ ആയിരുന്നു. അദ്ദേഹം പിന്നീടു മദ്രാസിൽ ഒരു ഡിസ്ട്രിക്ട് രജിസ്ട്രാരായി വളരെക്കാലം ഉദ്യോഗം വഹിച്ചിരുന്നു. ഇടക്കാലത്തു തിരുവിതാംകൂറിൽ റസിഡൻറായിരുന്ന മിസ്റ്റർ ബാലാഡ് സായിപ്പിൻെറ ഉപദേശപ്രകാരമാണ് ഈ സ്കൂൾ സ്ഥാപിച്ചതെന്നു പറഞ്ഞുകേട്ടിട്ടുണ്ടു്. ഈ സ്കൂൾ ചില ഭേദഗതിയോടുകൂടി ഇന്നും നടക്കുന്നുണ്ടു്. ലേഖകൻ ൧൦൭൨-ാമാണ്ടു മിഥുനമാസം ൧-ാംനു- മിസ്റ്റർ കൃഷ്ണയ്യരിൽനിന്നും ചാർജ്ജു ജോലിയിൽ പ്രവേശിച്ചു.

# മങ്കമ്മാൾ.

(പി. കെ. നാരായണപിള്ള ബി. എ, ബി. എൽ, എം. എൽ. സി)

ഈ പ്രസംഗത്തിന്റെ പൂൎവ്വകഥാബന്ധമറിയുവാൻ താല്പൎയ്യമുള്ളവൎക്ക് "സാഹിത്യസ്ഫുരിതമായ വിജയനഗരചരിത്രം, തിരുവിതാംകൂർ ചരിത്രത്തിൽ അസ്ഫുടങ്ങളായ ചില തടങ്ങൾ." എന്ന ഉപന്യാസം (പ്രസംഗതരംഗിണി- തൃതീയഭാഗം; തൃതീയപ്രസംഗം) സാമാന്യജ്ഞാനത്തിനു മതിയാകുമെന്നു വിശ്വസിക്കുന്നു. വിജയനഗരസാമ്രാജ്യച്ഛായയിൽ തഞ്ചാവൂരിലും മധുരയിലും ഓരോ നായിക്കവംശത്തിനുണ്ടായ അഭ്യുത്ഥാനവും ടി സാമ്രാജ്യത്തിന്റെ അധോഗതി ക്രമത്തിനു പ്രതീപരീതിയിൽ നായിക്കന്മാൎക്കു സിദ്ധിച്ച പ്രാബല്യവും ആ പ്രസംഗത്തിൽ പരാമൎശിച്ചിട്ടുള്ളതിനും പുറമേ, മധുരാധിപതിയായിരുന്ന ചൊക്കനാഥനായിക്കൻ, തഞ്ചാവൂർ അധിപതിയായിരുന്ന വിജയരാഘവനായിക്കന്റെ പുത്രിയെ പാണിഗ്രഹണം ചെയ്വാനുണ്ടായ അഭിനിവേശത്തിനു ഭംഗവും തന്നിമിത്തം പ്രസ്തുത നായിക്കന്മാർ തമ്മിൽ യുദ്ധവും ഉണ്ടായി വിജയരാഘവന്റെ വീൎയ്യസ്വൎഗ്ഗഗമനവും അന്തഃപുരസ്ത്രീകളുടെ ആത്മഹത്യയുംകൊണ്ടു തഞ്ചാവൂർ നായിക്കവംശത്തിന്റെ കലാശവും അവിടെ പ്രതിപാദിച്ചിട്ടുള്ളതാകുന്നു.

ഇങ്ങനെ വിജയരാഘവപുത്രീവിഷയകമായിട്ടു ജ്വലിച്ച ജ്വരം തഞ്ചാവൂർ വംശവിച്ഛേദജന്യമായ വിജയലക്ഷ്മീപ്രാപ്തിയാൽ പരിഹരിച്ചു് "ചക്കിനുവെച്ചതു കൊക്കിനു പററി"യതായി കണ്ടു ചൊക്കനാഥൻ സമാധാനപ്പെട്ടു. സ്വപൂൎവ്വികന്മാരുടെ കാലത്തു മധുരാനഗരി അനുഭവിച്ചിരുന്ന രാജധാനീപദവി ചൊക്കനാഥൻ തൃശ്ശിനാപ്പള്ളിനഗരിക്കു സമൎപ്പിച്ചു. തഞ്ചാവൂർ നായിക്കവംശവിനാശം പ്രഥമദൃഷ്ടിക്കു പ്രതാപവിലാസമായി തോന്നുമെങ്കിലും യഥാൎത്ഥതയിൽ ചൊക്കനാഥന്റെ നിരന്തരപീഡയ്ക്കു മാൎഗ്ഗമായിത്തീൎന്നു. വടക്കുനിന്നു മഹമ്മദീയരുടെയും മഹാരാഷ്ട്രന്മാരുടെയും മൈസൂർരാജാവിന്റെയും ആക്രമങ്ങൾക്കു വിശാലമായ ഒരു കവാടം അതുനിമിത്തം അപാവൃതമായി ഭവിച്ചു. ഇതിനിടയിൽ പുതുക്കോട്ടസംസ്ഥാനം സ്ഥാപിതമായി. ശൂരനും പക്ഷേ സാഹസികനും അസ്ഥാനത്തിൽ ചണ്ഡനും എന്നാൽ വേണ്ടുന്നിടത്തു കുണ്ഠനും ആയി ചൊക്കനാഥൻ കഴിഞ്ഞുകൂടി. ചൊക്കനാഥന്റെ ചരമദശയിൽ മധുരാസംസ്ഥാനം ഏറിയകൂറും ശത്രുസൈന്യങ്ങളാൽ പൎയ്യാകുലീഭവിച്ചു തൃശ്ശിനാപ്പള്ളിയൊഴികെയുള്ള ഭാഗങ്ങൾ മിക്കവാറും കൈവിട്ടുമിരുന്നിരുന്നു. അനന്തരം ക്രി. വ. 1682 മുതൽ 1689 വരെ ചൊക്കനാഥന്റെ പുത്രൻ രംഗകൃഷ്ണമുത്തുവീരപ്പനായിക്കൻ രാജ്യഭാരം ചെയ്തിരുന്നു. രാജാവായി പതിനാറാം

വയസ്സിൽ അഭിഷിക്തനായ ഈ യുവാവു് ഊർജ്ജസ്വലനും വിശിഷ്ടഗുണസമ്പന്നനും ആയിരുന്നതിനുപുറമേ ദൈവാനുകൂല്യവുംകൂടി ഉല്ലസിച്ചുചേൎന്നതുകൊണ്ടു് അന്തഃക്ഷോഭങ്ങൾക്കു ക്ഷയവും ബഹിൎഭാഗത്തുനിന്നുള്ള അഭിസമ്പാതങ്ങൾക്കു ശമനവും സമ്പാദിച്ചു മധുരയെ വീണ്ടും യശസ്കരവും ശ്രേയസ്കരവുമായ പദവിയിൽ പ്രതിഷ്ഠാപിച്ചു. രംഗകൃഷ്ണന്റെ സഖ്യകാംക്ഷയോടുകൂടി അന്നത്തെ തിരുവിതാംകൂർ മഹാരാജാവു പന്ത്രണ്ടു് ആനകളും കുറേ കുതിരകളും ആഭരണാദി ദ്രവ്യങ്ങളും ആ നായിക്കനു കാഴ്ചയായിട്ടയച്ചുകൊടുത്തിട്ടുള്ളതായി കാണുന്നു. ഇതരരാജഭിന്നമായ ഒരു മഹാഗുണം രംഗകൃഷ്ണനുണ്ടായിരുന്നതു് ഏകപത്നീവ്രതമായിരുന്നു. അദ്ദേഹത്തിന്റെ അന്തഃപുരത്തിൽ മഹിഷിമാരുടെ പരസ്പരസ്പൎദ്ധകൾക്കും അവരോധസ്ത്രീകളുടെ കൂടതന്ത്രങ്ങൾക്കും തന്നിമിത്തം അവകാശമേ ഉണ്ടായിരുന്നില്ല. പരസ്പരാനുരാഗപാകമല്ലാതെ രംഗകൃഷ്ണനും കളത്രമായ മുത്തമ്മാളും അറിഞ്ഞിരുന്നില്ല. ഇങ്ങിനെയിരിക്കെ രംഗകൃഷ്ണനായിക്കനെ മസൂരി പിടിപെട്ടു പരലോകഗതിയുണ്ടായി. അദ്ദേഹത്തിന്റെ പ്രിയതമ ഉടൻതന്നെ അഗ്നിപ്രവേശം ചെയ്തു ഭൎത്തൃസായുജ്യത്തിനായി ഉദ്യമിക്കാനാരംഭിച്ചു. പക്ഷേ ഗൎഭിണിയായിരുന്ന ആ സ്ത്രീരത്നത്തിന്റെ ഉദ്യമത്തിൽ ഗൎഭസ്ഥശിശുകൂടി ഹോമിക്കപ്പെടുമായിരുന്നതുകൊണ്ടു പ്രസവശേഷം ചിതാപ്രവേശം വേണമെന്നുണ്ടെങ്കിൽ ആയിക്കൊള്ളുവാൻ ബന്ധുജനങ്ങൾ നിശ്ചയിച്ചു. മുത്തമ്മാൾ വിജയരംഗചൊക്കനാഥനെന്ന ശിശുവിനെ പ്രസവിച്ചു. പ്രസവം കഴിഞ്ഞു നാലുദിവസമായിട്ടും തനിക്കുവേണ്ടി ആരും അഗ്നികുണ്ഡം സജ്ജമാക്കിയിരുന്നില്ലെന്നു കണ്ടു മുത്തമ്മാൾ ശരീരനാശത്തിനു ശീതളമായ പനിനീർ എടുത്തു കുടിച്ചു ജ്വരബാധയാൽ കാലധൎമ്മം ഭജിച്ചു. പുത്രജന്മമഹോത്സവത്തിനു് ആ സതീശിരോമണിയെ ഭൎത്തൃസായുജ്യസരണിയിൽനിന്നു പിന്തിരിക്കുവാൻ വൈഭവമുണ്ടായില്ല.

അനന്തരം കേവലം ത്രൈമാസികൻ മാത്രമായിരുന്ന വിജയരംഗചൊക്കനാഥശിശു രാജാവെന്നു ഘോഷിതനായെങ്കിലും ചൊക്കനാഥനായിക്കന്റെ ഭാൎയ്യയും രംഗകൃഷ്ണനായിക്കന്റെ മാതാവുമായിരുന്ന മങ്കമ്മാൾ രാജപ്രതിനിധിയായി രാജ്യഭാരം കയ്യേററു. ഈ പ്രാതിനിധ്യം ഉദ്ദേശം 17 സംവത്സരകാലത്തോളം മങ്കമ്മാൾ വഹിച്ചിരുന്നു. മധുരാരാജ്യചരിത്രത്തിലെന്നുമാത്രമല്ല, രാജാധികാരിണികളായ സകല ഭാരതീയസ്ത്രീകളുടേയും പരമ്പരയിൽ മങ്കമ്മാളുടെ നാമധേയം സങ്കീൎത്തനീയവും തങ്കരേഖാങ്കിതവും ആയിരിക്കേണ്ടതാകുന്നു. മങ്കമ്മാളുടെ യശസ്സിനോടു കിടനില്ക്കുന്നതിനുവേണ്ട കീൎത്തി വിശ്വനാഥനായിക്കൻ, തിരുമലനായിക്കൻ എന്ന രണ്ടുപേൎക്കല്ലാതെ മററാൎക്കും മധുരാനായിക്കവംശത്തിൽ സമ്പാദിക്കുവാൻ സാധിച്ചിട്ടില്ല. തിരുമലനായിക്കന്റെ യശഃപ്രകാശം ശില്പിശാസ്ത്രപ്രയോഗത്തിന്റെ വൈചിത്ര്യങ്ങളേയും ആഡംബരങ്ങളേയും ആശ്രയിച്ചുനില്ക്കുന്നു;

മങ്കമ്മാളുടേതാകട്ടെ, രാജപാതകൾ, വാപികൾ, കൂപങ്ങൾ, വഴിയമ്പലങ്ങൾ ഇത്യാദി ജനസാമാന്യപ്രയോജനകരങ്ങളായ മരാമത്തുകളെ അവലംബിച്ചു വിളങ്ങുന്നു. അനന്യസാമാന്യമായ ആത്മേശപരതയും പ്രജാഹിതപ്രജാഗരൂകതയും വിവേകപരിപാകവും ഔദാൎയ്യമൎയ്യാദകളും മങ്കമ്മാളുടെ സഹജങ്ങളായ ഗുണങ്ങൾ പോലെ പ്രശോഭിച്ചു. പതിപ്പത്തുനാഴിക ദൂരത്തിൽ സത്രങ്ങളും അയ്യഞ്ചുനാഴിക അകലത്തിൽ കുളങ്ങളും ജലാശ്രയങ്ങളും ഓരോ നാഴിക അകലത്തിൽ കൂപങ്ങളും സംസ്ഥാനമൊട്ടുക്ക് അവർ നിൎമ്മിച്ചിട്ടുള്ളതായി ഒരു തെലുങ്കുഗ്രന്ഥകാരൻ പറയുന്നു. അവരുടെ ഔദാൎയ്യത്തെക്കുറിച്ച് ഒരു കെട്ടുകഥയുള്ളതും ഇവിടെ പ്രസ്താവയോഗ്യമാകുന്നു. അയൽരാജ്യമായ മൈസൂർ സംസ്ഥാനത്ത് മങ്കമ്മാളുടെ സമകാലികനായി വാണിരുന്നതു ചിക്കദേവരാജനായിരുന്നു. അദ്ദേഹം 1704-ലും മങ്കമ്മാൾ 1705-ലും ചരമഗതിയെ പ്രാപിച്ചു. ചിക്കദേവരാജൻ ധനാധീനബുദ്ധിയും കൃപണചൂഡാമണിയും ആയിരുന്നതുകൊണ്ട് മരണശേഷം അദ്ദേഹത്തിനു യമലോകവാസവും നരകപീഡയും അനുഭവിക്കേണ്ടിവന്നു. അങ്ങനെ കഴിഞ്ഞുകൂടുമ്പോൾ മൈസൂർരാജ്യത്തുനിന്ന് ഒരു വന്ന്യാനെ യമകിങ്കരന്മാർ നരകത്തിൽ ഹാജരാക്കി. നരകാധികാരി ടി. വന്ന്യാനെ നോക്കിയതിൽ കിങ്കരന്മാൎക്ക് ആളു തെററിപ്പോയെന്നും വന്ന്യാനെ തിരികേ കൊണ്ടുവിട്ടു ശരിയായവനെ പിടിച്ചുകൊണ്ടുവരണമെന്നും ആജ്ഞാപിച്ചു. ഇതെല്ലാം കണ്ടുകൊണ്ടു കിടന്ന ചിക്കദേവരാജൻ സ്വപ്രജയായ വന്ന്യാൻ തിരിച്ചുപോകുവാൻ ഭാവിച്ചപ്പോൾ, വന്ന്യാൻ മൈസൂരിൽ എത്തിയാലുടൻ നാടുവാണിരുന്ന രാജാവിനെ കണ്ടു്, ലുബ്ധും പിശുക്കും നിമിത്തം പിതാവായ താൻ അനുഭവിക്കുന്ന സങ്കടങ്ങൾ വിവരിച്ചു പറഞ്ഞുകേൾപ്പിക്കണമെന്നും കൊട്ടാരത്തിൽ താൻ കുഴിച്ചുവെച്ചിരുന്ന ദ്രവ്യങ്ങൾ എടുത്തു സൽക്കൎമ്മങ്ങൾക്കു ചെലവാക്കണമെന്നും മങ്കമ്മാളുടെ സ്വൎഗ്ഗലോകാഗമനത്തിനു തോരണങ്ങളും പാരിജാതമാലകളും കെട്ടി വിതാനിച്ചുവരുന്നു എന്നും മററും പറഞ്ഞയച്ചു. മങ്കമ്മാളുടെ ഔദാൎയ്യത്തെയും ചിക്കദേവരാജന്റെ കദൎയ്യതയേയും വിപൎയ്യസിച്ചുകാണിക്കുവാൻ ചമച്ച ഈ കെട്ടുകഥകൊണ്ടു മങ്കമ്മാളുടെ പ്രശംസ അവഗന്തവ്യമാകുന്നു. ആത്മമാനിയും മിക്കവാറും ചപലപ്രകൃതിയുമായിരുന്ന ചൊക്കനാഥന്റെ സഹധൎമ്മചാരിണിയിൽ ഇത്രമാത്രം ഉൾബണമായി സദ്ഗുണമുത്ഭവിച്ചതു കുറേ അത്ഭുതകരമാകുന്നു. ഒരുപക്ഷേ ഭൎത്താവിന്റെ അപനയങ്ങളുടെ പരിപാകവും പുത്രന്റെ നീതിരീതികളും രാജ്യഭരണവിഷയത്തിൽ മങ്കമ്മാൾക്കു അമൂല്യങ്ങളായ പാഠങ്ങൾ ആയിരുന്നിരിക്കാം. ഇപ്രകാരം ആഭ്യന്തരമായ ശ്രേയസ്സു സാധിക്കുന്നതിനു ശത്രുപീഡകൊണ്ടുള്ള അസ്വാസ്ഥതയില്ലാതിരുന്നില്ല. പടവെട്ടുന്നതിലും മങ്കമ്മാൾ പടുബുദ്ധിയായിരുന്നു. എന്നാൽ സാദ്ധ്യാസാദ്ധ്യവിചാരമില്ലാതെ അവർ യുദ്ധസന്നദ്ധത സ്വീകരിച്ചിരുന്നില്ല;

അടുത്തകാലംവരെ മധുരാദിദേശങ്ങളുടെ മേൽക്കോയ്മസ്ഥാനം ബീജപ്പൂർ സുൽത്താന്മാർക്കെന്നൊരു ഭാവനയുണ്ടായിരുന്നു. അറങ്സീബ് ചക്രവർത്തി ബീജപ്പൂർ സുൽത്താനെ കീഴടക്കിയതോടുകൂടി മധുരാരാജ്യത്തിന്റെ അധീശാധികാരം മുഗൾചക്രവർത്തിക്കാണെന്ന് ആ വികടൻ നിർബ്ബന്ധം തുടങ്ങി. അതനുസരിച്ച് 1693-ൽ ചക്രവർത്തിയുടെ സേനാനിയായ സുൽഫിക്കർ ഖാൻ മഹത്തായ ഒരു സേനയോടുകൂടി മങ്കമ്മാളുടെ നേർക്കു പുറപ്പെട്ടു. ഭയങ്കരനായ ഈ ശത്രുവിനെ ജയിക്കുന്ന കാര്യം ദുഷ്കരമായിരുന്നതിനാൽ വൈതസവൃത്തിയെ സ്വീകരിച്ചു കപ്പംകൊടുത്തു കലഹോദ്യമത്തെ മങ്കമ്മാൾ കലാശിപ്പിച്ചു. മഹാരാഷ്ട്രസംസ്ഥാനമായിരുന്ന തഞ്ചാവൂരും മൈസൂരും മുമ്പുതന്നെ അറങ്സീബിന്റെ അധിരാജതയെ അംഗീകരിച്ചിരുന്ന സംഗതി ഇവിടെ സ്മരണീയമാകുന്നു. അതുകൊണ്ടു മങ്കമ്മാളുടെ സന്ധിവ്യവസ്ഥ മംഗളമായി എന്നു ഗണിക്കേണ്ടിയിരിക്കുന്നു. മുഗൾസൈന്യം പിൻവലിഞ്ഞതിനുശേഷം മൈസൂർരാജാവ് മങ്കമ്മാളുടെ സ്ഥാനീയമായ തൃശ്ശിനാപ്പള്ളിയെ ആക്രമിച്ചു. അന്നത്തെ മൈസൂർ രാജാവു നരകത്തിൽനിന്നു സന്ദേശമയച്ചതായി മുമ്പു പറഞ്ഞ ചിക്കദേവരാജനായിരുന്നു. ആയുസ്സമാപ്തിക്കുശേഷം കൃപണതകൊണ്ട് എന്തെല്ലാമനത്ഥങ്ങൾ പിണഞ്ഞിരുന്നാലും ജീവിച്ചിരുന്നപ്പോൾ അദ്ദേഹം കുശാഗ്രീയമായ ബുദ്ധികൌശലത്തിലും തന്ത്രപ്രയോഗത്തിലും അസാമാന്യനായിരുന്നു. അതുകൊണ്ടു മുഗൾചക്രവർത്തി, മഹാരാഷ്ട്രന്മാരോടു പിടിച്ചടക്കിയ ബംഗളൂരും പരിസരപ്രദേശങ്ങളും മൂന്നുലക്ഷം രൂപാ കൊടുത്തു ചിക്കദേവൻ വിലയ്ക്കു വാങ്ങി. പിതൃക്കന്മാരുടെ ആചാര്യവര്യനായിരുന്ന ഈ മഹാൻ മൂന്നു ലക്ഷം രൂപാ ചിലവുചെയ്യാമെന്നുവെച്ച മനോവേദനയ്ക്കു പരിഹാരമായി അസാധാരണലാഭങ്ങൾ പ്രതീക്ഷിച്ചിരിക്കണമെന്നു നിശ്ചയമാണല്ലോ. അദ്ദേഹത്തിന്റെ അനന്തരപ്രയോഗങ്ങൾ ആ മനസ്ഥിതിയെ വിശദീകരിക്കുന്നു. ബംഗളൂർ പ്രദേശം ധനംകൊണ്ടും മുഗൾചക്രവർത്തിയുടെ ആനുകൂല്യനയംകൊണ്ടും സ്വാധീനമായശേഷം മുഗൾ പരാക്രമസരണികൾക്കു വിദൂരമായ വഴികളിൽകൂടി സ്വരാജ്യവിസ്തൃതിക്കു ചിക്കദേവരായൻ പ്രയത്നം തുടങ്ങി. ആ കൂട്ടത്തിൽ മങ്കമ്മാളുടെ സംസ്ഥാനഭാഗങ്ങളായിരുന്ന സേലം, കോയമ്പത്തൂർ ഈ പ്രദേശങ്ങളെ അദ്ദേഹമാക്രമിച്ചു വശപ്പെടുത്തി. അദ്ദേഹത്തിന്റെ സേനാനിയായ ദളവാ കുമാരരായൻ മങ്കമ്മാളുടെ തലസ്ഥാനനഗരിയായിരുന്ന തൃശ്ശിനാപ്പള്ളിയെപ്പോലും നിരോധിക്കാതിരുന്നില്ല. തൃശ്ശിനാപ്പള്ളി പിടിക്കാതെ മടങ്ങുന്നതല്ലെന്നു സംശപ്തകവ്രതം കൈക്കൊണ്ടു നിരോധം നടത്തിയ മാധവരായന്റെ ഉത്സാഹംപോലെതന്നെ വിജയം വികസിച്ചില്ല. മൈസൂർ രാജ്യത്തിന്റെ ഉത്തരഭാഗങ്ങളിലേയ്ക്കു മഹാരാഷ്ട്രന്മാരുടെ പ്രസരണം നിമിത്തം മാധവരായന്റെ സൈന്യത്തിൽ ഏറിയകൂറും നിരോധസ്ഥാനത്തിൽനിന്നും

പിൻവലിക്കേണ്ടിവന്നു. ഈ വിഷമതയെ ലാക്കാക്കി മങ്കമ്മാളുടെ സേനാപതി നരസപ്പയ്യ. മാധവരായരെ ഞെരുക്കി ബഹിഷ്കരിക്കയും വിട്ടുപോയ രാജ്യഭാഗങ്ങൾ വീണ്ടെടുക്കയും ചെയ്തു. ഇങ്ങിനെ മങ്കമ്മാളുടെ രാജ്യലോപംകൊണ്ടു സ്വരാജ്യവൃദ്ധിക്കു ചിക്കദേവരാജനുണ്ടായ ലോഭം വിഫലമായിത്തീൎന്നു.

(തുടരും)

—❦—

# ടി. ടി. സി. സാഹ്യങ്ങൾ.

(ഞങ്ങൾ)

---

## പ്രാഥമികഭൂമിശാസ്ത്രപാഠങ്ങൾ.

(1) ഉപരിതലത്തിന്റെ നിരപ്പില്ലായ്മ, (2) ഭൂമിശാസ്ത്രസംജ്ഞകൾ, (3) നദികളുടെ ഉത്ഭവം, (4) നദികളുടെ പോഷണം, (5) കൈവഴിയും ത്രികോണസ്ഥലങ്ങളും, (6) നദികളുടെ പ്രവൃത്തിയാൽ ഉപരിതലത്തിനുണ്ടാവുന്ന മാററം ഇത്യാദികളാണു പ്രാഥമികഭൂമിശാസ്ത്രപാഠങ്ങൾ. കൊച്ചുകുട്ടികളെ ഇവ മനസ്സിലാക്കുന്നതിനു പരിതപ്രദേശസമീക്ഷണമാണു ലഘുവായ മാൎഗ്ഗം. മേൽപ്പറഞ്ഞ പ്രാഥമികപാഠങ്ങൾ രണ്ടാംക്ലാസിൽ പഠിപ്പിക്കേണ്ടവയാണ്. ഭൂമിശാസ്ത്രാഭ്യസനത്തിന്റെ പ്രാരംഭക്ലാസ്സും ഇതു തന്നെ. ഇവ പാഠശാലയ്ക്കകത്തുവച്ചു പഠിപ്പിക്കുന്നതു ശ്രമകരവും ഫലശൂന്യവുമാകുന്നു. ലീലാലോലുപരായ ബാലവിദ്യാൎത്ഥികളുമായി അദ്ധ്യാപകൻ സ്കൂൾപുരയിടത്തിൽ ഇറങ്ങി അതിന്റെ നിരപ്പില്ലായ്മനോക്കി ഗ്രഹിക്കാൻ വഴി കാണിച്ചുകൊടുക്കണം. അതിൽനിന്ന് ഗൃഹവളപ്പുകളുടേയും ഗൃഹത്തിലേയ്ക്കുള്ള വഴിയുടേയും ഇരുപാൎശ്വങ്ങളുടേയും തറ, മേശപ്പുറം പോലെ നിരപ്പായതല്ലെന്നു കുട്ടികൾ ഗ്രഹിച്ചുകൊള്ളും. ഇത്രയുമായാൽ ഭൂപൃഷ്ഠം പൊതുവിൽ നിരപ്പില്ലാത്തതാണെന്നു പഠിപ്പിക്കുക സുകരമാകുന്നു. പള്ളിക്കൂടം തുറന്നിരിക്കുന്ന ഏതുകാലത്തും ഈ പാഠം നടത്തുന്നതു സൌകൎയ്യമായിരിക്കും. എന്നാൽ വെയിലാറിയശേഷമാകുന്നതു് അധികം ആനന്ദപ്രദമാണ്.

കുന്നും മലയും പഠിക്കുന്നതിനു സമുദ്രതീരവാസികളായവൎക്കും ദ്വീപ്, ഉപദ്വീപു മുതലായവ ഗ്രഹിക്കുന്നതിനു മലംപ്രദേശവാസികൾക്കും അധികം പ്രയാസമുണ്ടായിരിക്കും. പാഠശാലാസമീപങ്ങളിൽനിന്നു ലഭിക്കാവുന്ന സൌകൎയ്യങ്ങളെ ഇതിലേക്കുപയോഗിച്ചുകൊള്ളണം. സമനിരപ്പിൽനിന്നു സാമാന്യം ഉയൎന്ന തറകളെ കുന്നിനും സൎപ്പക്കാവുകളേയും മററും മലയ്ക്കും മാതൃകയായി കാണിക്കാം. നദികളിൽ കാണുന്ന മണൽതിട്ടുകളെ അഥവാ തുരുത്തുകളെ ദ്വീപിനു മാതൃകയാക്കാം. ഉപദ്വീപുകളെ, ജലാ

ശയങ്ങളിലേക്കുന്തി നില്ക്കുന്ന കരകളെ കാണിച്ചും പഠിപ്പിക്കാം. ഉപദ്വീപുകളുടെ അററത്തുള്ള മുനയെ മുനമ്പായി സങ്കല്പിച്ചും സമീക്ഷിപ്പിക്കാം. കുളങ്ങളെ കാണിച്ച് കായലിൻെറ ബോധമുണ്ടാക്കാം. മഴക്കാലത്തു റോഡുകളിലുള്ള ഓടകളിലും ചാലുകളിലുംകൂടി വെള്ളം ഒഴുകുന്നതിനെക്കാണിച്ചു നദിയുടെ സ്വരൂപവും സാമാന്യമായി പഠിപ്പിക്കാവുന്നതാണ്.

നദികളുടെ ഉത്ഭവം, പോഷണം, ഉപനദി, കൈവഴി, ത്രികോണസ്ഥലം മുതലായവ മനസ്സിലാക്കുന്നതിനു മഴ പെയ്തുതീന്ന ഉടനെ വിദ്യാർത്ഥികളോടുകൂടി അദ്ധ്യാപകൻ പുറത്തിറങ്ങുക ആവശ്യമാകുന്നു. ഇവ വർഷകാലപാഠങ്ങളായി കുറിച്ചു സ്കീം ചമക്കുന്നതു നന്നായിരിക്കും. ചെറിയ ഒലിപ്പുകൾ മന്ദമന്ദമായി ഒലിച്ചുചേൎന്നു വലിയ ഒലിപ്പുകളാവുന്നതും, ഒഴുക്കിനു ശക്തി വൎദ്ധിക്കുന്നതും അവയുടെ സംഗമത്തിൽ പ്രവാഹത്തിൻെറ വലിപ്പവും ശക്തിയും വൎദ്ധിക്കുന്നതും സമീക്ഷിപ്പിച്ചു ഗ്രഹിപ്പിക്കണം. മഴവെള്ളം ഒലിച്ചിറങ്ങുമ്പോൾ മാൎദ്ദവം കൂടുതലുള്ള തറകളിൽ കുഴികൾ ഉണ്ടാവുന്നതു നോക്കിക്കാൺമാൻ പ്രേരിപ്പിക്കണം. ഇതുകൊണ്ടു് ആററിൽ കയങ്ങൾ ഉണ്ടാവുന്നതിൻെറ കാരണം അനുമിപ്പിക്കാം. പ്രവാഹം പിരിഞ്ഞു പായുന്നതിൻെറ സ്വഭാവം കണ്ടാൽ കൈവഴികൾ എന്നാൽ എന്തെന്നു ഗ്രഹിച്ചുകൊള്ളും. ത്രികോണപ്രദേശത്തിൻെറ സ്വരൂപവും ഇതിൽനിന്നു ഗ്രാഹ്യമാണ്. വൎഷജലം ഉരച്ച് ഒഴുകിക്കൊണ്ടുപോവുന്ന മണ്ണു ചില പ്രത്യേകസ്ഥാനങ്ങളിൽ കൂടുന്നതിൻെറ സ്വഭാവം ഗ്രഹിപ്പിച്ച് ഉപരിതലത്തിനു വരാവുന്ന ഭേദഗതികളുടെ സാമാന്യസ്ഥിതിയും പഠിപ്പിക്കാവുന്നതാണ്. ഇങ്ങനെ പ്രാഥമികപാഠങ്ങളുടെ സ്വരൂപജ്ഞാനം ഏതാണ്ടുണ്ടായിക്കഴിഞ്ഞാൽ മാതൃകയുണ്ടാക്കിക്കാണിച്ച് ആവൎത്തനംകൊണ്ടുറപ്പിക്കുന്നതു് ഉപയോഗപ്രദമായിരിക്കും. അല്ലാതെ ഭൂമിശാസ്ത്രസംജ്ഞകളും മററും വിവരണംകൊണ്ടു പഠിപ്പിക്കുന്ന സമ്പ്രദായം ബാലബുദ്ധിയെ മന്ദിപ്പിച്ച് അവരെ നിരുത്സാഹികളാക്കിത്തീക്കുന്നതാണെന്നുള്ള വസ്തുത 'ഗുരുനാഥ'ന്മാരുടെ ചിന്തക്കു വിഷയമാക്കേണ്ടതാകുന്നു.

### പ്രാകൃതികദേശവിഭാഗത്തെ പ്രധാനമാക്കി ഭൂമിശാസ്ത്രം പഠിപ്പിക്കുന്നതിൻെറ ഗുണങ്ങൾ.

നാം അധിവസിക്കുന്ന ഭൂമിക്കു പ്രകൃതിവിഭാഗങ്ങൾ എന്നും, രാജകീയവിഭാഗങ്ങൾ എന്നും രണ്ടു തരത്തിലുള്ള വിഭജനമുണ്ടല്ലോ. പ്രാകൃതികവിഭാഗങ്ങൾ ശാശ്വതങ്ങളും മറേറവ അനിശ്ചിതങ്ങളുമാകുന്നു. സിന്ധുഗംഗാസമതലം ചരിത്രകാലങ്ങളിലെല്ലാം ഒരേ വിസ്താരത്തോടും സ്വഭാവത്തോടും കാലാവസ്ഥയോടുംകൂടി സ്ഥിതിചെയ്തിരുന്നതായിക്കാണുന്നു. എന്നാൽ ഈ വിസ്തൃതമായ ഭൂവിഭാഗം കാലാന്തരേണ വിവിധഭരണവിഭാഗങ്ങളായി രൂപീകൃതമായിരുന്നതായും ചരിത്രം നമ്മെ പഠിപ്പിക്കുന്നു;

മൌൎയ്യന്മാരുടേയും ഗുപ്തന്മാരുടേയും ആസ്ഥാനം പ്രസ്തുതസമതലത്തിലായിരുന്നെങ്കിലും അതിരും രൂപവും വ്യത്യസ്തമായിട്ടാണല്ലൊ ഇരുന്നതു്. 1805-ലെ ബ്രിട്ടീഷ് ഇൻഡ്യയുടെ രൂപവും വിസ്താരവുമല്ല 1857-ൽ. അധുനാതനകാലത്തെ ബ്രിട്ടീഷ് ഇൻഡ്യ അതിലും വളരെ ഭേദപ്പെട്ടതാകുന്നു. മനുഷ്യകൃതമായ ഭരണവിഭാഗം ഭരണനിയന്ത്രണകേന്ദ്രശക്തിയെ അനുസരിച്ചു രൂപം മാറിക്കൊണ്ടേയിരിക്കുമെന്നതു പ്രത്യേകം സ്മരണീയമാണു്. സാമുദായാഭിവൃദ്ധിയെ സഹായിക്കുന്നതു ഭൂപ്രകൃതിയാകയാലും പ്രാകൃതികമായ അതിൎത്തികൾക്കു മാററം വരാത്തതുകൊണ്ടും പ്രാകൃതികദേശവിഭാഗങ്ങൾക്കു രാജകീയവിഭാഗങ്ങളെക്കാൾ മഹത്വമധികമുണ്ടു്.

ഉത്തരഇൻഡ്യയിലെ പുരാതനസാമ്രാജ്യങ്ങൾ സിന്ധുഗംഗാസമതലപ്രദേശത്തെ ആശ്രയിച്ചുണ്ടാകുന്നതിനു കാരണമെന്തു്? ഹിമാലയപ്രദേശങ്ങളിൽ സാമ്രാജ്യാധിപന്മാരുടെ ആസ്ഥാനമായി വരാഞ്ഞതെന്തുകൊണ്ടു്? ഉത്തരഭാരതത്തിലെ പ്രധാനനഗരങ്ങൾ ഗംഗാനദീതീരസ്ഥമായി വരുവാൻ കാരണമെന്തു്? രാജപുറാണായിൽ ബംഗാളിലെപ്പോലെ ജനങ്ങൾ തിങ്ങി കുടിപാൎക്കാത്തതെന്തുകൊണ്ടു്? ഇത്യാദിയായ ചോദ്യങ്ങൾക്കുത്തരം പറയാൻ ശ്രമിക്കുന്നവർ പ്രാകൃതികദേശവിഭാഗങ്ങളെ പ്രധാനമാക്കി ഭൂമിശാസ്ത്രം പഠിക്കാതെ നിവൃത്തിയില്ല.

ഭൂപ്രകൃതി അനുസരിച്ചു കാലാവസ്ഥയും ഇവ രണ്ടിനെ ആശ്രയിച്ചു വിളവുകളും ഇരിക്കുന്നു. ജലസൌകൎയ്യമുള്ള സമതലപ്രദേശങ്ങൾ ഫലപുഷ്ടിയോടുകൂടിയവയാകയാൽ അങ്ങിനെയുള്ള പ്രദേശങ്ങളിൽ ലഘുപ്രയത്നംകൊണ്ടുപജീവിക്കാൻ കഴിവുള്ളതുകൊണ്ടു സുഖേച്ഛുക്കളായ ജനങ്ങൾ എത്തിക്കൂടുന്നു. ഗമനാഗമനസൌകൎയ്യം പ്രകൃത്യാ ഉള്ളതോ ഉണ്ടാക്കാൻ എളുപ്പമുള്ളതോ ആയ പ്രസ്തുതപ്രദേശങ്ങളിൽ കച്ചവടം വൎദ്ധിച്ചുവരും. അസംസ്കൃതപദാൎത്ഥങ്ങളുടെ സൌലഭ്യത്താലും ക്രയവിക്രയത്തിനുള്ള സൌകൎയ്യം നിമിത്തവും ലാഭേച്ഛുക്കളായ ജനങ്ങൾ കൈത്തൊഴിൽകൊണ്ടു കൂടുതൽ സമ്പാദ്യമുണ്ടാക്കുവാൻ ശ്രമിക്കാതിരിക്കയുമില്ല. യന്ത്രനിൎമ്മാണത്തിനു് ആവശ്യമായ ഇരിമ്പും കൽക്കരിയും പ്രയാസംകൂടാതെ ലഭിക്കുന്ന പ്രദേശങ്ങൾ തൊഴിൽശാലകളുടെ ആസ്ഥാനങ്ങളായും തീരുന്നു. വ്യവസായസങ്കേതങ്ങളിൽ ജനവാസം കൂടിവരുന്നതിന്റെ തോതുപ്രകാരം ഭരണനിയന്ത്രണഏൎപ്പാടുകളും ഉണ്ടായിക്കൊണ്ടിരിക്കും. നഗരങ്ങൾ ഉത്ഭവിച്ചു് അഭിവൃദ്ധിപ്പെടുന്നതിങ്ങനെയാണു്. ഒരു പ്രദേശത്തിന്റെ മഹത്വനിദാനം അവിടത്തെ ഭൂപ്രകൃതിയാകുന്നു.

കാലാവസ്ഥ, വിളവുകൾ, ജനങ്ങളുടെ ജീവിതസമ്പ്രദായം ഇവയ്ക്കു സാമാന്യം തുല്യതയുള്ള പ്രദേശങ്ങളെ ഒരേവിധം പ്രകൃതിവിഭാഗത്തിൽ പെട്ടതായി വിചാരിക്കാം. വെസ്റ്റിൻഡ്യാ ദ്വീപുകളും ഈസ്റ്റ് ഇൻഡ്യൻ ദ്വീപുകളും ഒരു ദിക്കിൽ പകലായിരിക്കുമ്പോൾ ഇതരദിക്കിൽ രാത്രിയാ

യിരിക്കത്തക്കവിധം അത്ര അകലത്തിലാണു സ്ഥിതിചെയ്യുന്നതെന്നിരുന്നാലും കാലാവസ്ഥയുടെ യോജിപ്പുകൊണ്ടും മററും ഒരേ പ്രാകൃതികദേശവിഭാഗമായിട്ടാണു ഗണിച്ചിട്ടുള്ളതു്.

ഭൂമിയുടെ നിമ്നോന്നതസ്ഥിതി, പർവ്വതങ്ങളുടെ കിടപ്പു്, മദ്ധ്യരേഖയോടുള്ള സാമീപ്യം, അടിക്കുന്ന കാററിൻെറ സ്വഭാവം, ഗതി, മുതലായവകളെ അടിസ്ഥാനമാക്കിയാണു പ്രകൃതിവിഭാഗനിർണ്ണയം ചെയ്യുന്നതു്. ഒരു രാജ്യത്തിൻെറ ഭൂമിശാസ്ത്രം പഠിക്കുന്നതുകൊണ്ടുള്ള പ്രയോജനം, ആ രാജ്യം മനുഷ്യർക്കു് എത്രമാത്രം ഉപയോഗപ്പെടുന്നു; അഥവാ എത്രത്തോളം ഉപയുക്തമാക്കിത്തീർക്കാം എന്നു മനസ്സിലാക്കുകയാകുന്നു. ഈ അറിവുണ്ടാകുന്നതിനു് ഉപരിതലത്തിൻെറ പൊക്കത്താഴ്ചയേയും ചരിവിനേയും മനസ്സിലാക്കാതെ തരമില്ല. തറയുടെ സ്വഭാവം മഴയെ ആധാരമാക്കിയും നദികളെ അടിസ്ഥാനമാക്കിയും പഠിപ്പിക്കാവുന്നതാണു്. ജലാർദ്രമായ സമതലപ്രദേശങ്ങൾ ഫലപുഷ്ടിനിമിത്തം ജനങ്ങളെ ആകർഷിക്കുന്നതുമായിരിക്കും.

പ്രാകൃതികദേശവിഭാഗത്തെ പ്രധാനമാക്കിയുള്ള ഭൂമിശാസ്ത്രപഠനം കാരണകാർയ്യന്യായേനയുള്ള അനുമാനമാകുന്നു. ഈ മാതിരി അഭ്യാസംകൊണ്ടാണു നാം അധിവസിക്കുന്ന ഭൂമിയുടെ ഔപയോഗിത്വം മനസ്സിലാകുന്നതു്. ഒരു ഭൂഖണ്ഡത്തിൻെറ ഭൂമിശാസ്ത്രം ഇപ്രകാരം പഠിച്ചാൽ ഇതരഭൂഖണ്ഡങ്ങളുടെ ഭൂമിശാസ്ത്രപഠനത്തിനു വളരെ ലാഘവമുണ്ടാകുന്നു. ഭൂമിശാസ്ത്രപഠനം രസകരമാവുന്നില്ലെന്നുള്ള പരാതിക്കും വഴിയുണ്ടാകയില്ല. കുട്ടികളിൽ ആലോചനാശക്തിയെ ഉണർത്തി ഔൽസുക്യം വർദ്ധിപ്പിക്കുന്നതിനും ഈ സമ്പ്രദായം വളരെ നല്ലതാകുന്നു. വെറും പേരുകളും മററും ഉരുവിടീച്ചു തീരാഭാരം തലയിൽ കയററി ബുദ്ധിമുട്ടിക്കാതെ ശാശ്വതധാരണയിൽ നിലനില്ക്കുന്ന ഭൂമിശാസ്ത്രജ്ഞാനം ഉണ്ടാക്കണമെങ്കിൽ പ്രാകൃതികദേശവിഭാഗങ്ങളെ പ്രധാനമാക്കിത്തന്നെ ഭൂമിശാസ്ത്രവിഷയം പഠിപ്പിക്കേണ്ടതാണു്.

# സാഹിത്യാഭിരുചി.

(വിദ്വാൻ സി. എസ്സ്. നായർ)

(തുടർച്ച)

സാധാരണ സംഭവിക്കുന്നതെല്ലാം 'യാഥാർത്ഥ്യ' (Realism)ത്തിൻെറ പരിധിയിൽ ഉൾപ്പെടുന്നു. സംഭവിക്കേണ്ട വിധത്തിൽ സംഭവിക്കാവുന്നതു് ആദർശത്തിൻെറ പരിധി(Ihealism)യിലും അന്തർഭവിക്കുന്നു. ആദ്യത്തേതു ചരിത്രത്തിനും, രണ്ടാമത്തേതു കവിതയ്ക്കും വിഷയങ്ങളായിത്തീരുന്നു.

അതിനാൽ അരിസ്റ്റോട്ടിൽ പറയുംപോലെ, കവിതയ്ക്കു, കലാവിദ്യ എന്ന നിലയിൽ ആവശ്യമായിട്ടുള്ളതു്, "അസംഭാവ്യമാണെങ്കിലും അസാധ്യമല്ലാതെയുള്ള സംഗതിയല്ല. സംഭാവ്യമായ അസംഭാവ്യത(Ideal probability)യാണെന്നു പറയാം. 'സംഭാവ്യമായ അസംഭാവ്യത അല്ലെങ്കിൽ, ആദർശഭൂതമായ സംഭാവ്യത' എന്നു പറയുന്നതെന്താണു്? സംഭാവ്യമായ അസംഭാവ്യത എന്നുവെച്ചാൽ, സാധാരണ സംഭവിക്കുന്നതെങ്ങിനെയോ അങ്ങിനെയല്ലാതെ, സംഭവിക്കേണ്ടവിധത്തിൽ സംഭവിക്കുന്ന അവസ്ഥയാകുന്നു. ചുരുക്കിപ്പറയുന്നപക്ഷം, കവിതാദികളായ കലാവിദ്യകൾ ഒന്നു് എങ്ങിനെയിരിക്കുന്നുവോ അങ്ങിനേതന്നേ അതിനെ പകർത്തിക്കാണിക്കുകയല്ല. ഒന്നെങ്ങിനെയാണിരിക്കേണ്ടതു് എന്നുവെച്ചാൽ അങ്ങിനെ അതിനെ പ്രകാശിപ്പിക്കുകയാണു ചെയ്യുന്നതു്. കേവലമായ 'റിയലിസ'(ഒന്നെങ്ങിനെയാണിരിക്കുന്നതെന്നുള്ളതു്)വുമല്ല, കേവലമായ 'ഐഡിയലിസ'(ഒന്നെങ്ങിനെയാണ് ആയിരിക്കേണ്ടതെന്നുള്ളതു്)വുമല്ല കവിത മുതലായ കലകൾ കാണിക്കുന്നതു്. ആദർശപരിധിയിൽ എത്തുന്ന യാഥാർത്ഥ്യം (Idealised Realism) അല്ലെങ്കിൽ യാഥാർത്ഥ്യത്തെ അതിലംഘിക്കാത്ത ആദർശം (Realised Idealism) ആണു് അവ വെളിപ്പെടുത്തുന്നതു്. പാശ്ചാത്യസാഹിത്യം ആദ്യപക്ഷത്തിനും, പൌരസ്ത്യസാഹിത്യം അനന്തരപക്ഷത്തിനും ഉദാഹരണങ്ങളാണു്. കവി, ജീവിതത്തിൽനിന്നും ലോകത്തിൽനിന്നും തനിക്കുണ്ടാകുന്ന അനുഭവത്തെ ഭാവനാശക്തികൊണ്ടു രൂപപ്പെടുത്തി, സാധാരണീകരിച്ചുകാണിക്കുമ്പോൾ കവിതയിൽ ആദർശധർമ്മം സ്ഫുരിക്കുവാനിടയാകുന്നു. അതുകൊണ്ടു് കവിത തത്വശാസ്ത്രത്തോടു സംബന്ധപ്പെട്ടിരിക്കുന്നുണ്ടെന്നാണു് അരിസ്റ്റോട്ടിൽ അഭിപ്രായപ്പെടുന്നതു്. 'ക്രാന്തദർശനം' അല്ലെങ്കിൽ, സാധാരണ ജനങ്ങളുടെ മാംസചക്ഷുസ്സുകൾക്കു് കാണ്മാൻ കഴിയാത്ത ഭാവങ്ങളുടെ ദർശനം എന്ന സംഗതിയിൽ കവികളും തത്വദർശികളും ഏറെക്കുറെ സമാനന്മാരാണെന്നുതന്നേ പറയാം. കവികൾ പ്രാപഞ്ചികങ്ങളായ ഭാവങ്ങളിൽ രമണീയങ്ങളായ വൈചിത്ര്യങ്ങളേ കണ്ടുപിടിക്കുന്നു; തത്വജ്ഞാനികൾ ആവക വൈചിത്ര്യങ്ങളിൽ അനുസ്യൂതമായിരിക്കുന്ന സാമാന്യഭാവത്തെ സാക്ഷാൽകരിക്കുന്നു. വ്യാവഹാരികങ്ങളായ വികല്പങ്ങളേ ആശ്രയിച്ചു, ബുദ്ധികൊണ്ടും പദാർത്ഥങ്ങളുടെ അന്തർഭാഗത്തു പ്രവേശിക്കുന്നതിൽ അഭ്യാസം സിദ്ധിച്ച അഭിജ്ഞന്മാരായ കവികളുടെ ഭാവന പ്രാകൃതനിയമങ്ങളെ അതിലംഘിച്ചു, പ്രാപഞ്ചികഭാവങ്ങളിൽ ആസ്വാദജനകങ്ങളായ വൈചിത്ര്യങ്ങളെ സൃഷ്ടിക്കുന്നു. ക്രാന്തദർശികളായ തത്വജ്ഞാനികളുടെ ലോകാതിവർത്തിയായ ഭാവന പദാർത്ഥങ്ങളുടെ അധിഷ്ഠാനകേന്ദ്രത്തിന്നഭിമുഖമായ് വ്യാപരിച്ചു്, അവയുടെ സാമാന്യതത്വം അല്ലെങ്കിൽ, നാനാത്വത്തിലുള്ള ഏകത്വം ഗ്രഹിക്കുന്നു. കവിതയും തത്വശാസ്ത്രവും സത്യപ്രകാശനത്തിനായുള്ള സംരംഭത്തിൽ സമാനയോഗക്ഷേ

മങ്ങളാണ്. എന്നാൽ, കവിത അന്വേഷിക്കുന്ന സത്യവും, തത്വശാസ്ത്രം ആരായുന്ന സത്യവും ഒന്നല്ല; അവ സത്യത്തെ പ്രകാശിപ്പിക്കുന്ന സമ്പ്രദായവും ഒന്നല്ല. തത്വശാസ്ത്രം വസ്തുതത്വങ്ങളെ വെളിപ്പെടുത്തുമ്പോൾ, കവിത ആശയതത്വങ്ങളെ ആവിഷ്കരണം ചെയ്യുന്നു. തത്വശാസ്ത്രം, 'അപഗ്രഥന'മാർഗ്ഗ(Analysis)ത്തിൽക്കൂടെ പോയിട്ടാണു തത്വദർശനം ചെയ്യുന്നതു്. കവിതയാകട്ടെ 'അനുകരണ'രീതിയെ അവലംബിച്ചു സത്യദർശനം ചെയ്യുന്നു. തത്വവിദ്യ, ബുദ്ധിയെ തൃപ്തിപ്പെടുത്തത്തക്കവണ്ണം പ്രാപഞ്ചികങ്ങളായ പ്രതിഭാസ(Phenomena)ങ്ങളുടെ കാരണങ്ങളെ ഗവേഷണം ചെയ്യുമ്പോൾ കവിത മനസ്സിനെ ആനന്ദിപ്പിക്കത്തക്കവിധം പ്രാപഞ്ചികവസ്തുക്കളുടെ സുന്ദരങ്ങളായ രൂപങ്ങളെ സൃഷ്ടിക്കുന്നു. എന്നാൽ ഏതൊരു സാഹിത്യവും വളർച്ചയിൽ എത്തുമ്പോൾ അതിലെ കവിത കുറേയൊന്നു തത്വവിദ്യാഭിമുഖമായിത്തീരുന്നതാണ്. സമുദായം ബുദ്ധിശക്തിയിലും വിചാരശീലത്തിലും വളർച്ചയെ പ്രാപിക്കുമ്പോഴാണു സാഹിത്യത്തിന്റെ ഗതി ഇങ്ങിനെ തത്വവിദ്യയിലേയ്ക്കു ചാഞ്ഞുംകൊണ്ടുള്ള നിലയിലായിത്തീരുന്നതെന്നു കാണാം. ഇതുകൊണ്ടു്, തത്വശാസ്ത്രത്തിന്റെയും കവിതയുടേയും സമ്പ്രദായങ്ങൾ ഒന്നായിത്തീരുന്നുണ്ടെന്ന് അർത്ഥമാകുന്നില്ല. തത്വശാസ്ത്രത്തിനു വസ്തുസ്ഥിതി(Fact)യിൽക്കൂടെ മാത്രമേ സത്യ(Truth)ത്തിലേയ്ക്കു കടന്നു ചെല്ലുവാൻ നിർവ്വാഹമുള്ളു. കവിത മിക്കവാറും അസത്യത്തിൽക്കൂടെയാണു സത്യത്തിലേയ്ക്കു ചെല്ലുന്നതു്. കവിത സഹൃദയന്മാരുടെ സൌന്ദര്യാഭിരുചിയെ സംതൃപ്തിപ്പെടുത്തുവാൻ നിർബ്ബദ്ധമായിരിക്കുന്നതുകൊണ്ടു്, അതിനു തത്വശാസ്ത്രത്തിന്റെ സമ്പ്രദായത്തിൽനിന്നു വിഭിന്നമായ ഒരു സമ്പ്രദായത്തെ സ്വീകരിക്കുവാനേ നിവൃത്തിയുള്ളു.

കവിതാദി കലാവിദ്യകൾ ജനങ്ങളുടെ സൌന്ദര്യാഭിരുചിയെ സംതൃപ്തിപ്പെടുത്തുന്നതു്, ഭാവനാശക്തിയെ വ്യാപരിപ്പിച്ച് ആനന്ദം അനുഭവിപ്പിക്കുന്നതുകൊണ്ടാകുന്നു. എങ്ങിനെയെങ്കിലും മനസ്സിന് ഒരു സന്തോഷമുണ്ടാക്കിത്തീർക്കുകയല്ല കലാവിദ്യകളുടെ പ്രയോജനം എന്ന സംഗതി ഇവിടെ ഒരുവിധത്തിലും വിസ്മരിച്ചുകൂട. ഒരു കവിത വായിക്കുകയോ, ഒരു ഗാനം കേൾക്കുകയോ, ഒരു ചിത്രം കാണുകയൊ ചെയ്യുന്ന അവസരത്തിൽ അതുകൾ നമുക്കു കേവലം ആഹ്ലാദം ഉണ്ടാക്കുന്നുണ്ടോ എന്നുമാത്രം നോക്കിയാൽപ്പോര; അതുകൾ ഉണ്ടാക്കുന്ന ആ ആഹ്ലാദം നിർദ്ദോഷമായിട്ടുള്ളതാണോ എന്നുകൂടി നോക്കേണ്ട ആവശ്യമുണ്ടു്. ഒരു കവിത മനസ്സിനെ ആനന്ദിപ്പിക്കുന്നതുപോലെതന്നെ മനസ്സിനെ സംസ്കരിച്ചുയർത്തുന്നതുകൂടിയായിരുന്നാൽ മാത്രമെ അതിന്റെ പ്രയോജനം പൂർണ്ണമായിത്തീരുകയുള്ളു; എന്നാൽ മാത്രമേ അതൊരു ഉത്തമകവിതയാണെന്നു പറയുവാനും പാടുള്ളു. ഇവിടെയാണു പ്രബലമായ ഒരു വിപരീതാഭിപ്രാ

യമുള്ളതു്. കലാവിദ്യയുടെ പ്രയോജനം കേവലമായ മനോവിനോദനം മാത്രമാണെന്നും സന്മാർഗ്ഗപ്രബോധനമല്ലെന്നും വാദിക്കുന്നവരായ ഏയിസത്തെറ്റിക്ക് സ്കൂൾ (Aesthetic fchool) എന്നു പറയുന്ന വർഗ്ഗക്കാർ മുമ്പറഞ്ഞ അഭിപ്രായത്തെ ബലമായെതിർക്കുന്നവരാകുന്നു. കലാവിദ്യയെ ധർമ്മശാസ്ത്രനിയമശൃംഖലകൊണ്ടു ബന്ധിക്കുവാൻ പാടില്ലെന്നാണു് അവർ പറയുന്നതു്. എത്തിക്കൽസ്കൂൾ (Ethical school) എന്നു പറയുന്ന സന്മാർഗ്ഗദൃഷ്ടികളായ നിരൂപകന്മാർ ഇവരോടേതിർത്തു വാദിക്കുന്നതു് ഇങ്ങനെയാണു്. ഏതൊരു കലാവിദ്യയ്ക്കും, സ്വാതന്ത്ര്യ(Liberty)വും, വൈചിത്ര്യ(Variety)വും, നവത്വ(പുതുമ-Novelty)വും ആവശ്യമായിട്ടുള്ളതാണെന്നും, നവത്വമില്ലെങ്കിൽ 'നവോല്ലേഖന'വും,. വൈചിത്ര്യമില്ലെങ്കിൽ പ്രത്യേകതയും, സ്വാതന്ത്ര്യമില്ലെങ്കിൽ ജീവചൈതന്യവും കലാവിദ്യയ്ക്കുണ്ടാകുന്നതല്ലെന്നുമുള്ളതു വാസ്തവംതന്നെ. അത്രയുംകൊണ്ടു അതു് സൌന്ദര്യത്തിന്റെ നിയമങ്ങളെനല്ലാതെ സമുദായത്തിന്റെ നിബന്ധനകളെ അനുസരിക്കേണ്ട ആവശ്യമില്ല എന്നു വരുന്നില്ല. കലകൾ കേവലം കലകളുടെ ആവശ്യത്തിനായുള്ളവയല്ലെന്നും സമുദായത്തിന്റെ ഉപയോഗത്തിനുള്ളവയാണെന്നും ഉള്ള സംഗതി വിസ്മരിച്ചുംകൊണ്ടാണു് അവയ്ക്കു സന്മാർഗ്ഗത്തോടു യാതൊരു ബന്ധവുമില്ല എന്നു വാദിക്കുന്നതു്. സമുദായമദ്ധ്യത്തിൽ സദാചാരപ്രബോധനം നടത്തുകയല്ല, കലാവിദ്യകളുടെ മുഖ്യമായ പ്രയോജനമെന്നുണ്ടെങ്കിലും, അവ, ചുരുങ്ങിയപക്ഷം, സമുദായത്തിന്നിടയിൽ ദുർമ്മാർഗ്ഗവാസന ഉണ്ടാക്കി, സമുദായത്തിന്റെ സൌന്ദര്യാഭിരുചിയെ ദുഷിപ്പിക്കാതിരിക്കുന്നതിനെങ്കിലും ശ്രദ്ധിക്കുന്നതു് അത്യാവശ്യമായിട്ടുള്ളതാകുന്നു. കലാകുശലൻ സ്വന്തം സൌന്ദര്യാഭിരുചിയേയും സന്തോഷത്തേയും മാത്രം നോക്കിയല്ല, സമുദായത്തിന്റെ സൌന്ദര്യബുദ്ധിയേയും സന്തോഷത്തേയും നോക്കിയാണു തന്റെ കലയെ പ്രയോഗിക്കേണ്ടതെന്നും അങ്ങിനെ ചെയ്താൽ മാത്രമെ ആയാളുടെ കലാകൌശലം ശ്ലാഘനീയമായിത്തീരുകയുള്ളുവെന്നും സമ്മതിക്കാതെ കഴിയുന്നതല്ല. സമുദായത്തിന്റെ സൌന്ദര്യാഭിരുചിക്കു വല്ല തോതും നിയമവുമുണ്ടോ എന്നു ചോദിക്കുന്നതായാൽ, ഉണ്ടെന്നുതന്നെയാണു് ഉച്ചസ്വരത്തിൽ പറയുക. സമുദായത്തിൽ ഉയർന്ന നിലയിലിരിക്കുന്ന അഭിജ്ഞന്മാരായ കലാരസികന്മാരുടെ സൌന്ദര്യാഭിരുചിതന്നെയാണു സമുദായത്തിന്റെ സൌന്ദര്യാഭിരുചിയുടെ തോതു് എന്നു മനസ്സിലാക്കണം. സംസ്കരിച്ച ആ സൌന്ദര്യാഭിരുചിയെ സംതൃപ്തിപ്പെടുത്തുന്നവയായിരിക്കണം കവിതാദികലകൾ എന്നു പറഞ്ഞാൽ അവ, സൌന്ദര്യനിയമങ്ങളെ എന്നപോലെ സാന്മാർഗ്ഗികനിയമങ്ങളേയും സമുല്ലംഘിക്കാത്തവയായിരുന്നേ കഴിയൂ എന്നു സിദ്ധമാകുന്നുണ്ടു്. ചുരുക്കത്തിൽ, വ്യക്തിസ്വാതന്ത്ര്യം, സമുദായത്തിന്റെ ന്യായമായ അധികാരത്തെ അവഗണിക്കുവാൻ പാടി

ള്ളതല്ല എന്നു പറയാം. വ്യക്തിസ്വാതന്ത്ര്യം സമുദായാധികാരത്തേയും, സമുദായാധികാരം വ്യക്തിസ്വാതന്ത്ര്യത്തെയും വ്യാഹനിക്കാത്തനിലയിൽ വ്യാപരിച്ചാൽമാത്രമേ വ്യക്തികൾക്കു വളർച്ചയും, സമുദായത്തിന്നുയർച്ചയും ഉണ്ടാവുകയുള്ളൂ. അതുപോലെതന്നെ കലാവിദ്യകളുടെ സ്വാതന്ത്ര്യവും, സാന്മാർഗ്ഗികനിയമങ്ങളുടെ അധികാരവും തമ്മിലിടഞ്ഞു പൊരുതാതെ മുന്നോട്ടു പോയാൽ മാത്രമെ സമുദായത്തിന്റെ 'സംസ്കാര'(culture)വും 'പരിഷ്കാര'(civilisation)വും തമ്മിൽ അകലാത്ത നിലയിൽ അഭിവൃദ്ധിപ്പെട്ടു വരികയുമുള്ളൂ. കവിത പ്രത്യേകിച്ചും സാന്മാർഗ്ഗികനിയമങ്ങളുടെ അധികാരസീമയെ അതിലംഘിക്കാതിരിക്കുവാൻ നിർബ്ബന്ധമായിട്ടുള്ളതാണു്.

യഥാർത്ഥസാഹിത്യകാരന്മാർ, സമുദായത്തിന്റെ മധുരമായി സംസാരിക്കുന്ന ജിഹ്വകളാകുന്നു. ഒരു ജനസമുദായത്തിന്റെ വിവിധവിഷയങ്ങളിലുള്ള വൈദഗ്ദ്ധ്യങ്ങൾ ഉരുകിച്ചേർന്നു് ഏകീഭവിച്ചുണ്ടാകുന്നതാണു് ആ ജനസമുദായം സംസാരിക്കുന്ന ഭാഷയിലുള്ള സാഹിത്യം. സാഹിത്യവും സമുദായവും തമ്മിൽ എത്രമാത്രം സംബന്ധപ്പെട്ടിരിക്കുന്നു എന്നു ഇതിൽനിന്നു നല്ലവണ്ണം വെളിവാകുന്നുണ്ടല്ലോ. അസാധാരണമായ കലാനൈപുണ്യം നൈസർഗ്ഗികമായി സിദ്ധിച്ച അനുഗൃഹീതന്മാരായ സാഹിത്യകാരന്മാർക്കു സമുദായത്തിന്റെ സാഹിത്യാഭിരുചിയുടെ തോതു വ്യത്യാസപ്പെടുത്തുവാൻ സാധിക്കുമെന്നിരുന്നാലും, സമുദായത്തിന്റെ അഭിരുചി ഒരുവിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിൽ അവരിലും സ്വാധീനശക്തി ചെലുത്തിയിട്ടുണ്ടായിരിക്കുമെന്നു തീർച്ചയാണു്. സമുദായം സാഹിത്യത്തിലും, സാഹിത്യം സമുദായത്തിലും അതാതിന്റെ സ്വാധീനശക്തിയെ പ്രയോഗിക്കുന്നതു സ്വാഭാവികമായിട്ടുള്ളതാണു്. മതാചാരങ്ങളുടെ മാററം, രാഷ്ട്രീയജീവിതത്തിന്റെ പരിവർത്തനം, വിദേശ്യ'സംസ്കാര'ത്തിന്റെ സംക്രമണം, നവീനാദർശങ്ങളുടെ സ്വീകാരം മുതലായ കാരണങ്ങളാൽ ഒരു രാജ്യത്തിലുള്ള ജനസമുദായത്തിന്റെ വീക്ഷണഗതിക്കും സൌന്ദര്യാഭിരുചിക്കും വ്യതിയാനമുണ്ടായി എന്നു വരാം. സൌന്ദര്യാഭിരുചിയെസ്സംബന്ധിച്ചുണ്ടാകുന്ന ആ വ്യതിയാനം സാഹിത്യത്തിൽ പുതിയ പ്രസ്ഥാനങ്ങൾ ആവിർഭവിക്കുന്നതിന്നു കാരണമായിത്തീർന്നു എന്നും വന്നേയ്ക്കാവുന്നതാണു്. സൌന്ദര്യത്തെ പുതിയ പുതിയ രൂപത്തിൽ പ്രകാശിപ്പിക്കുന്നതിന്നുതകുന്ന ഉപാധികളെ അന്വേഷിക്കുന്ന പ്രതിഭാശാലികളായ സാഹിത്യകാരന്മാർ സാഹിത്യത്തിൽ ഏർപ്പെടുത്തുന്ന പുതിയ പ്രസ്ഥാനങ്ങൾ ജനങ്ങളുടെ സാഹിത്യാഭിരുചിക്കു പരിവർത്തനം വരുത്തുന്നതും അസാധാരണമായിട്ടുള്ളതല്ല. സൌന്ദര്യാഭിരുചി എന്നതു യഥാർത്ഥത്തിൽ ജനങ്ങളുടെ സ്വഭാവത്തിൽ സംഘടിച്ചുനിൽക്കുന്നതാണെങ്കിലും, അതിന്റെ ബഹിർവ്യാപാരത്തിന്നുള്ള മാർഗ്ഗങ്ങൾ ഉണ്ടാക്കുന്നതു കവികൾ മുതലായ

കലാകുശലന്മാരാകയാൽ അവക്കു സാധാരണ ജനതയുടെ സൌന്ദൎയ്യാഭിരുചിയെ സംസ്കരിച്ചുയൎത്തുവാനും ദുഷിപ്പിച്ചു താഴ്ത്തുവാനും സാധിക്കുന്നതാണെന്നറിയേണ്ടതാണു്. ശൃംഗാരാഭാസമയങ്ങളായ കവിതകൾ, കഥകൾ മുതലായവ ഉന്നതവിദ്യാഭ്യാസം സിദ്ധിക്കാത്ത സാമാന്യജനതയുടെ സാഹിത്യാഭിരുചിയെ ചീത്തമാൎഗ്ഗത്തിൽകൂടെ നയിച്ചു ദുഷിപ്പിച്ചുകളഞ്ഞു എന്നു വരുന്നതു് ഒട്ടും അപൂൎവ്വമല്ല. 'പൂരപ്രബന്ധം'പോലെയുള്ള പദ്യകൃതികളും, 'മദനകാമരാജൻകഥ'യുടെ മാതൃകയിലുള്ള ക്ഷുദ്രകഥാപുസ്തകങ്ങളും, മലയാളത്തിലെ സാധാരണ വായനക്കാരുടെ സാഹിത്യാഭിരുചിയെ വളരെയധികം വഷളാക്കിത്തീൎക്കുകയുണ്ടായിട്ടുണ്ടു്. സംസ്കൃതത്തിലോ ഇംഗ്ലീഷിലോ ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള സംസ്കൃതമതികളായ വായനക്കാരൊഴിച്ചു മററുള്ള സാമാന്യവായനക്കാരെല്ലാം ഇന്നും, ക്ഷുദ്രങ്ങളായ കഥാപുസ്തകങ്ങളെ അധികം ഇഷ്ടപ്പെടുന്നതും അച്ചുക്കൂടങ്ങളിൽനിന്നു പുറത്തുവരുന്ന പുസ്തകങ്ങളിൽ ആറിനു തൊണ്ണൂററഞ്ചുകണ്ടും അത്തരം കഥാപുസ്തകങ്ങളായിരിക്കുന്നതും എന്തുകൊണ്ടാണെന്നു് ഒന്നാലോചിച്ചുനോക്കുക. മലയാളത്തിലെ പല മുദ്രാലയപ്രവൎത്തകന്മാരോടും പുസ്തകവ്യാപാരികളോടും അന്വേഷിച്ചിട്ടുള്ളതിൽ, ബുദ്ധിശക്തിയെ വികസിപ്പിക്കുകയും, വിചാരശീലത്തെ വൎദ്ധിപ്പിക്കുകയും, മനസ്സിനെ സംസ്കരിക്കുകയും ചെയ്യുന്ന നല്ല പുസ്തകങ്ങൾ അച്ചടിപ്പിച്ചാൽ അവയ്ക്കു ചെലവുണ്ടാകുന്നില്ലെന്നും, കഥാപുസ്തകങ്ങൾ, അതിലും വിശേഷിച്ചു്, അനുരാഗകഥാപ്രബന്ധങ്ങൾ എത്ര അച്ചടിപ്പിച്ചാലും എളുപ്പത്തിൽ വിററഴിയുന്നതാണെന്നും ആണു് എനിക്കറിയുവാനിടയായിട്ടുള്ളതു്. ചരിത്രം, ധനശാസ്ത്രം, രാജ്യതന്ത്രം, സാഹിത്യം മുതലായ വിഷയങ്ങളെ പ്രതിപാദിക്കുന്ന നല്ല പുസ്തകങ്ങൾ വല്ലതും ചിലവാകണമെങ്കിൽ പാഠ്യപുസ്തകക്കമ്മററിക്കാരുടെ കാരുണ്യം ഉണ്ടാവുകതന്നെ വേണ്ടിയിരിക്കുന്നു. തത്വശാസ്ത്രം, തൎക്കശാസ്ത്രം, ഭാഷാശാസ്ത്രം എന്നിവകളെ അധികരിച്ചുള്ള വല്ല പുസ്തകങ്ങളും എഴുതി അച്ചടിപ്പിക്കുകയാണെങ്കിൽ 'പ്രസ്സുകോപ്പി'യല്ലാതെ മറെറാരൊററപ്രതിയും പുറമെ പോകുന്നതല്ല എന്നു തീൎത്തു പറയാം.

മലയാളത്തിലെ വായനക്കാർ, ബുദ്ധിശക്തിയേയും ഭാവനാശക്തിയേയും വ്യാപരിപ്പിച്ചു വിനോദിക്കുന്നതിൽ ഇത്രമാത്രം ദരിദ്രന്മാരായിത്തീരുവാൻ പല കാരണങ്ങളും ഉള്ളതിൽ മുഖ്യമായ ഒന്നു്, സാഹിത്യാഭിരുചിയുടെ സാമാന്യമായ അധഃപതനമാകുന്നു. വിദ്യാഭ്യാസം സിദ്ധിച്ചവർ സമുദായത്തിൽ എത്രയോ കുറച്ചു മാത്രമേയുള്ളു. അവരിൽത്തന്നെ അധികഭാഗവും, മാതൃഭാഷയോടുള്ള വൈമുഖ്യത്താലും, ജ്ഞാനതൃഷ്ണയുടെ അഭാവത്താലും, വിനോദങ്ങളിലുള്ള അത്യാസക്തിയാലും, ജീവിതമത്സരത്തിന്റെ തീക്ഷ്ണതയാലും മലയാളപുസ്തകങ്ങളോടു പറയത്തക്ക യാതൊരിടപാടും ഇല്ലാത്തവരാണു്. വിദ്യാഭ്യാസം സിദ്ധിച്ച കൂട്ടൎക്കു മാത്രമേ ഏതു പുസ്തകവും

വായിച്ചാൽ മനസ്സിലാവുകയും, വേണ്ടതുപോലെ പുസ്തകങ്ങൾ വായിച്ചു രസിക്കുവാൻ സാധിക്കുകയുമുള്ളു. അവരാണു സാമാന്യജനതയ്ക്കു സദ്ഗ്രന്ഥപാരായണത്തിൽ വഴി കാണിച്ചുകൊടുക്കുകയും, അവരിൽ സമഞ്ജസമായ സാഹിത്യാഭിരുചിയെ നട്ടുവളർത്തുകയും ചെയ്യുവാനുള്ളവർ. അക്കൂട്ടരിൽ അധികം പേരുടേയും സ്ഥിതി മേൽപ്പറഞ്ഞ പ്രകാരമാണെങ്കിൽ, ഉയർന്ന വിദ്യാഭ്യാസം ലഭിക്കാത്ത സാമാന്യവായനക്കാർ അവരുടെ സ്വന്തം വഴിക്കു പോകുന്നതിലും, ദുഷ്കൃതികൾ വായിച്ചു വിനോദിക്കുന്നതിലും ക്രമേണ അവരുടെ സാഹിത്യാഭിരുചി ദുഷിച്ചുപോകുന്നതിലും എന്താണു് അത്ഭുതപ്പെടുവാനുള്ളതു്? ദുഷ്കവിതകളും, ക്ഷുദ്രകഥകളും ഉണ്ടാകുന്നതിനെ നിരോധനംചെയ്യുന്നതിനു നല്ലൊരു നിരൂപണപദ്ധതി ഉണ്ടായിരുന്നാൽ വളരെ ഭേദമുണ്ടു്. നിരൂപണകല നല്ല നിലയിൽ വളർന്നു ബലപ്പെട്ടുവരികയാണെങ്കിൽ, സാഹിത്യത്തെസ്സംബന്ധിച്ചിടത്തോളം 'അരോഗസുഭഗ'മായ ഒരു 'പൊതുജനാഭിപ്രായം' ദൃഢപ്രതിഷ്ഠമായിത്തീരുന്നതും, അതോടുകൂടി, സാമാന്യവായനക്കാർക്കു സമീചീനങ്ങളും അസമീചീനങ്ങളുമായ ഗ്രന്ഥങ്ങളെ വിവേചിച്ചറിയുവാൻ സാധിക്കുന്നതുമാണു്. അതിനുംപുറമേ സദ്ഗ്രന്ഥകാരന്മാർക്കു് ആശാസ്യമായ പ്രോത്സാഹനവും, ദുഷ്കൃതികർത്താക്കൾക്കു നിശിതമായ നിയന്ത്രണവും ഉണ്ടാകുന്നതുമാകുന്നു. മലയാളത്തിൽ വിമർശനകല വേണ്ടതിന്നണ്ണം വളർന്നുവന്നിട്ടില്ലാത്തതുകൊണ്ടു സാഹിത്യത്തിനുണ്ടാകുന്ന കോട്ടവും കുറവും ചില്ലറയൊന്നുമല്ല. പത്രങ്ങളുടേയും മാസികകളുടേയും "പുസ്തകാഭിപ്രായ"പങ്ക്തികൾ വായിച്ചുനോക്കിയാൽ നമ്മുടെ ഭാഷയിലെ വിമർശനസമ്പ്രദായത്തിന്റെ ശോച്യാവസ്ഥ നല്ലപോലെ കാണ്മാൻ കഴിയുന്നതാണു. അതാതുവിഷയങ്ങളിലുള്ള ഗ്രന്ഥങ്ങളെപ്പററി അഭിപ്രായം പറയേണമെന്നുണ്ടെങ്കിൽ അതാതുവിഷയങ്ങളിൽ ഗണനീയമായ പരിജ്ഞാനം ഉണ്ടായിരുന്നേ മതിയാവൂ എന്ന സംഗതി നമ്മുടെ പത്രപ്രവർത്തകന്മാർ ഇനിയും മനസ്സിലാക്കിയിട്ടില്ലെന്നാണു തോന്നുന്നതു്. ചിലപ്പോൾ നല്ല പുസ്തകങ്ങളെപ്പററി ചീത്ത അഭിപ്രായവും, ദുഷിച്ച കൃതികളെക്കുറിച്ചു് മികച്ച അഭിപ്രായവും നമ്മുടെ പല പത്രഗ്രന്ഥങ്ങളിലും പ്രസ്താവിച്ചുകാണാറുണ്ടു്. മാസികകളിൽ കാണാറുള്ള സാഹിത്യസംബന്ധമായ ലേഖനങ്ങളിൽ മുക്കാലേമുണ്ടാണിയും തീരെ നിരുപയോഗങ്ങളായിട്ടുള്ളവയാണു്. സാഹിത്യസംബന്ധമായ ഉപന്യാസങ്ങളോ പുസ്തകങ്ങളോ എഴുതുവാൻ പുറപ്പെടുന്നവർ മുഖ്യമായി, സാഹിത്യവാസനയുള്ളവരും, പലതരത്തിലുള്ള ഗ്രന്ഥങ്ങൾ വായിച്ചു വിജ്ഞാനവും വിവേചനബുദ്ധിയും സമ്പാദിച്ചിട്ടുള്ളവരുമായിരിക്കണം. അങ്ങിനെയല്ലാത്ത ലേഖകന്മാരുടെ പ്രബന്ധങ്ങൾ അകിഞ്ചിൽകരങ്ങളായിരിപ്പാനല്ലാതെ തരമില്ല. 'അപഗ്രഥന'ത്തെയും 'അനുമാന'ത്തെയും മുൻനിർത്തിയെഴുതുന്ന സാഹിത്യപ്രബന്ധങ്ങൾ മാത്രമേ വിമർശനത്തിന്റെ പ്ര

യോജനം ശരിക്കു നിർവ്വഹിക്കുവാൻ പര്യാപ്തങ്ങളായിരിക്കുകയുള്ളു. ഉത്തരവാദിത്വബോധവും പ്രവൃത്തിശക്തിയും ധാരാളമുള്ള സാഹിത്യബന്ധുക്കൾ ചേൎന്നു വേണ്ടിടത്തോളം മൂലധനം ശേഖരിച്ചു വേണ്ടവിധത്തിൽ പത്രഗ്രന്ഥങ്ങൾ നടത്തിത്തുടങ്ങുന്നപക്ഷം മുൻപറഞ്ഞ പ്രകാരത്തിലുള്ള ഉത്തമോപന്യാസങ്ങൾ ആവിർഭവിക്കുന്നതാണ്.

ഉൽകൃഷ്ടമായ വിമൎശനപ്രസ്ഥാനം ഉറച്ചുവരാതിരിക്കുന്നതിനുള്ള കാരണങ്ങളും, തന്മൂലം നേരിടുന്ന ദോഷങ്ങളും എന്തെല്ലാമാണെന്നു ചുരുക്കത്തിൽ ഇവിടെ വിവരിച്ചുകഴിഞ്ഞുവല്ലോ. ജനസമുദായത്തിന്റെ സാഹിത്യാഭിരുചിയെ സംസ്കരിക്കുവാനും, സാഹിത്യകാരന്മാരുടെ സാഹിത്യപരിശ്രമങ്ങളെ പ്രോത്സാഹിപ്പിക്കുവാനും ആവശ്യമായ ഏൎപ്പാടുകൾ അവശ്യം ഉണ്ടായേ മതിയാവൂ. സുഘടിതങ്ങളായ സാഹിത്യസമാജങ്ങളും, സാഹിത്യപത്രഗ്രന്ഥങ്ങളും ഉണ്ടായിരുന്നാൽ സമഞ്ജസമായ ഒരു നിരൂപണപദ്ധതി തെളിഞ്ഞുവരുവാനും സാമാന്യവായനക്കാരുടെ സാഹിത്യാഭിരുചി ഉയൎന്നുവരുവാനും, സൽഗ്രന്ഥങ്ങളുടെ സമ്പത്തു വൎദ്ധിച്ചുവരുവാനും ഇടയാകുന്നതാണ്.

പ്രൊഫസർ, രാജരാജവൎമ്മകോയിത്തമ്പുരാൻ, സാഹിത്യനായകൻ കെ. രാമകൃഷ്ണപിള്ള മുതലായ വിമൎശകകേസരികളുടെ ഗദ്യപ്രബന്ധങ്ങളും, ആശാൻ, വള്ളത്തോൾ, ഉള്ളൂർ മുതലായവരുടെ പദ്യകൃതികളും, സാധാരണ ജനതയുടെ സാഹിത്യാഭിരുചിയെ സംസ്കരിച്ചുയൎത്തുന്നതിനും, ഒട്ടധികം സാമാന്യവായനക്കാൎക്ക് സൽകൃതികളുടെ സ്വാദറിയുന്നതിനും ഇടയാക്കുന്നവയാണെങ്കിലും, അവയുടെ സ്വാധീനശക്തികൊണ്ടിനിയും നമ്മുടെ സാഹിത്യത്തിൽ സാഹിത്യാഭിരുചി ഒരുയൎന്ന തോതിൽ എത്തിക്കഴിഞ്ഞിട്ടുണ്ടെന്നു പറവാൻ നിവൃത്തിയില്ല. ജീൎണ്ണിച്ച പഴയ കരുക്കളിൽ പദ്യങ്ങൾ വാൎക്കുകയും, 'പൂരപ്പാട്ട്'കൾ പാടുകയും ചെയ്യുന്ന സാഹിത്യകാരവേഷധാരികൾ സാഹിത്യരംഗത്തിൽ കടന്നു കൂത്താടുന്നതിനാൽ, ദുഷ്കൃതികൾ ധാരാളം പുറത്തുചാടുന്നതിനുള്ള ദ്വാരങ്ങൾ ഇപ്പോഴും തുറന്നുതന്നെ കിടക്കുന്നു. ക്ഷുദ്രകൃതികളുടെ ബാഹുല്യത്താലും, സദസദ്വിവേചനമാൎഗ്ഗങ്ങളുടെ വൈരള്യംകൊണ്ടും, സാധാരണന്മാരായ വായനക്കാരുടെ സാഹിത്യാഭിരുചിക്ക് ഉയൎന്നുപോകുന്നതിനേക്കാൾ അധികം അധഃപതിച്ചുപോകുന്നതിനാണു കാരണമുണ്ടാകുന്നതു്. അടുത്ത ഒരവസരത്തിൽ, സാഹിത്യലോകത്തിൽ, ദുഷ്ഫലബീജങ്ങളും ദുൎഗ്ഗന്ധപൂരവും അടിച്ചുപരത്തിവിട്ട ആ കവനമാസികയിലെ ആഭാസപദ്യകൃതികളും, ആ മാസികയിൽ തന്നെ ഇടയ്ക്കിടയ്ക്കു കടന്നുകൂടാറുള്ള അസഭ്യങ്ങളും അതിക്ഷുദ്രങ്ങളുമായ മററുകൃതികളും ജനസമുദായത്തിന്നിടയിൽ പ്രചരിച്ചാലുണ്ടാകുന്ന ധൎമ്മവിപ്ലവവും ദുർവ്വാസനാസംഗവും എത്ര ഭയങ്കരങ്ങളാണെന്നു് ആലോചിച്ചുനോക്കുക. അത്തരത്തിലുള്ള ക്ഷുദ്രകൃതികൾ നിൎബ്ബാധം നിൎമ്മിച്ചുകൊണ്ടി

ിക്കുമ്പോൾ ജനസമുദായത്തിൻെറ സാഹിത്യാഭിരുചിക്കു സംസ്കാരവും സമുന്നതിയും ലഭിക്കുന്നതെങ്ങിനെയാണ്? 'പച്ചശൃംഗാര'പ്പാട്ടുകളും, 'പൂരത്തെറി'പ്പാട്ടുകളും ധാരാളം എഴുതുന്നതും പ്രസിദ്ധപ്പെടുത്തുന്നതും സംസ്കാരവും പരിഷ്കാരവും സിദ്ധിച്ച ഒരുത്തമജനസമുദായത്തിനുള്ളിൽ സാദ്ധ്യപ്പെടുന്നതാണോ?

ചിലർക്കു പഴയ രീതിയിലാണ് അഭിരുചി എന്നും, മററു ചിലർക്കു പുതിയ മട്ടിലാണു പ്രതിപത്തി എന്നും വരുന്നതു് സ്വാഭാവികവും, അങ്ങിനെയുള്ള രുചിഭേദത്താലുണ്ടാകുന്ന അഭിപ്രായവ്യത്യാസം ആദരണീയവുമായിട്ടുള്ളതാണ്. ആ നിലയിൽ സാഹിത്യാഭിരുചിക്കുള്ള വൈചിത്ര്യം ഏതുരാജ്യത്തും ഏതുകാലത്തും ഉണ്ടായിരിക്കാതെ തരമില്ല. അതുകൊണ്ടു് സാഹിത്യത്തിൽ പല പ്രസ്ഥാനങ്ങളും ഉണ്ടാകുവാനിടയാകുന്നു എന്നല്ലാതെ മറെറാന്നുമില്ലതാനും. എന്നാൽ, സാധാരണന്മാരുടെ സാഹിത്യാഭിരുചിയെ ദൂഷിപ്പിക്കുകയും, സന്മാർഗ്ഗനിഷ്ഠയെ വ്യതിചലിപ്പിക്കുകയും ചെയ്യുന്ന ദുഷ്കൃതികൾ എഴുതി പ്രസിദ്ധപ്പെടുത്തുന്നതിലും അവകൾ വായിച്ചു രസിക്കുന്നതിലുമാണ് ചിലർക്കു വളരെ അഭിരുചി എന്നുണ്ടെങ്കിൽ അതിനെ 'ഭിന്നരുചിർഹി ലോകഃ' എന്ന പ്രമാണംകൊണ്ടു സാധൂകരിക്കുവാനും അനുമോദിക്കുവാനും കൃത്യബോധമുള്ളവർക്കും നിർവ്വാഹമില്ലതന്നെ.

ഉത്തമമായ വിദ്യാഭ്യാസപദ്ധതികൊണ്ടും, ശരിയായ നിരൂപണരീതിയാലും, ജനസമുദായത്തിൻെറ കലാഭിരുചിയെയും സൌന്ദര്യബുദ്ധിയെയും സംസ്കരിച്ചുയർത്തുന്നതു് അത്യാവശ്യമായിട്ടുള്ളതാണ്. സാഹിത്യം മുതലായ കലാവിദ്യകളിൽ ശരിയായ അഭിരുചി വളർന്നുവരുന്നപക്ഷം, സമുദായത്തിൻെറ സംസ്കാരപരിഷ്കാരങ്ങൾ നല്ലവണ്ണം അഭിവൃദ്ധിയെ പ്രാപിക്കുന്നതായിരിക്കും. സാഹിത്യാഭിരുചി, സൌന്ദര്യബോധം, ജ്ഞാനതൃഷ്ണ, സന്മാർഗ്ഗപ്രതിപത്തി മുതലായ ഗുണങ്ങളാണു മനുഷ്യസമുദായത്തെ തിര്യഗ്വർഗ്ഗത്തിൽനിന്നു വ്യാവർത്തനം ചെയ്യുന്നതു്. ഇപ്പറഞ്ഞ ഗുണങ്ങളെക്കൊണ്ടു് ഉൽക്കർഷം പ്രാപിച്ചിട്ടുള്ള ജനസമുദായത്തെയാണു പരിഷ്കൃതജനസമുദായം എന്നു പറയുന്നതു്. സംഗീതം, സാഹിത്യം മുതലായ കലാവിദ്യകളുടെ സൌന്ദര്യത്തെ ആസ്വദിക്കുന്നതിനും, പുതിയ പുതിയ രൂപത്തിൽ അവയെ ആവിർഭവിപ്പിക്കുന്നതിനും ശക്തിയുള്ള രാജ്യക്കാരുടെ 'സംസ്കാര'ത്തെ അന്യരാജ്യക്കാരെല്ലാവരും അഭിനന്ദിക്കുകയും അനുകരിക്കുകയും ചെയ്യുന്നതാണ്. സാഹിത്യാഭിരുചിയും 'സംസ്കാര'വും അത്രമേൽ അന്യോന്യം അഭിസംബന്ധപ്പെട്ടവയാണെന്നു കാണാം.

# ചില പാഠപുസ്തകങ്ങൾ.

---

(സാഹിത്യകലാനിധി, ഏ. ഡി. ഹരിശർമ്മ.)

പാഠ്യപുസ്തകക്കമ്മിററിക്കാരെപ്പററിയുള്ള നിരൂപണങ്ങളെക്കൊണ്ട്, ഒരു കാലത്തു്, നമ്മുടെ പത്രപംക്തികൾ മുഴുവനും നിറഞ്ഞുപോകാറുണ്ടായിരുന്നു. ആ നില അല്പം ഭേദപ്പെട്ടിട്ട് ഇപ്പോൾ അധികം കാലമായിട്ടില്ല. പത്രക്കാരും ലേഖകന്മാരും രണ്ടാമതും അക്കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കേണ്ട കാലം അതിക്രമിച്ചിട്ടില്ലേ എന്നു ഞാൻ സംശയിക്കുന്നു.

വിദ്യാഭ്യാസമേലധ്യക്ഷൻ ഗവൺമെണ്ടിന്റെ ആജ്ഞയെ ശിരസാവഹിക്കുന്നു; പരിശോധനാധികൃതൻ വിദ്യാഭ്യാസമേലധ്യക്ഷന്റെ തുഷ്ടിനേടാൻ ശ്രമിക്കുന്നു; പ്രഥമാധ്യാപകന്മാർ പാഠശാലാപരിശോധകന്മാരുടെ കണ്ണിലുണ്ണികളായിത്തീരാൻ യത്നിക്കുന്നു; നാട്ടുകാരോടും മേലധികാരികളോടും, സർവ്വോപരി മനസ്സാക്ഷിയോടും, ഉത്തരവാദം ചെയ്യേണ്ട പാവപ്പെട്ട അധ്യാപകന്മാരാണു വട്ടം കറങ്ങേണ്ടിവരുന്നതു്. നിശ്ചയിക്കപ്പെട്ടിട്ടുള്ള പാഠപുസ്തകങ്ങൾ കണ്ണുമടച്ചു പഠിപ്പിക്കയല്ലാതെ അവർക്കു മററു യാതൊരു നിവൃത്തിയുമില്ല. അതു "ട്രൈനിംങ് മെതേഡ്"നുസരിച്ചു ശരിയായി പഠിപ്പിക്കയും വേണം. സ്വന്തം ആത്മവിശ്വാസത്തെയും പാഠത്തിന്റെ വിജയത്തേയും കാംക്ഷിച്ചുതന്നെയായാലും, അധ്യാപകൻ ആ മെതേഡിൽനിന്ന് അല്പമെങ്കിലും ഇടത്തോട്ടോ വലത്തോട്ടോ നീങ്ങിപ്പോയാൽ ചോദ്യമായി, റിമാക്കായി, വഴക്കായി, വയ്യാവേലിയായി! പ്രഥമാധ്യാപകന്മാരുടെ അതൃപ്തിക്കു പാത്രീഭൂതന്മാരാകുന്ന അധ്യാപകന്മാരുടെ സ്ഥിതിയെപ്പററി പ്രത്യേകം പറയേണ്ടതില്ലല്ലോ. മേലധികാരികൾ പറയുന്നതിനെ അക്ഷരംപ്രതി അനുസരിക്കയല്ലാതെ, ആത്മവിശ്വാസമെന്നോ മനസ്സാക്ഷിയെന്നോ പറയുന്നതൊന്നും അധ്യാപകന്മാക്കു പാടില്ലെന്നാണത്രേ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലെ നിയമം! ഇങ്ങിനേയുള്ള ഒരന്തരീക്ഷത്തിൽ വളരെക്കാലം ഇടപഴകേണ്ടിവരുന്ന വിദ്യാർത്ഥികൾ ഒടുവിൽ ഒരുതരം പഠിച്ച പാവകളായിത്തീരുന്നതിൽ എന്താണതിശയം?

പാഠപുസ്തകങ്ങളെ നിർദ്ദേശിക്കുന്ന വിഷയത്തിൽ അധികൃതന്മാർ മാനദണ്ഡമായി സ്വീകരിക്കുന്നതെന്തിനെയാണെന്നു വളരെ ആലോചിച്ചിട്ടും മനസ്സിലാക്കാൻ സാധിക്കുന്നില്ല. ഇക്കഴിഞ്ഞ മീനമാസത്തോടുകൂടി അവസാനിച്ച മൂന്നു സ്ക്കൂൾവഷങ്ങളിൽ സെക്കൻറുഫാറത്തിൽ പദ്യപാഠത്തിനു നിശ്ചയിച്ചിരുന്നതു "മാത്താണ്ഡദേവോദയ"ത്തിലെ 40-പദ്യങ്ങളും ധ്രുവചരിതം തുള്ളലിലെ 200 വരിയും ആയിരുന്നു. അതായതു ആകെ

360 വരി മാത്രം. ഇക്കൊല്ലം അതേ ക്ലാസ്സിൽ പഠിപ്പിച്ചു തീർക്കേണ്ടിയിരിക്കുന്നതു രണ്ടായിരത്തി മുന്നൂറിൽപരം വരികളാണ്. മുന്നൂററിഅറുപതിനും രണ്ടായിരത്തിമുന്നൂറിനും തമ്മിൽ എത്ര അകൽച്ചയുണ്ടെന്നു നോക്കുക! ഈ തിരഞ്ഞെടുപ്പിൽ അധികൃതന്മാർ കാണിച്ചിട്ടുള്ള ഔചിത്യം വളരെ അതിശയനീയമായിരിക്കുന്നു. ഇതുപോലെയുള്ള ദൃഷ്ടാന്തങ്ങൾ ഭാഷാപാഠപുസ്തകങ്ങളെ സംബന്ധിച്ചിടത്തോളം അത്ര അപൂർവ്വങ്ങളല്ല. ക്ലാസ്സുകളിൽ പഠിപ്പിച്ചു തീർക്കുന്നതിന് ഒരു കൊല്ലത്തേയ്ക്കു വേണ്ടി ഇദന്തയാ നിർദ്ദേശിക്കപ്പെടാറുള്ള ചില പാഠപുസ്തകഭാഗങ്ങൾ വകുപ്പുകൊണ്ടോ വാക്യംകൊണ്ടോ അഥവാ ഒരു വാക്കുകൊണ്ടെങ്കിലുമോ അവസാനിക്കാത്തതായിട്ടും ചിലപ്പോൾ കാണാറുണ്ട്: "ഇതിനുടയരഹസ്യം പാക്കിലിന്നാരുകണ്ടു ?"

സേവയും ശിപാർശയും നോക്കി പാഠ്യപുസ്തകങ്ങളെ തിരഞ്ഞെടുക്കാൻ തുടങ്ങിയതോടുകൂടി നമ്മുടെ ഭാഷാസാഹിത്യം അധോഗതിയെ പ്രാപിച്ചുതുടങ്ങി. നല്ല ഗ്രന്ഥങ്ങൾക്കു പ്രചാരവും തൽകർത്താക്കന്മാർക്കു പ്രോത്സാഹനവും ലഭിക്കുന്നില്ലെന്നായപ്പോൾ ഭാഷാഭിവൃദ്ധിക്കുള്ള ഒരു നല്ല മാർഗ്ഗം നിരോധിക്കപ്പെട്ടുപോയി. ഇംഗ്ലീഷ് സ്കൂളിലേക്കു കടന്നാൽ ഉടനെ മാതൃഭാഷയുടെ നേരെ നോക്കി കൊഞ്ഞനം കാട്ടിത്തുടങ്ങുന്ന നമ്മുടെ കുട്ടിസ്സായ്പന്മാർ, ചുക്കിനും ചുണ്ണാമ്പിനും കൊള്ളാത്ത ഒരുതരം ഭാഷാപുസ്തകങ്ങൾ പഠിക്കുന്നതിനു നിർബ്ബന്ധിതരായിത്തീർന്നാൽ ഉണ്ടാകാവുന്ന അവസ്ഥ ഇന്നതാണെന്നു ഞാൻ പറഞ്ഞു മനസ്സിലാക്കുന്നതിനേക്കാൾ വായനക്കാർ ഊഹിച്ചറിയുന്നതാണു നല്ലതു്. "സമർത്ഥനായ ഒരദ്ധ്യാപകനു് ഏതു പാഠവും വേണമെങ്കിൽ രസകരമാക്കിത്തീർക്കാൻ കഴിയുമെന്നു"ള്ളതു ട്രെയിനിങ്ങ് സ്കൂളുകളിൽ പഠിപ്പിക്കാറുള്ള ഒരു വലിയ തത്ത്വമാണെന്നു തോന്നുന്നു. എന്തുകൊണ്ടെന്നാൽ, ട്രെയിനിങ്ങ് സ്കൂളിൽ ഒരു കൊല്ലം താമസിച്ചു മടങ്ങിവന്നിട്ടുള്ള ചില അദ്ധ്യാപകന്മാർ, ഈ വാക്യം ഉരുവിട്ടുകൊണ്ടു മററുള്ളവരെ കുററപ്പെടുത്തുന്നതായി പലപ്പോഴും കാണാറുണ്ട്. എന്നാൽ ആ അദ്ധ്യാപകന്മാർ ക്ലാസ്സിൽ ചെന്നാൽ ഇപ്പറഞ്ഞ "രസം" അവിടെയെങ്ങും സാധാരണ കാണാറുമില്ല. ഇതല്ലേ കുറേക്കൂടി രസകരം!

ഒരു ക്ലാസ്സിൽ ഒരു കൊല്ലംകൊണ്ടു പഠിപ്പിച്ചു തീർക്കുന്നതിനു നിശ്ചയിക്കാറുള്ള ഭാഗം ചിലപ്പോൾ രണ്ടുകൊല്ലം പഠിപ്പിച്ചാലും തീരാത്തതായിരിക്കും. അധികം പറഞ്ഞു സ്ഥലം മുടക്കാതെ ഒന്നുരണ്ടുദാഹരണങ്ങളെക്കൊണ്ടു ഞാൻ ഇക്കാര്യം തെളിയിക്കാം. ഇക്കൊല്ലം ഫോർത്തുഫാറത്തിലേക്കു നിശ്ചയിച്ചിട്ടുള്ള മലയാളപദ്യപാഠപുസ്തകങ്ങൾ 'ചിന്താവിഷ്ടയായ സീതയും' 'കുചേലവൃത്തം' വഞ്ചിപ്പാട്ടുമാണ്. സീതയിൽ 768 വരിയും വഞ്ചിപ്പാട്ടിൽ 700 വരിയും കൂടി ആകെ ആയിരത്തിഅഞ്ഞൂറോളം വരികൾ

പഠിപ്പിച്ചു തീക്കേണ്ടിയിരിക്കുന്നു. ഒരുകൊല്ലത്തെ സ്കൂൾദിവസങ്ങളുടെ സംഖ്യ 175—അതായതു 35 ആഴ്ച—ആണല്ലോ വേനലൊഴിവുകഴിഞ്ഞു സ്കൂൾ തുറന്നാൽ പുതിയ പ്രവേശനങ്ങളുടെ ബഹളംകൊണ്ടും പാഠപുസ്തകങ്ങൾ വന്നുചേരാനുള്ള താമസംകൊണ്ടും സാധാരണ ഒരു സ്കൂളിലും ശരിയായ പാഠം നടക്കാറില്ല. പരീക്ഷകൾക്കായി ഒരുങ്ങിയതു രണ്ടുമൂന്നാഴ്ച അതിനുപുറമേയും ചെലവാക്കേണ്ടതായിട്ടുണ്ട്. ഇതുകഴിഞ്ഞാൽ മുറയ്ക്കു പാഠം നടക്കുന്ന ആഴ്ചകൾ മുപ്പതോളം മാത്രമേയുള്ളു എന്നുകാണാം. ഫോർത്തുഫാറത്തിൽ ഒരാഴ്ചയിൽ നാലു പീര്യേഡാണു മലയാളത്തിനായി ഒഴിഞ്ഞുവിടാറുള്ളതു്. ഗദ്യം, പദ്യം, വ്യാകരണം, വാക്യരചന, ഇങ്ങിനെ നാലു വിഷയങ്ങളുമുണ്ട്. ഈ കണക്കുകൊണ്ടു് ഒരു ആഴ്ചയിൽ ഒരു പീര്യേഡ്—അതായതു് ഒരു കൊല്ലത്തിൽ 30 പീര്യേഡ്—മാത്രമേ പദ്യപാഠത്തിനു കിട്ടുകയുള്ളു എന്നു മനസ്സിലാക്കാമല്ലോ. മനുഷ്യസഹജങ്ങളായ വല്ല അത്യാവശ്യങ്ങൾക്കുമായി അധ്യാപകൻ അവധി എടുക്കുന്നപക്ഷം അത്രയും ദിവസങ്ങൾ ഇതിനുപുറമേയും പദ്യപാഠത്തിനു നഷ്ടപ്പെടുന്നതാണെന്നു പ്രത്യേകം ഓർക്കണം. വാക്യരചനയ്ക്കുള്ള പാഠസമയം ചിലപ്പോൾ പദ്യപാഠത്തിന് ഉപയോഗിക്കരുതേ? എന്നു ചോദിക്കയാണെങ്കിൽ, അതു തീരെ അസാദ്ധ്യമാണെന്നുമാത്രമേ മറുപടി പറയാൻ നിവൃത്തിയുള്ളു. കാമ്പോസിഷൻ എഴുതിക്കുക, തെററ് ഇന്നതാണെന്നു കുട്ടികൾക്കുംകൂടി മനസ്സിലാകത്തക്ക വിധത്തിൽ ചിലപ്പോഴെങ്കിലും അതു ക്ലാസ്സിൽവെച്ചു തിരുത്തുക, ഗൃഹപാഠപുസ്തകത്തിൽ വിദ്യാർത്ഥികൾക്കു നേരിടാവുന്ന സംശയങ്ങളെ പരിഹരിക്കുക, സാഹിത്യസാഹ്യം പഠിപ്പിക്കുക മുതലായ ജോലികളെല്ലാംകൂടി നിർവ്വഹിക്കുന്നതിനുതന്നെ, കാമ്പോസിഷൻ പീര്യേഡിനു പുറമേ, വ്യാകരണപീര്യേഡിൽനിന്നു ബാക്കിയാക്കാവുന്ന സമയവുംകൂടി ചെലവാക്കേണ്ടതായിട്ടാണിരിക്കുന്നതു്. ചുരുക്കിപ്പറഞ്ഞാൽ 30 പീര്യേഡുകൊണ്ടു 1500 വരി— അതായതു് ഒരു പീര്യേഡിൽ 50 വരി—പദ്യം പഠിപ്പിച്ചു തീക്കേണ്ടിയിരിക്കുന്നു. ചിന്താവിഷ്ടയായ സീതയെപ്പോലെ ആശയപൌഷ്കല്യവും ഭാവഗാംഭീര്യവുമുള്ള കൃതികൾ ശരിയായ വിവരണംകൂടാതെ വെറുതെ വായിക്കയോ വായിപ്പിക്കയോ ചെയ്തതുകൊണ്ടു വിദ്യാർത്ഥികൾക്കു് എന്തൊരു ഗുണമാണു കിട്ടാൻ പോകുന്നതു്? ശരിയായി പഠിപ്പിക്കുന്നതിനു സമയമെവിടെ? "നിശ്ചിതഭാഗം മുഴുവൻ പഠിപ്പിച്ചു തീരാതിരുന്നാൽ അതിനു കാരണമായിപ്പറയുന്ന യാതൊരു സംഗതിയും ക്ഷന്തവ്യമായി സ്വീകരിക്കയില്ലെ"ന്നു മേലധികാരികൾ കർശനമായ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. അധ്യാപകൻ ചുററിയില്ലേ? ഫോർത്തുഫാറത്തിലെ കാര്യം ഇങ്ങിനെ. സെക്കൻറുഫാറത്തിലെ സ്ഥിതി ഇതിലും കഷ്ടമാണു്. അവിടെ പഠിപ്പിച്ചു തീക്കേണ്ടിയിരിക്കുന്നതു രണ്ടായിരത്തിമുന്നൂറിൽപരം വരികൾ

ളാണ്. മാത്രമോ? "സാരസാസനസങ്കല്പാധാരസാരാവതാര"വും "പരബ്രഹ്മത്തിന്നു സ്പന്ദനം തട്ടി"യതും മററും മററും കുട്ടികളെ നല്ലപോലെ വിവരിച്ചു മനസ്സിലാക്കുകയും വേണം. ഒരു പദത്തിന്നു മറെറാരു പദം അർത്ഥമായിപ്പറഞ്ഞു തൃപ്തിപ്പെടുന്നതു നല്ല അദ്ധ്യാപകന്റെ ലക്ഷണമല്ലല്ലൊ. ഇതിരിക്കട്ടെ; സൂചിതകഥകൾ വിസ്തരിക്കാതെ വിട്ടുകളയാമോ? അതൊരിക്കലും പാടില്ല. "ഗോവർദ്ധനോദ്ധാരി" എന്ന നാമധേയം ശ്രീകൃഷ്ണന്റെ പര്യായമായി ഒരു സ്ഥലത്തുപയോഗിച്ചാൽ ഭഗവാൻ ഗോവർദ്ധനപർവ്വതത്തെ ഉദ്ധരിച്ച കഥ കുട്ടികളെപ്പറഞ്ഞു മനസ്സിലാക്കിയാൽ മാത്രം പോരാ, "ആ പർവ്വതത്തിന്നു ഗോവർദ്ധനമെന്നുള്ള പേരെങ്ങിനെയുണ്ടായി" എന്നുംകൂടി വിസ്തരിക്കണം. ഈ "മെത്തേഡ്" നല്ലതുതന്നെ. പക്ഷെ ഈ വഴിയെ സഞ്ചരിച്ചാൽ, എത്രകൊല്ലംകൊണ്ടു നിശ്ചിതപാഠഭാഗം പഠിപ്പിച്ചു തീരുമെന്നു വല്ലവരും ചോദിച്ചാൽ അതിന്നു സമാധാനം ആരും പറയാൻ തയാറില്ല. അദ്ധ്യാപകൻ കുററക്കാരനാണുതാനും!

ഒരു പിര്യേഡിൽ സാധാരണ നാലുവരി പദ്യമാണു "ട്രൈൻഡ്ടീച്ചർ" പഠിപ്പിക്കാറുള്ളതു്. ശിക്ഷാക്രമരീതിയിൽ പരിചയം കുറഞ്ഞ അദ്ധ്യാപകനാണെങ്കിൽ ഒരു പക്ഷെ എട്ടുവരി പഠിപ്പിച്ചുവെന്നും വരാം. ഫോർത്തുഫാറമായതുകൊണ്ടു് ഒരു നാലുവരിയുംകൂടി കൂടുതൽ പഠിപ്പിക്കാമെന്നുവെക്കുക. നാലുവരി എന്റെ വകക്കു സൌജന്യവും. എന്നിട്ടും 16 വരി മാത്രമെ ആകുന്നുള്ളു. ബാക്കി 34 വരി അദ്ധ്യാപകൻ വിഴുങ്ങിക്കളയുകയാണോ വേണ്ടതു്?

പാഠക്രമത്തേയും ബോധനാരീതിയേയും സുഗമവും സുകരവുമാക്കിത്തീക്കുന്നതിന്നാണു ശിക്ഷാക്രമപരിശീലനം ഏർപ്പെടുത്തീട്ടുള്ളതെന്നും ആ വഴിയെ സഞ്ചരിക്കുന്നവർക്കു കാര്യം എളുപ്പത്തിൽ കാണാൻ സാധിക്കുമെന്നും ഒരുപക്ഷെ ചിലർ പറഞ്ഞേക്കാം. ഇതിനെപ്പററി ഇപ്പോൾ ഞാൻ അധികമൊന്നും പറയുന്നില്ല. ശിക്ഷാക്രമപരിശീലനപദ്ധതി സാധാരണ ക്ലാസ്സുകളിൽ പ്രായോഗികമാക്കിത്തീക്കാൻ സാധിക്കയില്ലെന്നു് അക്കാര്യത്തിൽ തഴക്കവും പഴക്കവുമുള്ള പലരും പറഞ്ഞു ഞാൻ കേട്ടിട്ടുണ്ടു്. അവർ അങ്ങിനെ പറയുന്നതിന്നുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നു് ഇവിടെ രേഖപ്പെടുത്തേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അതു വേണമെങ്കിൽ പ്രത്യേകം ഒരുപന്യാസത്തിലായിക്കൊള്ളാം. എന്നാൽ എന്റെ ഒരനുഭവം ഇവിടെ പറയാതെ നിവൃത്തിയില്ല. തൃശ്ശിവപേരൂർ ട്രൈനിങ്ങ് സ്കൂളിൽവച്ചു് ഒരിക്കൽ ഒരു പദ്യമാതൃകാപാഠം കാണുന്നതിന്നു എനിക്കു് ഇടയായി. ട്രൈനിങ്ങ്സ്കൂളിൽ വളരെക്കാലം അദ്ധ്യാപകനായിരുന്ന ഒരു മാന്യനായിരുന്നു പാഠം നടത്തിയതു്. പന്ത്രണ്ടക്ഷരം വീതമുള്ള നാലുവരികളായിരുന്നു പാഠഭാഗം. ഒന്നേകാൽ മണിക്കൂറുകൊണ്ടാണു് അദ്ദേഹം പാഠം അവസാനിപ്പിച്ചതു്. "ഇങ്ങിനെ പദ്യം പഠിപ്പിച്ചുതുടങ്ങിയാൽ ഒരു

കൊല്ലംകൊണ്ടു് എത്ര വരി പഠിപ്പിച്ചുതീരും?" എന്നു പാഠാവസാനത്തിൽ ഒരു അദ്ധ്യാപകവിദ്യാൎത്ഥി സംശയം ചോദിച്ചു. "ഇതു മാതൃകാപാഠമാണു്; ചോദ്യത്തിനും അഭിപ്രായത്തിനും അവകാശമില്ല." എന്നുള്ള മറുപടിയാണു ട്രെനിങ്ങുസ്കൂൾ ഹെഡ്മാസ്റ്ററായ പ്രസിഡണ്ടിൽനിന്നും പുറപ്പെട്ടതു്. അധികാരംകൊണ്ടു് അദ്ധ്യാപകന്മാരുടെ വാമൂടിക്കെട്ടാൻ സാധിക്കുമെന്നല്ലാതെ കാൎയ്യം നടത്തിക്കൊണ്ടുപോകാൻ സാധിക്കുന്നതെങ്ങിനെയാണെന്നു് ഇതുകൊണ്ടു മനസ്സിലാകുന്നില്ല.

വിശേഷിച്ചും, നാലാം ക്ലാസ്സിലെ കൊച്ചുകുട്ടികളേയും കൂട്ടിക്കൊണ്ടു്, പറവൂർനിന്നു "സൌകൎയ്യമായ മാൎഗ്ഗ"ത്തിൽക്കൂടി കൊല്ലത്തെത്തി, തീവണ്ടിയാപ്പീസ്സിലെ വിശേഷങ്ങളേയും ടിക്കററിന്റെ വില ഇനം മുതലായവയേയും ഗണിതശാസ്ത്രത്തിന്റെ സഹായത്തോടുകൂടി പറയിക്കയോ പറയുകയോ ചെയ്തു്, അവിടെനിന്നു തീവണ്ടി കയറി, വഴിയ്ക്കു ചങ്ങലപ്പാലം, കടലാസ്സുയന്ത്രശാല, ശാസ്താംക്ഷേത്രം, റബ്ബർതോട്ടങ്ങൾ, തുരപ്പുകൾ, വിദ്യുച്ഛക്തിദീപങ്ങൾ, തിരുനൽവേലിയിലെ കലക്ടരാപ്പീസ്സു്, നൂൽവ്യവസായശാല, റയിൽവെജങ്ക്ഷൻ, മീനാക്ഷിക്ഷേത്രം, ചെമ്പുകൊണ്ടും പിച്ചളകൊണ്ടും പാത്രങ്ങളുണ്ടാക്കുന്ന സ്ഥലം മുതലായ ഓരോ വിശേഷങ്ങൾ കുട്ടികളെ കാണിച്ചു, വഴിക്കുള്ള ഓരോ വിശേഷസ്ഥലങ്ങളെ വിശദമായി പറഞ്ഞു മനസ്സിലാക്കി, അവയ്ക്കു ചരിത്രവുമായിട്ടുള്ള സംബന്ധത്തെ കുട്ടികളെക്കൊണ്ടു പറയിച്ചു, കൊല്ലത്തുനിന്നു് 317 മൈൽ അകലമുള്ളതും തീവണ്ടിവഴി രണ്ടു ദിവസംകൊണ്ടെത്താവുന്നതുമായ രാമേശ്വരത്തെത്തി, "രാമേശ്വരം ഹിന്തുക്കൾക്കു് ഒരു പുണ്യസ്ഥലമായിത്തീൎന്നതെങ്ങിനെ"യെന്നു പറഞ്ഞു കേൾപ്പിച്ചു്, "ദ്വിതീയസേതുബന്ധനചരിതം" വൎണ്ണിച്ചു്, തീൎത്ഥസ്നാനം കഴിഞ്ഞു മടങ്ങുന്നവഴി റയിൽവേസ്റ്റേഷനുകൾ, പുനലൂർ കഴിഞ്ഞാൽ വണ്ടിയുടെ ഗതിക്കുണ്ടാകുന്ന വ്യത്യാസവും അതിനുള്ള കാരണവും, പുനലൂരുള്ള വിശേഷക്കാഴ്ചകൾ, ചെങ്കോട്ടയുടെ സ്ഥാനം, അവിടത്തെ ഭാഷ, യാത്രയിൽ ഇടയ്ക്കു കണ്ട മററു വിശേഷസ്ഥലങ്ങൾ, രാമേശ്വരത്തിന്റെ പ്രാധാന്യം തുടങ്ങിയ എല്ലാ സംഗതികളും ആവൎത്തിച്ചു്, "കൊല്ലം മുതൽ രാമേശ്വരം വരെയുള്ള റയിൽവെ ലൈൻ വൃത്തിയായി വരച്ചും സ്ഥലങ്ങൾ അടയാളപ്പെടുത്തി പേരെഴുതിയുമിരിക്കുന്നു" ബോർഡുസ്കെച്ച് കുട്ടികൾക്കു വരച്ചെടുക്കാൻ വേണ്ട സമയമനുവദിച്ചു് അവസാനിപ്പിക്കേണ്ട ഒരു ഭൂമിശാസ്ത്രസഞ്ചാരപാഠം വെറും 45 മിനിട്ടുകൊണ്ടു നടത്തുന്നതിനു് "ഒരു പാഠക്കുറിപ്പെ"ഴുതിത്തള്ളീട്ടുള്ള* മിസ്റ്റർ ഡി. ഗോവിന്ദക്കൎത്താവുപോലും, ഭാഷാപദ്യപാഠങ്ങൾക്കു "കുറിപ്പു"കൾ തയാറാക്കുമ്പോൾ, 50 മിനിട്ടു സമയംകൊണ്ടു 12 വരിയിൽ കൂടുതൽ

* തള്ളുക മാത്രമല്ല, അതു കുറിക്കു കൊള്ളുകയും ചെയ്യും. (പത്രാധിപർ)

പഠിപ്പിക്കാമെന്നെഴുതാൻ ധൈര്യപ്പെട്ടിട്ടുള്ളതായി ഇതേവരെ കണ്ടിട്ടില്ല. ആ സ്ഥിതിക്കു സാധാരണക്കാരുടെ കാര്യം പറയാനുണ്ടോ? പക്ഷേ, ഇതൊക്കെ ആരോടു പറയുന്നു? ആരു കേൾക്കുന്നു? "കാട്ടിലെത്തടി; തേവരുടെ ആന; വലിയെടാ വലി!"

## ആധുനികഭാരതത്തിലെ യോഗിവര്യൻ

അഥവാ

# ബാബു അരവിന്ദഘോസ്.

(സി. ജി. അനന്തൻപിള്ള ബി. എ.)

### III. പുതിയ പ്രസ്ഥാനം.

അക്കാലത്തു് ഭാരതത്തിന്റെ കിഴക്കെ അറ്റത്തു്— അനവധി മഹാകവികളുടേയും വീരന്മാരുടേയും ഋഷീശ്വരന്മാരുടേയും മാത്രമല്ല, അരവിന്ദഘോസിന്റെയും ജന്മഭൂമിയായ ആ വംഗദേശത്തു്— അനവധി മഹൽസംഭവങ്ങൾ നടന്നുകൊണ്ടിരുന്നു. യാതൊരു പ്രസ്ഥാനത്തിന്റെ പ്രധാനപ്രവാചകനും പ്രിയശിഷ്യനും ആയി അരവിന്ദൻ തീൎന്നുവോ, യാതൊരു പ്രസ്ഥാനത്തിന്റെ യശസ്തംഭം ഒരു നവ്യലോകത്തിന്റെ അത്ഭുതത്തിനും അഭിനന്ദനത്തിനും കാരണമായി ഭവിച്ചുവോ, ആ പ്രസ്ഥാനം അവിടെ ആരംഭിച്ചു. ധാന്യസമൃദ്ധിക്കും മനുഷ്യമാഹാത്മ്യത്തിനും വിശ്രുതിപെറ്റ ആ മണ്ണിൽതന്നെ അതിന്റെ കുടുംബം സ്ഥാപിച്ചു. ഈ പുതിയ പ്രസ്ഥാനത്തേയും അതിന്റെ ഹേതുക്കളെയും ആവശ്യകതയേയും പറ്റി അറിയണമെങ്കിൽ നാം നമ്മുടെ മാൎഗ്ഗത്തിൽനിന്നും അല്പം വ്യതിചലിച്ചു ചില ചരിത്രസംഭവങ്ങളെപ്പറ്റി കുറഞ്ഞൊന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

ഈ പുതിയ പ്രസ്ഥാനത്തിന്റെ ആരംഭത്തിനു കാരണം, ബ്രിട്ടീഷ് ഗവൎമ്മെന്റിന്റെ സാഹസകൃത്യങ്ങളാണെന്നു വേണം പറയുവാൻ. ഒരു യാഥാസ്ഥിതികനായ വൈസറായി— അദ്ദേഹത്തെ സമൎത്ഥനായ ഒരു വൈസറായിയെന്നു വിളിക്കുന്നതു ചിലരുടെ ഇടയിൽ ഒരു ആചാരമായിത്തീൎന്നിട്ടുണ്ടെങ്കിലും— ഭാരതസന്താനങ്ങളെ വല്ലാതെ ക്ഷോഭിപ്പിച്ചു. അദ്ദേഹത്തിന്റെ അതിരുകവിഞ്ഞ സ്വേച്ഛാധികാരപ്രകടനം ഭാരതീയരെ ആകമാനം സുഷുപ്തിയിൽനിന്നും ഉണൎത്തി, തങ്ങളുടെ യഥാൎത്ഥസ്ഥിതി മനസ്സിലാക്കുന്നതിനുപകരിച്ചു. അദ്ദേഹം കൽക്കട്ടയിലെ മുനിസിപ്പൽ സ്വയംഭരണത്തെ നശിപ്പിക്കുകയും, പഞ്ചാബിലും ബാംബെയിലും ജനഹിതവിരുദ്ധങ്ങളായ ഭൂനിയമങ്ങൾ നടപ്പിലാക്കുകയും ചെയ്തു. അദ്ദേഹം ചെയ്തിട്ടുള്ള സകല പ്രവൃത്തികളിലും, ജനഹിതത്തോടു് ഉണ്ടായിരുന്ന അവ-

ഹേളനവും പ്രതിഷേധങ്ങളോടുകൂടിയിരുന്ന ഹീനമായ വിരോധവും സുവ്യക്തമായിരുന്നു. നമ്മുടെ രാജ്യത്തിലെ ഉന്നതവിദ്യാഭ്യാസത്തിൻെറ പരിധിയെ അദ്ദേഹം ഹ്രസ്വമാക്കി. ഭാരതസന്താനങ്ങൾക്ക് ഉപയോഗകരങ്ങളായ പല ഉദ്യോഗവകുപ്പുകളുടേയും കവാടങ്ങളെ രഹസ്യഉത്തരവുകൾ മൂലം അദ്ദേഹം നിരോധിച്ചു. മഹാരാജ്ഞിയുടെ വിളംബരം ഒരു ഭരണസൂത്രം മാത്രമാണെന്നും, അതു് എഴുതിയിരുന്ന കടലാസിൻെറ വിലപോലും അതിനില്ലെന്നും അദ്ദേഹം സ്ഥാപിച്ചു. കത്തുന്ന തീയിൽ നെയ്യെന്നപോലെ എല്ലാത്തിലും കഷ്ടമായി ഭാരതീയർക്ക് അസത്യം പറയുന്നതിനു സ്വാഭാവികമായ ഒരു വാസന ഉണ്ടെന്നും അദ്ദേഹം കല്പിച്ചു. ആ ക്രമികളുടെ അഹങ്കാരഹസ്തങ്ങളിൽ, കീഴടക്കപ്പെട്ട ജനങ്ങൾക്കു സദാ കുടിക്കുവാനുള്ളതും, തിക്തതയും അധഃകൃതത്വവും കലർന്നതും ആയ കുംഭം, ലാർഡ് കഴ്സൻെറ വൈസറായിത്വകാലത്തു നിറഞ്ഞു. ബങ്കാൾ വിഭജനം— ബങ്കാളികളുടെ ഹൃദയത്തെ വേദനിപ്പിച്ച ആ നിയമം— ഘോരവും നിശ്ചിതവുമായ അവരുടെ ഏകോപിച്ചുള്ള പ്രതിഷേധത്തിനുനേരെ നടപ്പിലാക്കിയപ്പോൾ ആ കുംഭം വിതിമ്പി. ആ നിയമം ഭരണനന്മയെ അടിസ്ഥാനമാക്കി നിർമ്മിച്ചതാണെന്നു പറയുന്നുണ്ടെങ്കിലും ബങ്കാളികളുടെ ഐക്യതയെ ഭഞ്ജനം ചെയ്യുന്നതിനും മഹമ്മദീയരോടു പ്രത്യേകം അനുഭാവം പ്രദർശിപ്പിച്ചു സമുദായങ്ങൾ തമ്മിൽ കലഹിപ്പിക്കുന്നതിനും തന്മൂലം വർഗ്ഗീയവിദ്വേഷാഗ്നിയെ ഉജ്ജ്വലിപ്പിക്കുന്നതിനും ആയിട്ടാണു നടപ്പിലാക്കിയിട്ടുള്ളതെന്നുള്ളതിനു സംശയമില്ല. ജനങ്ങൾ ക്ഷുഭിതരായെന്നു കണ്ടപ്പോൾ കിഴക്കെ ബങ്കാളത്തിൻെറ നാനാഭാഗങ്ങളിലും സഞ്ചരിച്ചു, മധുരമായ പ്രസംഗങ്ങൾകൊണ്ടു് അവരെ സമാധാനപ്പെടുത്തുവാൻ വൈസ്രായി ശ്രമിച്ചു. ചിലരെല്ലാം ആ വശീകരണത്തിനടിമപ്പെട്ടു. മററുള്ളവരുടെ വൈരാഗ്യവും വിരോധവും വർദ്ധിച്ചു് അവർ ഗവർമ്മെൻറുനിയമത്തെ കഠിനമായി പ്രതിഷേധിച്ചു. എന്നാൽ അവരുടെ പ്രതിഷേധംകൊണ്ടു ഫലമൊന്നുമുണ്ടായില്ല. നിയമം വേണ്ട സമയത്തുതന്നെ നടപ്പിലായി. പല പ്രാവശ്യവും മർദ്ദനവും പീഡയുമേററിട്ടുള്ളതും അതുവരെ അടക്കിക്കെട്ടി നിറുത്തിയിരുന്നതുമായ വികാരവാഹിനി, ക്ഷോഭിച്ചിളകിമറിഞ്ഞു് അഗ്നിപർവ്വതതുല്യമായ കോപാക്കമഹാപ്രവാഹമായി പുറത്തോട്ടു നിർഗ്ഗളിച്ചു. ബങ്കാൾ വിഭജനദിവസം ഒരു ദുഃഖദിനമായി ആചരിക്കുന്നതിനും, ഇംഗ്ലീഷ്സാമാനങ്ങളെ നിഷ്കരുണം ബഹിഷ്കരിക്കുന്നതിനും അവർ തീരുമാനിച്ചു. ഇങ്ങനെ ആ പുതിയ പ്രസ്ഥാനം ആരംഭിച്ചു.

എന്നാൽ പുതിയ പ്രസ്ഥാനമെന്നുപറയുന്നതു സ്വദേശിയും ബഹിഷ്കരണവും എന്നർത്ഥമുള്ളതാണെന്നോ, അതിൻെറ ഉത്ഭവം ഗവർമ്മെൻറിൻെറ പൊതുജനാഭിപ്രായധ്വംസകങ്ങളായ ചില നിയമങ്ങളിൽനിന്നാണെന്നോ മാത്രം പറയുന്നതു് ആ പ്രസ്ഥാനത്തെപ്പററിയുള്ള സങ്കുചി

തവും പരിമിതവുമായ ഒരു വ്യാഖ്യാനമെന്നേ പറയുവാൻ തരമുള്ളൂ. പുതിയ പ്രസ്ഥാനം സ്വദേശിയേക്കാളും ബഹിഷ്കരണത്തേക്കാളും വിസ്തൃതമായിട്ടുള്ളതാണ്; അതെ, അതു രാജ്യമീമാംസയേക്കാളും വിസ്തൃതമായിട്ടുള്ളതാണ്; ഒരു ജനതയുടെ മുഴവൻജീവിതവും പ്രവൃത്തിസാമർത്ഥ്യവും അതിൽ അടങ്ങിയിട്ടുണ്ട്. അതു് എല്ലാരാജ്യങ്ങളുടേയും ദേശങ്ങളുടേയും വളച്ച്ചയിൽ ആവശ്യമായ ഒരു ഘട്ടമാണെന്നുവേണം വിചാരിക്കുവാൻ. ഇതുപോലെയുള്ള ഒരു പുതിയ പ്രസ്ഥാനം, ദുഷിച്ചിരുന്ന ബുദ്ധമതത്തിന്റെ സ്ഥാനം വേദാന്തതത്വശാസ്ത്രം കൈവശമാക്കിയപ്പോൾ ശങ്കരാചാര്യരുടെ കാലത്തു് ഇൻഡ്യയിൽ ഉണ്ടായിട്ടുണ്ട്. ദീർഘകാലത്തെ ഉദാസീനതയുടേയും സുഖജീവിതത്തിന്റേയും ഫലമായി റോമൻകത്തോലിക്കരുടെ ഇടയിൽ വർദ്ധിച്ച മതഭ്രാന്തിയേയും അന്ധവിശ്വാസങ്ങളേയും മാർട്ടിൻലൂതറിന്റെ പ്രോട്ടസ്റ്റൻറുമതം ആക്രമിച്ചപ്പോൾ 16-ാംനൂററാണ്ടിൽ യൂറോപ്പിലും ഇതേപ്രകാരമുള്ള ഒരു പുതിയ പ്രസ്ഥാനമുണ്ടായിട്ടുണ്ട്. പ്രബുദ്ധമേധാവിത്വത്തിന്റെ അന്ത്യകാലത്തു്—18-ാം നൂററാണ്ടിന്റെ അന്ത്യകാലത്തു്—സ്വാതന്ത്ര്യം സമത്വം സഹോദരത്വം ഈ കാഹളത്തോടുകൂടി യൂറോപ്പിൽ വീണ്ടും ഇങ്ങനെ ഒരു പുതിയ പ്രസ്ഥാനമുണ്ടായിട്ടുണ്ട്. അതു് അൽശതാബ്ദത്തിനു മുമ്പു ജപ്പാനിലും പ്രവേശിച്ച്, അപരിഷ്കൃതരായ ജനങ്ങളെ അധികാരത്തിലും ശക്തിയിലും മഹിമയിലും ക്ഷേമത്തിലും അത്യുന്നതമായ ഒരു സോപാനത്തിൽ എത്തിച്ചു. അടുത്തകാലത്തു് അതു ഇൻഡ്യയിലും ചൈനയിലും—ലോകത്തിൽവച്ച് ഏററവും പൌരാണികവും ഉൽകൃഷ്ടവും പ്രതാപമേറിയതുമായ പരിഷ്കാരങ്ങളുടെ ഇരുകുടുംബങ്ങളിലും—വന്നുചേന്നു. യഥാർത്ഥത്തിൽ ഇപ്രകാരമുള്ള ഒരു പ്രസ്ഥാനം—വിജ്ഞാനോദ്ധാരണമെന്നോ, നവ്യജനനമെന്നോ, പുതിയ പ്രസ്ഥാനമെന്നോ നിങ്ങൾ പേരുപറഞ്ഞുകൊള്ളുക—ജനങ്ങൾക്ക് അവർ ഒരു ദേശക്കാരാണെന്നുള്ള ആത്മബോധമുണ്ടാകുമ്പോഴൊ, ഒരു ദേശക്കാരാകുമെന്നുള്ള ബോധമുണ്ടാകുമ്പോഴൊ, ലോകത്തിൽ അവക്കും ഒരു സ്ഥാനമുണ്ടെന്നും അവക്ക് ചില കൃത്യങ്ങൾ നിർവ്വഹിക്കാനുണ്ടെന്നും അല്ലാത്തപക്ഷം ലോകവിസ്താരക്കോടതിയിൽ കുററക്കാരായി ഗണിക്കപ്പെട്ടുമെന്നും അവരുടെ ശക്തികളെ നവരൂപിച്ചു വർദ്ധിപ്പിക്കണമെന്നും മുന്നണിയിലിറങ്ങി പ്രവർത്തിക്കണമെന്നും, അവരുടെ ഉദ്ദേശങ്ങളേയും ആദർശങ്ങളേയും ആഗ്രഹങ്ങളേയും വിശ്വാസങ്ങളേയും ഭാഷാരൂപത്തിൽ പ്രകടനം ചെയ്യണമെന്നും ബോധമുണ്ടാകുമ്പോഴൊ—ആവിർഭവിക്കാതേ തരമില്ല. ഇൻഡ്യയിൽ ആരംഭിച്ച ഈ പുതിയ പ്രസ്ഥാനത്തെ ചില സംഗതികൾ സഹായിച്ചിട്ടുണ്ട്. ഒന്നാമത്തേതു്, ഇംഗ്ലീഷുവിദ്യാഭ്യാസവും പാശ്ചാത്യപരിഷ്കാരവുമായിട്ടുള്ള സംഘട്ടനമാണ്. അവയ്ക്കു് എന്തെല്ലാം ന്യൂനതകൾ ഉണ്ടായിരുന്നാലും, അതു നാം അകപ്പെട്ടിരുന്ന ദീർഘനിദ്രയിൽനിന്നും നമ്മെ തട്ടിഉണത്തി

എന്നു പറയാതെ കഴികയില്ല. രണ്ടാമതായി നമ്മുടെ ഭൂതകാലത്തെ—അന്നത്തെ തത്വശാസ്ത്രം, കവിത, വേദശാസ്ത്രങ്ങൾ, സമുദായസംഘടനാരീതി മുതലായവയെ—നല്ലപോലെ മനസ്സിലാക്കിയതാണ്. മൂന്നാമതായി നാം ജപ്പാനോടും അല്പം കടപ്പെട്ടിട്ടുണ്ടെന്നു സമ്മതിക്കാതെ തരമില്ല. ജപ്പാന്റെ വിജയവും ലോകത്തിലുള്ള സ്ഥാനവും നമ്മുടെ നേത്രങ്ങൾ തുറപ്പിച്ചു. അവസാനമായി ഏഷ്യാഖണ്ഡത്തിൽ ഒട്ടാകെ പരന്നിരുന്ന വിജ്ഞാനപ്രവാഹത്തോടും നാം കടപ്പെട്ടിട്ടുണ്ട്.

എന്നാൽ ഈ പ്രസ്ഥാനത്തിന്റെ ആരംഭത്തിനു ഗവൺമെന്റിന്റെ നിയമങ്ങൾ ഹേതുഭൂതമല്ലെന്നുവരുമൊ? അങ്ങനെ പറയുന്നതു തീരെ ശരിയായിരിക്കുന്നതല്ല. ഗവൺമെന്റിന്റെ യഥാസ്ഥിതികത്വനയവും ബങ്കാൾ വിഭജനവും ഈ പ്രസ്ഥാനത്തിനു ശരീരവും രൂപവും കൊടുത്തു. വ്യക്തിജീവിതത്തിൽ തന്നെപ്പററി ബോധമുണ്ടാകുന്നതിന് അന്യന്റെ ഉരസൽ ആവശ്യമായിരിക്കുന്നതുപോലെ രാഷ്ട്രീയകാര്യങ്ങളിലും നമ്മുടെ ദേശീയജീവിതൈക്യത്തിനും ദൃഢതക്കും ഒരു ആപൽഘട്ടം അത്യാവശ്യമാണ്. ആ വിപത്തു വിഭജനരൂപത്തിൽ നമ്മുടെ നേരെ വന്നു.

ബങ്കാൾ വിഭജനം നമുക്ക് ഒരു ദേശീയജീവിതമുണ്ടെന്നും അതു മറിവേല്പപ്പെടാവുന്നതാണെന്നും നമ്മെ കാണിച്ചുതന്നു. ഒരിക്കൽ കാര്യബോധമുണ്ടായപ്പോൾ ശേഷം സംഗതി ലഘുവായിത്തീൎന്നു. ബോധത്തോടുകൂടി ശക്തിയുണ്ടായി; നാം ഉണൎന്നെത്തിയിട്ടുള്ള പുതിയ ജീവിതത്തെ അറിയുവാൻ ആഗ്രഹം ജനിച്ചു; ആഗ്രഹം പ്രവൃത്തിക്കു കാരണമായി; പ്രവൃത്തി നമ്മുടെ പുതിയ ശക്തിയെ ഗുണീഭവിപ്പിച്ചു. ഇപ്രകാരം അന്ധകാരത്തിൽ നട്ട വിത്തു, നിശ്ശബ്ദതയിൽ മുളച്ച്, പെട്ടെന്നു സൂര്യവെളിച്ചത്തിലേക്കു ചാടി, ശാഖാപല്ലവങ്ങളോടും മൊട്ടുകളോടുംകൂടിയ ഒരു വന്മരമായിത്തീൎന്നു.

IV. അരവിന്ദനും പുതിയ പ്രസ്ഥാനവും

ഈ പ്രസ്ഥാനത്തിന്റെ ആരംഭകാലത്ത് അരവിന്ദഘോസ് എവിടെയായിരുന്നു? ആ വിളി—ഈശ്വരന്റെ ഉദ്യാനത്തിൽവന്നു പ്രവൃത്തിചെയ്യുവാനുള്ള വിളി—ഏകാന്തതയാലും നിശ്ശബ്ദതയാലും ആവരണം ചെയ്തിരുന്ന അരവിന്ദന്റെ കൎണ്ണപുടത്തിലും എത്തി. അതിനുമുമ്പുതന്നെ അദ്ദേഹം രാഷ്ട്രീയകാര്യങ്ങളിൽ അല്പാല്പമായി പ്രവേശിച്ചിരുന്നു. 1894-ൽ ഭാരതമഹാജനസഭയുടെ നയത്തേയും പ്രവൃത്തികളേയും വിമൎശിച്ചുകൊണ്ട് അദ്ദേഹം ഇന്ദുപ്രകാശത്തിൽ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി. 1895 ന്റെ അവസാനത്തോടുകൂടി കാര്യങ്ങൾ തന്നത്താൻ കണ്ടു മനസ്സിലാക്കുന്നതിനായി അദ്ദേഹം ബങ്കാളത്തിൽ എത്തി.

അക്കാലത്തെ രാഷ്ട്രീയസ്ഥിതി മനസ്സിലാക്കുന്നതിന്, അതിനുമുമ്പു നടന്നിട്ടുള്ള ചില സംഗതികൾ കൂടി മനസ്സിലാക്കേണ്ടിയിരിക്കുന്നു. ബ്രിട്ടീഷ് സാമാനങ്ങളെ ബഹിഷ്ക്കരിക്കുവാനുള്ള പ്രമേയം 1905 ആഗസ്റ്റ് മാ

സം ഏഴാം തിയതി ബങ്കാളിൽ സ്വീകരിച്ചു. ബങ്കാളവിഭജനത്തിനായുള്ള പ്രമേയം അക്കൊല്ലംതന്നെ അക്ടോബർ 16-ാംനു- നിയമമായി. "വന്ദേമാതരം" എന്ന വിളി ഗവർമ്മെണ്ടു വിരോധിച്ചു. വിദ്യാർത്ഥികൾ രാഷ്ട്രീയകാര്യങ്ങളിൽ പ്രവേശിക്കുന്നതിനെ നിരോധിച്ചുകൊണ്ടുള്ള ഉത്തരവുകൾ പുറപ്പെട്ടു. കൂടാതെ അനവധി പൊതുയോഗങ്ങൾ ഗവർമ്മെൻറിൻെറ അനുവാദത്തോടുകൂടി പോലീസുകാർ പിരിച്ചുവിട്ടു. 1905 ഡിസംബർമാസത്തിൽ കാശിയിൽ വച്ചുകൂടിയ കാൺഗ്രസ്സ് നീചങ്ങളായ ഈ മർദ്ദനനിയമങ്ങളെ കഠിനമായി ആക്ഷേപിച്ചു. ആ കാൺഗ്രസ്സിൽതന്നെ ബങ്കാളിൽ ആരംഭിച്ചിട്ടുള്ള ബഹിഷ്കരണം, ഛിന്നഭിന്നമായ ആ പ്രവിശ്യയ്ക്ക് എത്രയും അത്യാവശ്യകമാണെന്നു കാണിച്ച് അതിനെ സാധൂകരിച്ചുകൊണ്ട് ഒരു പ്രമേയം അംഗീകരിച്ചു. അതാണു കാൺഗ്രസ്സിലെ പരിഷ്കരണകക്ഷിക്കാരുടെ ആദ്യത്തെ പ്രധാനമായ വിജയം. ഗവർമ്മെൻറു മർദ്ദനം സന്തോഷത്തോടുകൂടി തുടർന്നുകൊണ്ടിരുന്നു. ബ്രിട്ടീഷ് സാമാനങ്ങൾ ബഹിഷ്കരിക്കുവാനുള്ള പരിശ്രമവും അത്യുത്സാഹത്തോടെ നടന്നു. കിഴക്കെ ബങ്കാളത്തിൽ ബാക്കർഗഞ്ച് ഡിസ്ട്രിക്ടിൽ ബഹിഷ്കരണം ജാഗ്രതയായി നടന്നു. അതുകൊണ്ട് ആ സ്ഥലം ഗവർമ്മേൻറിൻെറ ഗാഢമായ ശ്രദ്ധയ്ക്കു വിഷയീഭവിച്ചു. ബാരിസാൾ പട്ടണത്തിൽ പട്ടാളക്കാരെ താമസിപ്പിച്ചു; അവർ തങ്ങളുടെ താന്തോന്നിത്വത്തെ കാണിക്കുകയും ജനങ്ങളെ ഭയപ്പെടുത്തുകയും ഉപദ്രവിക്കുകയും ചെയ്തു. 1906 മാർച്ച് മാസത്തിൽ ബാരിസാളിൽ വച്ചുകൂടിയ ബങ്കാൾ പ്രൊവിൻഷ്യൽ കാൺഫറൻസിനെ ഡിസ്ട്രിക്ട് മജിസ്ട്രേട്ടു മിസ്റ്റർ എമെഴ്സൻ, പിരിച്ചുവിടുകയും പ്രതിനിധികളേയും മററും അധിക്ഷേപിക്കുകയും മർദ്ദിക്കുകയും ചെയ്തു. സുരേന്ദ്രനാഥബാനർജിയെ അധിക്ഷേപിച്ച് അദ്ദേഹത്തിൻെറ പേരിൽ കോർട്ടുപമാനക്കുററം ചുമത്തി 200 രൂപ പിഴയിട്ടു.

സുപ്രസിദ്ധമായ ബാരിസാൾ കാൺഫറൻസിനെ പിരിച്ചയച്ചപ്പോൾ അരവിന്ദൻ അവിടെ ഉണ്ടായിരുന്നു. അദ്ദേഹം ബറോഡയിലേയ്ക്കു തിരിച്ചുവന്നപ്പോൾ അവിടെ കൂടിയ ഒരു പൊതുയോഗത്തിൽ താൻ ബങ്കാളത്തിൽ കണ്ട കാഴ്ചയെപ്പററി ഒരു പൂർണ്ണമായ വിവരണം നൽകി. ആ തവണ അദ്ദേഹം ബറോഡയിൽ അല്പകാലമെ താമസിച്ചുള്ളു. ബങ്കാളിൽ നടക്കുന്ന സംഭവങ്ങളെ അറിഞ്ഞുകൊണ്ടു ബറോഡയിൽ ഒരുദ്യോഗസ്ഥനായിരിക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. 1906 ജൂലൈ മാസത്തിൽ ബറോഡയിലെ തൻെറ ഉദ്യോഗം രാജികൊടുത്തു കൽക്കട്ടയിൽ വന്ന് അദ്ദേഹം അവിടെ സ്ഥിരതാമസം ഉറപ്പിച്ചു.

അരവിന്ദൻ ബങ്കാളത്തിലേയ്ക്കു വരേണ്ട സമയം അതിക്രമിച്ചിരുന്നു. എന്തുകൊണ്ടെന്നാൽ അദ്ദേഹത്തിൻെറ ജന്മഭൂമിയിൽ അദ്ദേഹം ചെയ്യേണ്ടതായ ജോലി—മററുള്ളവർക്ക് അദ്ദേഹത്തെപ്പോലെ ഭംഗിയാ

യി നിർവ്വഹിക്കുന്നതിനു വിഷമതയുള്ള ജോലി— അദ്ദേഹത്തെ കാത്തിരിക്കുകയായിരുന്നു. അവിടെ എത്തിയ ഉടൻതന്നെ പുതിയ പ്രസ്ഥാനം മൂലം ആവിർഭവിച്ച രണ്ടു സ്ഥാപനങ്ങളിൽ അദ്ദേഹം ഭാഗഭാക്കാകുന്നതു നാം കാണുന്നു. അവയിൽ ഒന്നു ദേശീയവിദ്യാഭ്യാസസഭയാണ്.

## അദ്ധ്യാപന ധർമ്മം

(ഡി. ഗോവിന്ദൻ കർത്താ)

വിജ്ഞാനപ്രദാനംകൊണ്ട് വിദ്യാർത്ഥികളെ സംതൃപ്തരും വിശിഷ്ടഗുണാകരങ്ങളും ആക്കിത്തീർക്കുന്ന ചുമതല വഹിക്കുന്ന ആളാണ് അദ്ധ്യാപകൻ. സമ്പാദ്യവിഹീനനായ ദാതാവിൻെറ ദാതൃത്വംകൊണ്ടു പ്രയോജനമുണ്ടാവാത്തതുപോലെ വിജ്ഞാനസമ്പാദ്യമില്ലാത്ത അദ്ധ്യാപകൻെറ ശ്രമവും നിഷ്ഫലമായിപ്പോവുന്നതിൽ ആശ്ചര്യപ്പെടുവാനില്ല. അതുകൊണ്ടു വിജ്ഞാനപ്രദാനം പോലെതന്നെ വിജ്ഞാനസമ്പാദനവും അദ്ധ്യാപകൻെറ മുഖ്യ ധർമ്മമാകുന്നു. എന്നാൽ പഠിപ്പിക്കുന്നതിനോളം തന്നെ പഠിക്കുന്നതിൽ അദ്ധ്യാപകന്മാർക്കു ഗൌരവബുദ്ധിയുണ്ടെന്നു തോന്നുന്നില്ല. പരീക്ഷാ സർട്ടിഫിക്കേററു കിട്ടിയതുകൊണ്ട് അഭ്യസ്തവിദ്യന്മാരായി എന്ന് അഭിമാനിക്കരുതു്. ആയുഷ്കാലം മുഴുവനും നിരന്തരപരിശ്രമം ചെയ്താലും അറിയേണ്ടതെല്ലാം അറിഞ്ഞതായിവരുക അസാദ്ധ്യം.

"അനന്തപാരംകിലശബ്ദശാസ്ത്രം
അല്പശ്ചകാലൊ ബഹവശ്ചവിഘ്നഃ"

എന്നാണല്ലോ പ്രമാണവും. അതുകൊണ്ടു എല്ലാവരും ആരബ്ധവിദ്യന്മാരാണെന്നു ഓർത്തുകൊള്ളേണ്ടതാകുന്നു. പതിവായി ഗ്രന്ഥപരിശ്രമം ചെയ്യുന്ന അദ്ധ്യാപകനാണു സ്വധർമ്മനിരതൻ. ഉപയോഗ പ്രദങ്ങളായ സൽഗ്രന്ഥങ്ങളെ വാങ്ങി പാരായണം ചെയ്യുന്നതിൽ അദ്ധ്യാപകന്മാർക്കു ഔത്സുക്യം ഉണ്ടായിരിക്കേണ്ടതാണ്. ദാരിദ്ര്യം ഇതിനു അനുവദിക്കുന്നില്ലെന്നപരാതി മലയാളം സ്കൂൾ അദ്ധ്യാപകന്മാരെ സംബന്ധിച്ചിടത്തോളം സ്വീകാര്യമാണ്. എന്നാൽ പണച്ചെലവു കൂടാതെ ഗ്രന്ഥപാരായണം ചെയ്യുന്നതിനു സൌകര്യം, അതിൽ അഭിരുചിയുള്ളവൎക്ക് തീരെയില്ലാതെയില്ല. ചെറുതായ ഒരു ഗ്രന്ഥശേഖരം മിക്ക വി. എം സ്കൂളുകളിലും ഉണ്ടു്. ചില പ്രൈമറി സ്കൂളുകളിലും ഏതാനും പുസ്തകങ്ങൾ ഉള്ളതായിട്ടു് ഈ ലേഖകനു അറിയാം. ഗ്രന്ഥപാരായണതല്പരന്മാരായ അദ്ധ്യാപകന്മാർക്കു സ്വധർമ്മാനുഷ്ഠാനത്തിനു ആവശ്യമായ പുതിയ അറിവുകളെ പാഠശാലയിലെ ഗ്രന്ഥശേഖരത്തിൻെറ സഹായംകൊണ്ടു സമ്പാദിക്കാം. എല്ലാ പാഠപുസ്തകങ്ങളും എല്ലാ അദ്ധ്യാപകന്മാരും വായിച്ചു

ഗ്രഹിച്ചിരിക്കണം. സ്കൂൾ ലൈബ്രറിയിൽ നിന്നു പുസ്തകം വാങ്ങി വായിക്കാൻ അദ്ധ്യാപകന്മാക്ക് അസൌകര്യമൊ അനർഹതയൊ ഉണ്ടാകുന്നതുമല്ലല്ലൊ. ആഴ്ചയിൽ ഒരിക്കലൊ രണ്ടാഴ്ചയിൽ ഒരിക്കലൊ ഓരോ പാഠശാലയിലേയും അദ്ധ്യാപകന്മാർ ഒന്നിച്ചുകൂടി അതിനിടയ്ക്കു വായിച്ചുണ്ടായ അറിവുകളെപ്പററി സംഭാഷണം നടത്തുന്നതു് വിജ്ഞാനസമ്പാദനത്തിനു നല്ല മാർഗ്ഗമാകുന്നു. മാസത്തിൽ ഒരിക്കൽ കൂടുന്ന അദ്ധ്യാപകസംഘത്തിൽവച്ചും ഇങ്ങിനെ ചെയ്താൽ നന്നായിരിക്കും. വിഷയജ്ഞാനം സമ്പാദിക്കുക മെരത്തഡ് പഠിക്കുന്നതിനേക്കാൾ പ്രധാനമായിട്ടുള്ളതാണ്.

അദ്ധ്യാപകൻ വിവിധകലകളിൽ സാമാന്യജ്ഞാനവും എന്നാൽ ഒരു പ്രത്യേകകലയിൽ വിശേഷപാണ്ഡിത്യവും സിദ്ധിച്ച ആളായിരിക്കണം. വിവിധകലകളെ കുറിച്ചു നവംനവമായ അറിവു സമ്പാദിക്കുന്നതിനു പത്രപാരായണം വളരെ ഉപയോഗപ്പെടും. ഒരു പാഠശാലയിലുള്ള എല്ലാ അദ്ധ്യാപകന്മാരുംകൂടി അല്പമായ ശമ്പളത്തിൽനിന്നു അത്യല്പമായ ഒരു തുക ശേഖരിച്ച് ഒരു നല്ല പത്രമെങ്കിലും വരുത്തി വായിക്കാൻ ശ്രമിക്കണം. അദ്ധ്യാപനവിഷയങ്ങളെക്കുറിച്ചും മററും പ്രതിപാദിക്കുന്ന മാസികകൾ അദ്ധ്യാപകന്മാരുടെ ഉപദേഷ്ടാക്കളാണ്. 'ഗുരുനാഥൻ' മാസിക എല്ലാംകൊണ്ടും ഗുരുനാഥന്മാരുടെ ബന്ധുവാണല്ലോ. അദ്ധ്യാപകന്മാർ പ്രസ്തുത മാസിക വായിച്ചു സംഗതികളെ ചർച്ചചെയ്തു പ്രയോഗിച്ചുനോക്കി അഭിപ്രായം പ്രകടിപ്പിക്കുവാൻ സന്നദ്ധരാവണം. മിക്ക വി. എം. സ്കൂളുകളിലേക്കും ഈ മാസിക ഗവർമ്മെൻറു എടുത്തു് കൊടുത്തുവരുന്നതുകൊണ്ടു് ഇതിനുള്ള സൌകര്യം ഇപ്പോൾ അദ്ധ്യാപകന്മാക്ക് ധാരാളം ലഭിച്ചിട്ടുമുണ്ടു്.

പുത്രൻ, പിതാവു്, പൌരൻ, ഭരണകർത്താവു്, സമുദായാംഗം ഇത്യാദി ഓരോനിലകളിലും മനുഷ്യൻസ്വധർമ്മാചരണത്താൽ ശോഭിക്കണം. ഇതിനുതകുംവിധം വിദ്യാർത്ഥികളെ ഒരുക്കാൻ ചുമതലപ്പെട്ട അദ്ധ്യാപകനും ഈ നിലയിലെല്ലാം കളങ്കലേശംകൂടാതെ ശോഭിക്കണം. പുത്രൻെറയും പിതാവിൻെറയും, ഭരണകർത്താവിൻെറയും, പൌരൻെറയും സമുദായാംഗത്തിൻെറയും മാതൃകയായിരിക്കണം അദ്ധ്യാപകൻ. തദനുസരണമുള്ള നടവടികളെ സ്വീകരിക്കുന്നതും അദ്ധ്യാപകന്മാരുടെ ധർമ്മമായി അവർ കരുതണം. അദ്ധ്യാപകൻെറ മാതൃക അദ്ധ്യേതാക്കൾ പകർത്തുന്നതാകയാൽ അദ്ദേഹത്തിൻെറ ജീവിതം അനുകരണയോഗ്യവും ആക്ഷേപാസ്പൃഷ്ടവും ആയിരിക്കേണ്ടതാണു്. അദ്ധ്യാപകൻ വാങ്മൂലമുള്ള ഉപദേശം ചുരുക്കി പ്രവൃത്തിമൂലം വിദ്യാർത്ഥികളെ അധികം ഉപദേശിക്കണം.

അദ്ധ്യാപകന്മാർ തമ്മിൽതമ്മിലുള്ള പെരുമാററത്തിൽനിന്നു വിദ്യാർത്ഥികൾ പല സ്വഭാവഗുണങ്ങളും അനുകരിച്ചു അഭ്യസിക്കേണ്ടതുണ്ടു്. സഹായാദ്ധ്യാപകന്മാർ പ്രഥമാദ്ധ്യാപകനെ അനുസരിക്കുന്ന ക്രമം കണ്ടു

വേണം യഥാൎത്ഥ അനുസരണഗുണം വിദ്യാൎത്ഥികളിൽ വേരൂന്നിവളരാൻ. ഈ ഘട്ടത്തിൽ പ്രഥമാധ്യാപകനും സഹായാദ്ധ്യാപകന്മാരും പരസ്പരം അനുവൎത്തിക്കേണ്ടതെങ്ങിനെയെന്നു അല്പം ചിന്തിക്കുന്നതു യുക്തമായിരിക്കുമെന്നു തോന്നുന്നു. ഒരു പാഠശാലയിലെ എല്ലാ അധ്യാപകന്മാരും പരസ്പരം സഹോദരഭാവത്തോടും ബഹുമാനത്തോടും വൎത്തിക്കുന്നതു പാഠശാലക്കു യശസ്കരമാണ്. എന്നാൽ അധികം പാഠശാലകളിലും കാണാവുന്നതു് ഇപ്പോഴത്തെ മരുമക്കത്തായ തറവാട്ടുകളിലെ യോഗക്ഷേമമാണ്. പ്രഥമാധ്യാപകനായ കാരണവനെ കെട്ടുകാൎയ്യസ്ഥനാക്കാനുള്ള പ്രയത്നത്തിൽ സഹായാദ്ധ്യാപകന്മാരാകുന്ന അനന്തരവന്മാൎക്കു യോജിപ്പു പോരായ്കയില്ല. സഹായാദ്ധ്യാപകന്മാരെ കൊള്ളരുതാത്ത കൂട്ടമാക്കുന്നതിനു ആവശ്യമായ സൂക്ഷ്മാന്വേഷണം നിൎഭാഗ്യവശാൽ ചില പ്രഥമാധ്യാപകന്മാൎക്കും സ്വന്ത യോഗ്യതയുടെ ഒരു ഭാഗമായിത്തീൎന്നിട്ടുണ്ട്. കാരണവനും അനന്തരവന്മാരും കൂടിയുള്ള പോരാട്ടത്തിൽ തറവാട്ടിലെ കുഞ്ഞുകുട്ടികൾ നിരാലംബരായി ഉഴലുന്നപോലെ, പ്രഥമാധ്യാപകനും സഹായാധ്യാപകന്മാരും കൂടിയുള്ള ഉരുട്ടിപ്പിടുത്തത്തിനിടയ്ക്കു പെട്ടുന്ന വിദ്യാൎത്ഥികളും അനാശാസ്യഗതിയെ അവലംബിക്കുന്നു. ഇതു ദൈവദ്രോഹമാണ്. വ്യക്തിഗതമായ പക വീട്ടുന്നതിനു പാഠശാലയെ കളരിയായി ഉപയോഗിക്കുന്ന അധ്യാപകന്മാർ എത്ര അപഹാസ്യരാണെന്നു അവർതന്നെ ആലോചിച്ചുനോക്കട്ടെ. പാഠശാലയുടെ സൎവ്വാഭ്യുദയവും പ്രഥമാധ്യാപകനിലാണു വേർനില്ക്കുന്നതെങ്കിലും സഹായാദ്ധ്യാപകന്മാരുടെ സൌഹാൎദ്ദപൂൎവ്വമായ സഹകരണം കൂടാതെ യാതൊന്നും സാധ്യമല്ല. സഹായാധ്യാപകന്മാരെക്കാൾ പഴമ കൊണ്ടുള്ള പരിചയവും തന്മൂലം പ്രാപ്തിയും പ്രഥമാധ്യാപകനുണ്ടെന്നു വേണം സങ്കല്പിക്കാൻ. പാഠശാലയിൽ ഹാജരാവുക, പഠിപ്പിക്കുക, പരിശോധിക്കുക മുതലായ കൃത്യങ്ങളെ നിൎവ്വഹിക്കുമ്പോഴെല്ലാം സഹായാധ്യാപകന്മാരിൽ നിസ്സാരതാബുദ്ധിയുണ്ടാകാതെ സൂക്ഷിക്കണം. ഒരുദാഹരണം പറയാം. ശമ്പളം വാങ്ങിക്കൊടുത്തപ്പോൾ ഒരു സഹായാധ്യാപകന് രണ്ടു കൊച്ചുകാശു കുറവായിപ്പോയി. ഇതു മനഃപ്പൂൎവ്വം കുറച്ചതല്ല. നാണയഭേദത്താൽ വന്നുപോയതാണ്. എന്നാൽ ആ കുറവിനെ ചൂണ്ടിക്കാണിച്ച സഹായാധ്യാപകനോടു പരിഭവിച്ചു തൽക്ഷണം 'നോട്ട്സ്' കാണിച്ചേ ക്ലാസിൽ പോകാവൂ എന്നു പ്രഥമാധ്യാപകൻ നിബന്ധിച്ചാൽ അദ്ദേഹത്തെക്കുറിച്ചു സഹായാധ്യാപകനുണ്ടാകാവുന്ന ചിത്തവൃത്തി എന്തായിരിക്കും. ഇതു ലേഖകൻെറ കപോലകല്പിതമായ ഒരു കഥയായി ഗ്രഹിച്ചാൽ മതി. ഇതുപോലെ പല കശപിശകളും അധ്യാപകന്മാരുടെ 'ഗുരുത്വ' മില്ലായ്മയുടെ ലക്ഷണമായി സംഭവിക്കാറുണ്ട്. ജോലി നടത്തിപ്പിന് ആവശ്യമായ പ്രഥമാധ്യാപകനിൎദ്ദേശങ്ങളെ എല്ലാം അനുസരിച്ചും അനുകൂലിച്ചും പ്രവൎത്തിക്കുകയാണു സഹായാധ്യാപകധൎമ്മം.

പ്രഥമാദ്ധ്യാപകനും സഹായാദ്ധ്യാപകന്മാരും തമ്മിലുള്ള ഇടപാടുകളിൽനിന്നു വെളിവാകുന്ന അനാശാസ്യതകളുടെ ഫലമായിട്ടായിരിക്കാം, ചില മേലധികാരികൾ അദ്ധ്യാപകന്മാരെ തീരെ അവിശ്വസിച്ചും അവരുടെ സ്ഥാനമഹത്വത്തെ അവഗണിച്ചും പെരുമാറാൻ ഇടയാകുന്നതു്. ഇതു അദ്ധ്യാപകന്മാരുടെ മഹത്വവും ധർമ്മവും അവർ അറിയാത്തതുകൊണ്ടല്ലെങ്കിൽ പിന്നെ എന്തുകൊണ്ടാണു്? തന്റെ ധർമ്മത്തിൽ തനിക്കു വിശ്വാസമുണ്ടായാൽ ഭീരുത്വത്തിനു അവകാശമില്ലല്ലോ.

അദ്ധ്യാപകവൃത്തി ഏററവും മഹത്തായ തൊഴിലാണു്. അതിന്റെ നിർവ്വഹണത്തിനു മതിയായ യോഗ്യത തനിക്കുണ്ടെന്നുള്ള ആത്മവിശ്വാസസഹിതം പാഠശാലയിൽ ഹാജരാവണം. ഇതരസംഗതിയിൽ ദൃഷ്ടി അയക്കാതെ രാജ്യത്തിന്റെ ഭാവൈശ്വര്യത്തിനു നിദാനമായ ഉത്തമകൃത്യനിർവ്വഹണമാണു തങ്ങളുടെ ചുമതലയെന്ന ബോധത്തോടെ പണിയെടുക്കണം. അതിലേക്കു പിന്നോക്കമായി എന്നു വരാതെ സൂക്ഷിക്കണം. ഇതാണു അദ്ധ്യാപകന്റെ മഹാധർമ്മം.

## പുസ്തകാഭിപ്രായം.

### കനകമംഗലം.

ഗ്രന്ഥകർത്താവ്, എൻ. കെ. കൃഷ്ണപിള്ള

സർവ്വീസ് ആഫീസ്, തിരുവനന്തപുരം; വില, ക 1—0—0

പൌരസമത്വവും വർഗ്ഗീയപ്രാതിനിധ്യവും രാഷ്ട്രീയമണ്ഡലങ്ങളിൽ മാത്രമല്ല, സാഹിത്യമണ്ഡലത്തിലും വ്യാപിച്ചിട്ടുണ്ടു എന്നു പലരും ഘോഷിച്ചുതുടങ്ങിയിരിക്കുന്നു. അഭിപ്രായപ്രകടനങ്ങളും, ഗുണദോഷനിരൂപണങ്ങളും ജാതിമതദുസ്വാദികൾ അടിസ്ഥാനപ്പെടുത്തിത്തുടങ്ങുന്നതാണോ ഇതിനുള്ള ഹേതു എന്നു ഞങ്ങൾ ശങ്കിക്കുന്നു. കാവ്യങ്ങളും കഥകളും നോവലുകളും ആഖ്യായികകളും ഈയിടെ ഭാഷയിൽ വളരെ ഉണ്ടായിട്ടുണ്ടു്; ഉണ്ടാകുന്നുമുണ്ടു്. അവയിൽ എത്ര എണ്ണം അതതിന്റെ സ്ഥാനം അർഹിക്കുന്നുണ്ടെന്നുള്ളതു ഭാഷാഭിമാനികൾ അന്വേഷിക്കേണ്ടിയിരിക്കുന്നു. ഞങ്ങളുടെ മുൻപാകെ ഇരിക്കുന്ന ഈ "കനകമംഗലം" ഒരു സാമുദായിക നോവലാണു്. തൽകർത്താവാകട്ടെ, സമുദായസേവനം ഒരു തൊഴിലായി സ്വീകരിച്ചു, സർവ്വീസ് സൊസൈററിയുടെ ആദർശങ്ങളനുസരിച്ചു പൊടിയായി ജോലിചെയ്തുവരുന്ന ഒരു സമുദായഭക്തനുമാണു്. പോരെങ്കിൽ "സർവ്വീസി"ന്റെ പത്രാധിപരുമാണു്. തന്നിമിത്തം അദ്ദേഹത്തിനു നായർസമുദായത്തിന്റെ തൽക്കാലസ്ഥിതിഗതിയെയും അഭ്യുദയമാർഗ്ഗങ്ങളേയും കുറിച്ചു നല്ലപോലെ വിചിന്തനം ചെയ്യുന്നതിനു സാധിച്ചിട്ടുള്ളതിനാൽ ഉ

ത്തമങ്ങളായ പല ആദർശങ്ങളെയും ആശയങ്ങളെയും പ്രസ്തുതഗ്രന്ഥം മുഖേന സമുദായത്തിനു ചൂണ്ടിക്കാണിച്ചുകൊടുക്കുന്നതിനു സാധിച്ചിട്ടുണ്ട്. നായർ സമുദായമാകട്ടെ, അതിനെ അഭിനന്ദിക്കുകയും അനുമോദിക്കുകയും ആദരിക്കയും ഒക്കെ ചെയ്തു കഴിഞ്ഞിരിക്കുന്നു. ആ സ്ഥിതിക്ക് ഞങ്ങൾ കൂടുതലായി ഒന്നും പറയേണ്ടതായിട്ടുമില്ല.

മദ്ധ്യതിരുവിതാംകൂറിൽ മാവേലിക്കരയിലുള്ള ഒരു പ്രധാനകുടുംബമാണു കനകമംഗലം. കിട്ടുപിള്ളയും അദ്ദേഹത്തിന്റെ ഭാൎയ്യ ലക്ഷ്മിക്കുട്ടി അമ്മയുമാണു കഥാരംഭകാലത്തു പ്രസ്തുതകുടുംബത്തിൽ ഉണ്ടായിരുന്നത്. കിട്ടുപിള്ളയുടെ ജ്യേഷ്ഠൻ ശങ്കുപ്പിള്ള ബാംബെയിൽ കച്ചവടത്തിനു പോയിരുന്നു. പിന്നീട് അദ്ദേഹത്തിന്റെ കഥയെപ്പററി ഒരറിവും ഉണ്ടാകാഞ്ഞതിനാൽ കഥാവശേഷനായി കരുതിവന്നു. സന്താനമില്ലാതെ ഉരന്തസന്താപമനുഭവിച്ചുകൊണ്ടിരുന്ന കനകമംഗലത്തെ ദമ്പതിമാൎക്ക് ഒരു ദിവസം ഉഷസ്സന്ധ്യയ്ക്കു ഭവനത്തിന്റെ തിണ്ണയിൽനിന്നും ആകസ്മികമായി ഒരു ശിശുവിനെ ലഭിക്കുന്നു. കഷ്ടിച്ച് ഒരു വയസ്സുമാത്രം പ്രായമായിരുന്ന ആ ശിശുവിനെ അനപത്യദുഃഖം അനുഭവിച്ചുവന്നിരുന്ന ആ ദമ്പതിമാർ വളൎത്തിവന്നു. കനകമംഗലത്തിലെ കഥാനായകനായ രാജശേഖരൻനായർ ഈ ശിശുവാണു്. സൽക്കൎമ്മപുണ്യഫലംകൊണ്ട് ഏറെത്താമസിയാതെ കമലം എന്നൊരു പെൺകുട്ടി അവൎക്കു ജനിച്ചു. കഥാനായികയായ ആ യുവതിയും രാജശേഖരനും തമ്മിൽ അനുരക്തരായിത്തീരുന്നു. സാമുദായികമായി നേരിട്ട പല തടസ്സങ്ങളും പരിഹരിച്ച് അവരുടെ വിവാഹവും നടക്കുന്നു. ഇപ്രകാരമാണു് ഈ കഥയിലെ ഇതിവൃത്തം.

കഥാഘടനയിലും പാത്രനിൎമ്മാണത്തിലും ഗ്രന്ഥകത്താവിനു്, സി വി. യുടെ കാററു തട്ടീട്ടുണ്ടെങ്കിലും അദ്ദേഹത്തിന്റെ ഹൃദയം ലഭിച്ചുകാണുന്നില്ല. ആദ്യമായി കഥാഗുംഫനത്തിനു ശക്തി പോരാതെവന്നിട്ടുണ്ട്. സാമാന്യക്കാരായ വായനക്കാൎക്കുപോലും, സന്യാസിനി, വൃദ്ധതാപസൻ മുതലായ വേഷപ്രച്ഛന്നന്മാരുടെ സൂക്ഷ്മസ്ഥിതി അതാതു ഘട്ടങ്ങളിൽത്തന്നെ വ്യക്തമായി മനസ്സിലാവുകയില്ലയോ എന്നു ഞങ്ങൾ ശങ്കിക്കുന്നു. കഥാനായകനായ രാജന്റേയും, സമുദായഭക്തനായ കിട്ടുണ്ണിക്കുറുപ്പിന്റെയും പേരിൽ ക്രിമിനൽകേസു കൊടുത്തതുകൊണ്ടുള്ള പ്രയോജനമോ, അതിന്റെ അവസാനമോ എന്തെന്നു പലരും അന്വേഷിച്ചേക്കാം. നോട്ടുകേസു ധാരാളമുള്ള ഇക്കാലത്തു്, "ആലിമുതലാളി"ക്കു സമ്മാനിച്ച കള്ളനോട്ടിൽ പോഷ്ക്കാരെക്കൊണ്ട് ഒപ്പിടുവിക്കാൻ ഒരുമ്പെട്ട ഗ്രന്ഥകത്താവ്, അതു കേസാക്കാതെ "അമുക്കി"ക്കളഞ്ഞതു കാലസ്ഥിതിക്കും സ്വാഭാവികതയ്ക്കും മതിയായില്ലെന്നു വിചാരിക്കുന്നവരും ഉണ്ടാകാം. എന്നാൽ കഥയുടെ പരിസമാപ്തി ഏതൊരുവന്റേയും ഹൃദയത്തെ ആവൎജ്ജിക്കാതിരിക്കയില്ല. കഥാനായകന്റെ മാതാപിതാക്കന്മാരും, വൃദ്ധസന്യാസി ശങ്കര

പ്പിള്ള വലിയച്ഛനും തങ്ങളുടെ പ്രച്ഛന്നജീവിതത്തിന്റെ ഘനഭാവം നീക്കിത്തീക്കുമ്പോൾ ആ രംഗത്തു സ്ഥിതിചെയ്യുന്ന എല്ലാവരും കണ്ണുനീരിൽ മുങ്ങുന്നതുപോലെ വായനക്കാരനും മുങ്ങുന്നതാണ്. കമലം, വൃദ്ധസന്യാസി, കിട്ടുപിള്ള, ലക്ഷ്മിക്കുട്ടിഅമ്മ മുതലായ കഥാപാത്രങ്ങൾ, പാത്രസൃഷ്ടിയിൽ അദ്വിതീയനായിരുന്ന, സി. വി യുടെ പല കഥാപാത്രങ്ങളേയും അനുസ്മരിപ്പിക്കുന്നുണ്ടു്. അവരുടെ ആകൃതിയും പ്രകൃതിയും അനുരൂപമായിരിക്കുന്നതിനാൽ രസവിച്ഛിത്തിക്കും ഹേതുവായിട്ടില്ല. നായികാനായകന്മാക്കു ലഭിച്ചിരിക്കുന്ന വിദ്യാഭ്യാസം, നല്ലൊരാദശമായിരിക്കുന്നുണ്ടെങ്കിലും— പ്രഭുകുടുംബജാതന്മാക്കു യോജിക്കുമെങ്കിലും— ജീവിതനിവ്വഹണത്തിനു വഴികാണാത്ത ഒരു സമുദായത്തിനു് ആദശമായി സ്വീകരിക്കാമോ എന്നു ഞങ്ങൾ ശങ്കിക്കാതിരിക്കുന്നില്ല. "വിവേകാനന്ദന്റെ കൃതികൾ സ്റ്റാക്കിൽ ഇല്ലാതെ വന്നെങ്കിലും മേരികാർളിയുടെ നോവലുകൾ ഉണ്ടായിരുന്നതു" കാലസ്ഥിതിക്കു കമലമ്മയുടെ ഭാഗ്യം തന്നെ. മഹിളാമന്ദിരത്തിലെ പാഠപദ്ധതി അനുകരണീയമായിരിക്കുന്നുണ്ടു്. അതിലേയ്ക്കു ഞങ്ങൾ മന്ദിരാധിപയെ അനുമോദിക്കുന്നു. അതോടുകൂടി സംസ്കൃതഭാഷയ്ക്കുകൂടി കാലവിളംബമെന്യേ അവിടെ പ്രവേശം അനുവദിക്കുമെന്നു് ആശിക്കയും ചെയ്യുന്നു. ജീവിതനിവ്വഹണത്തിനു് ഉപകരിക്കാത്ത വിദ്യാഭ്യാസംകൊണ്ടുള്ള ദോഷങ്ങൾ ഗ്രന്ഥകത്താവു നല്ലപോലെ വ്യക്തമാക്കീട്ടുണ്ടു്. ഉദ്യോഗലാഭത്തിനുള്ള മാഗ്ഗങ്ങൾ, കൈക്കൂലിയോ, ശിപാശിയോ, വലിയ ഉദ്യോഗസ്ഥന്മാരുടെ മക്കളുടേയോ, മരുമക്കളുടേയോ ഭത്തൃപദമോ ആണെന്നു കാണുന്നു. തൊഴിലില്ലാത്ത ബി. ഏ. ക്കാരുടെ എണ്ണം തിരുവനന്തപുരത്തു ധാരാളമാണെങ്കിലും, അവരെ ഇത്രവളരെ പുച്ഛിക്കുകയും ചീത്തയാക്കുകയും ചെയ്തിട്ടുള്ളതു മനഃപൂവ്വമാണെന്നു തോന്നുന്നില്ല. നായർഉദ്യോഗസ്ഥന്മാരുടെ നിഷ്പക്ഷപാതിത്വം നായന്മാക്കു് അഭിമാനകരമായല്ലാതെ വരാൻ തരമില്ലല്ലോ. സമുദായത്തിലെ നിമ്നോന്നതാവസ്ഥ, സംഘടനക്കു വിഘാതമായിത്തീന്നിട്ടുണ്ടെന്നു് അറക്കൽ കുറുപ്പിന്റേയും, കാറിക്കര "പണിക്കരെശ്ശന്റേയും" മനസ്ഥിതി വ്യക്തമാക്കുന്നുണ്ടു്. സമുദായസേവനം തന്നെ തൊഴിലായി സ്വീകരിച്ചിട്ടുള്ള ഏതാനും അംഗങ്ങൾ ഉണ്ടായിരിക്കണമെന്നും, അതിലെ ചിലവിലേക്കു് അറക്കലെ കുറുപ്പിനെപ്പോലെയുള്ള സമുദായത്തിൽ കുറുപ്പന്മാർ മുക്തഹസ്തമായി ധനം ദാനംചെയ്യണമെന്നും, സവ്വീസ്സൊസൈറ്റിയുടെ പ്രാതിനിധ്യം സ്വീകരിച്ചുകൊണ്ടു ഗ്രന്ഥകത്താവ് ഹൃദയാവജ്ജകമാംവണ്ണം ഉപദേശിക്കുന്നു. സമുദായത്തിന്റെ സാമ്പത്തികാവസ്ഥ വളരെ അധഃപതിച്ചിരിക്കുന്നുവെന്നും, തന്നിവാരണാത്ഥം കമ്പനികളും ബാങ്കുകളും, ചിട്ടികളും, സഹകരണസംഘങ്ങളും സ്ഥാപിച്ചു് ശങ്കരപ്പിള്ളയേപ്പോലുള്ള അധ്വാനികളെ വൎദ്ധിപ്പിക്കുകയും, സഹായിക്കുകയും ചെയ്യേണ്ടതാണെന്നു പല സ്ഥലത്തും

ഉപദേശിച്ചിട്ടുള്ളത് അതിൻെറ തീക്ഷ്ണതകൊണ്ടു പ്രസംഗമായ വന്നുപോയൊ എന്നു പലരും സംശയിച്ചേക്കാം.

കാരണവരുടെ പക്കൽനിന്നും ആളോഹരി ഭാഗം വാങ്ങിക്കണമെന്നും, കാരണവത്വമുള്ള അച്ഛൻെറ കുടുംബം ഭാഗിക്കാതിരിക്കണമെന്നും, വിചാരിക്കുന്ന പെരുപ്പക്കാരുടെ തുക തീരെ കുറഞ്ഞുകാണുന്നില്ല. പ്രഭുകുടുംബങ്ങളിലെ ഗൃഢവത്തമാനങ്ങൾ പലതും അവിടത്തെ വാലിയക്കാരിൽ സ്ഥിതിചെയ്യുന്നതും, അവർമൂലം അതു വെളിയിൽ വരുന്നതും സാധാരണമാണ്. "ജനങ്ങളെ സ്വപ്നാപേക്ഷണതല്പരരാക്കുന്നതു കാലദേശവർണ്ണനകളാണല്ലോ." ആ സ്ഥിതിക്ക് ഈ കഥ, ഏതുകാലത്തു്, ഏതുദേശത്തു നടന്നു എന്നുള്ള ഒരു അന്വേഷണം അത്യാവശ്യമാകുന്നു. തിരുവിതാംകൂറിനെ മൊത്തമായും, തിരുവനന്തപുരത്തെ പ്രത്യേകമായും, ഈ കഥ സ്പർശിക്കുന്നുണ്ടു്. അനന്തപുരിയുടെ ഒരു ചിത്രീകരണം ഗ്രന്ഥകത്താവു ബഹുഭംഗിയായി സാധിച്ചിരിക്കുന്നു. പേഷ്കാരെപ്പോലെയുള്ള ബുദ്ധിശൂന്യന്മാരും, ചോരക്കണ്ണൻ കൃഷ്ണപിള്ള മുതൽപേരെപ്പോലെയുള്ള തഴമ്പിച്ച കേഡികളും തിരുവനന്തപുരത്തു സുലഭമായിരിക്കാം. നായന്മാരുടെ ഇക്കാലത്തെ സ്ഥിതിഗതികളെയാണ് ഈ നോവൽ പ്രധാനമായി പരാമശിക്കുന്നതു് എന്നു കല്പിക്കുന്നപക്ഷം, ഒരു നോവലിനെ സംബന്ധിച്ചിടത്തോളം ഉണ്ടായിരിക്കേണ്ട "സംഭാവ്യതാഗുണത്തിനു" ചില ദിക്കിൽ അല്പം ശൈഥില്യങ്ങളും കണ്ടേക്കാവുന്നതാണ്. ഗ്രന്ഥാഷമായ ഭാഷ ലളിതകോമളവും, അനുകരണയോഗ്യവും ആയിരിക്കുന്നു. എങ്കിലും "ക്രുവൽ.........ക്രുവിവിട്ടു"-(page—1) "മാളികാ.........ഒരു സൌധമാണ്"-(p-20) എന്നിങ്ങനെയുള്ള ശബ്ദപൌനരുക്ത്യങ്ങളും, "കിന്നാരങ്ങളും" ചുരുക്കമല്ല.

സാമുദായികമായ ഒരു നോവൽനിമ്മാണം വളരെ വിഷമമേറിയതായ ഒന്നാണ്. ആഖ്യായികാകത്താക്കന്മാരിൽ അഗ്രഗണ്യനായിരുന്ന പുണ്യശ്ലോകൻ സി. വി. രാമൻപിള്ളകൂടിപ്പോലും പ്രേമാമൃതമല്ലാതെ കുററമററ മറെറാരു സാമുദായികനോവൽ സമുദായത്തിനു സമപ്പിക്കാൻ സാധിച്ചിട്ടില്ല. അതുകൊണ്ടു് ആകപ്പാടെ പറകയാണെങ്കിൽ ഈയിട ആവിർഭവിച്ചിട്ടുള്ള സാമുദായികനോവലുകളിൽ ആദശങ്ങളുടേയും, ആശയങ്ങളുടേയും, ആധിക്യംകൊണ്ടും, പ്രതിപാദനാരീതിയുടെ വൈശിഷ്ട്യംകൊണ്ടും, ഭാഷയുടെ ശുദ്ധികൊണ്ടും, ആദ്യന്തം നിലനിന്നുകാണുന്ന രസത്തിൻെറ ഭാവംകൊണ്ടും "കനകമംഗലത്തിനു" മാന്യമായ ഒരു സ്ഥാനമുണ്ടെന്നു നിമ്മത്സരന്മാർ സമ്മതിക്കതന്നെ ചെയ്യും. ഗ്രന്ഥകത്താവിൻെറ ഈദൃശമായ പരിശ്രമത്തെ ഞങ്ങൾ ഹാദ്ദമായി അഭിനന്ദിക്കുന്നു. ഈ നോവൽ എല്ലാനായന്മാരും വായിച്ചിരിക്കേണ്ടതാണ്. നായന്മാരെല്ലാം ഈ നോവലിൻെറ ഓരോ പ്രതിയെങ്കിലും വാങ്ങി, സമുദായത്തോടു തങ്ങൾക്കുള്ള ഒരു കടപ്പാടിനെ നിറവേററുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

# കുറിപ്പുകൾ.

## ഡൻമാക്കിലെ ഒരു പെൺപാഠശാല.

ഡെൻമാക്കിൽ കോപ്പൻഹേഗനിൽ സ്ത്രീകളുടെ അഭ്യുദയാത്ഥം ഇൻഗ്രിഡ് ജേസ്പാർസൻ എന്ന മഹതി ഏകദേശം മുപ്പതിൽപരം കൊല്ലങ്ങളോളമായി ഒരു സ്കൂൾ നടത്തിവരുന്നുണ്ട്. ഈ സ്കൂളിൽ ഒരു ക്ലാസിൽ സാരണ 14 വിദ്യാത്ഥിനികൾ ഉണ്ടായിരിക്കും. ഇരുപതു വിദ്യാത്ഥികളിൽ ഒരിക്കലും കൂടിക്കൂടാ എന്നാണു നിശ്ചയം. ഓരോ ക്ലാസിലും അധികം കുട്ടികൾ ഉണ്ടായിരിക്കുന്നതു ദോഷമാണെന്നാണ് അവരുടെ പക്ഷം. കുട്ടികളെ ആദ്യം കിൻറർഗാർട്ടൻ ക്ലാസുകളിൽ ചേക്കുന്നു. 18. 19 വയസ്സുവരെ അവിടെത്തന്നെ കഴിച്ചുകൂട്ടുന്നു.

ഈ വിദ്യാലയത്തിൽ മൂന്നാംഫാറം മുതൽ ജമ്മൻ, ഇംഗ്ലീഷ് മുതലായ വിദേശഭാഷകൾ പഠിപ്പിച്ചുവരുന്നു. പക്ഷെ, പാഠ്യപുസ്തകങ്ങൾമുഖേനയല്ല ഭാഷ പഠിപ്പിക്കുന്നതു്. പ്രസംഗങ്ങൾ, വാദപ്രതിവാദങ്ങൾ, കഥകൾ, സംഭാഷണങ്ങൾ, സന്ദർശനയാത്രകൾ മുതലായവ മുഖേനയാണു ഭാഷ പഠിപ്പിക്കുന്നതു്. അമേരിക്കയിലും, ജമ്മനിയിലും മററും അനുവത്തിച്ചുവരുന്ന സമ്പ്രദായവും ഇതുതന്നെ. ശാസ്ത്രീയമായ രീതിയിൽ വിദ്യാലയത്തോടുചേന്നു് ഒരു പാചകശാലയും നടത്തിവരുന്നുണ്ട്. കുട്ടികൾക്കു ഗൃഹഭരണത്തിലും, പാചകവൃത്തിയിലും ശരിയായ പരിശീലനം ലഭിച്ചിരിക്കണമെന്നാണവരുടെ ഉദ്ദേശം. കൂടാതെ രസതന്ത്രശാസ്ത്രവും ഇവിടെ പഠിപ്പിക്കുന്നുണ്ട്. ഇതിനെല്ലാം പുറമെ, വീട്ടുസാമാനങ്ങളും മററും ഉണ്ടാക്കാനുള്ള ഒരു തൊഴിൽശാലയും ഇവിടെ സ്ഥാപിച്ചിട്ടുണ്ട്.

വ്യായാമത്തിലും ഇവിടെ ശ്രദ്ധിക്കുന്നുണ്ട്. അവ വനിതകളുടെ ശരീരപ്രകൃതിക്കനുസരിച്ചുവയുമാണ്. ഡ്രിൽ, നത്തനം, നടനം മുതലായവയാണ് അവയിൽ പ്രധാനം. ഇതു് എല്ലാ വിദ്യാത്ഥികൾക്കും നിബ്ബന്ധിതവുമാണ്.

തൊഴിൽശാലയിൽ എത്രയും കൗതുകകരമായ പദാത്ഥങ്ങൾ പണിചെയ്തുവച്ചിരിക്കുന്നതായി കാണാം. ഇതിനുവേണ്ട മരംമുതലായവ കുട്ടികൾതന്നെ പണംകൊടുത്തു വാങ്ങണം. എങ്കിലും അവർ ഉണ്ടാക്കുന്ന സാമാനങ്ങൾ അവരുടെ ഭവനങ്ങളിലേയ്ക്കു കൊണ്ടുപോകാവുന്നതാണ്. കസേര, മേശ, ഡസ്ക്ക് ഇവയെല്ലാം പരാശ്രയംകൂടാതെ അവർ പണിചെയ്യുന്നുണ്ട്. മരം അറക്കുന്നതും, ചിന്തേറിടുന്നതും, ചിത്രവേലകൾ ചെയ്യുന്നതും, ചായം തേക്കുന്നതും എല്ലാം അവർതന്നെയാണ്. അവിടത്തെ ഏററവും ഉയന്ന ക്ലാസിലെ അദ്ധ്യാപിക മിസ് ജേസ്പാർസൻ തന്നെയാണ്. വിദ്യാത്ഥിനികളെ പ്രസംഗംചെയ്യാനും അവിടെ പരിചയിപ്പിക്കുന്നുണ്ട്.

"മാഡേൺറവ്യൂ"

## പരിഷ്കാരത്തിന്റെ തകടംമറിച്ചിൽ.

ആദികാലങ്ങളിൽ മനുഷ്യർ നഗ്നന്മാരായി നടന്നിരുന്നു എന്നു ചരിത്രം പറയുന്നു. "നാഗന്മാരുടെ സ്ത്രീകൾ നിശ്ശേഷം നഗ്നകൾ തന്നെയായിരുന്നു. തെവിടിസ്ത്രീകൾ തുടയുടെ മദ്ധ്യംവരെ ഇറങ്ങുന്നതും മറയാത്ത വിധത്തിൽ നേരിയതുമായ ഒരു തുണിമാത്രം അരയിൽ ചുററിയിരുന്നു. കാടരുടെ സ്ത്രീകൾ പച്ച ഇലകൾ ചരടിൽ കോത്തു് അരയിൽ ചുററും. വഴിനീളെ പാട്ടുപാടി ഉഴന്നു നടന്നിരുന്ന പാണരുടെ സ്ത്രീകൾ അശേഷം നഗ്നകളായിരുന്നു. അക്കാലത്തു നഗ്നമായി നടക്കുന്നതു് ഒരു കുറവെന്നോ പോരായ്കയെന്നോ വിചാരിച്ചിരുന്നില്ല." ഇങ്ങിനെയാണു് ഒരു പ്രമാണിയായ ചരിത്രകാരൻ പറയുന്നതു്. എന്നാൽ നാഗരികത്വമുള്ള ഇക്കാലത്തും ഇതിനെ അനുസ്മരിപ്പിക്കുന്ന ചില പരിഷ്കാരങ്ങൾ നടപ്പിലായിരിക്കുന്നു. ജർമ്മനിയിലെ പ്രധാനപട്ടണമായ ബർലിൻ നഗരത്തിന്റെ സമീപത്തുള്ള ഒരു വാപിയുടെ ചുററും പക്വവയസ്കരായ തരുണീതരുണന്മാർ പരിപൂർണ്ണനഗ്നവേഷത്തോടുകൂടി പല വിനോദങ്ങളും പറഞ്ഞു തമാശയായി കൂടാറുണ്ടത്രെ. ശരീരത്തിൽ കാററും വെയിലും ധാരാളം കൊള്ളുന്നതിനാൽ ഈ നഗ്നവേഷംകൊണ്ടു് ആരോഗ്യം ഉണ്ടാകുമെന്നാണു് അവരുടെ വിശ്വാസം. ഇവർ രൂപീകരിച്ചിട്ടുള്ള സംഘത്തിന്റെ ആശയങ്ങളെ പരസ്പരവിനിമയം ചെയ്യുന്നതിനും പ്രചരിപ്പിക്കുന്നതിനും ലഘുലേഖകളും, പത്രങ്ങളും, ചലനചിത്രങ്ങളും ഉപകരണമാക്കിത്തീർത്തിരിക്കുന്നു. ഈ പ്രസ്ഥാനക്കാർ വൾച്ച് ഇപ്പോൾ ഇംഗ്ലണ്ടിലും കടന്നുകൂടിയിരിക്കുന്നു. പെൻഷൻ പററി പിരിഞ്ഞ ഒരു പട്ടാളഉദ്യോഗസ്ഥൻ പരിഷ്കാരകേന്ദ്രമായ ലണ്ടൻനഗരത്തിൽ ഈ ആശയത്തോടുകൂടിയ ഒരു വിദ്യാലയം തുറന്നിട്ടുണ്ടുപോലും. വിദ്യാർത്ഥികളും വിദ്യാർത്ഥിനികളും അദ്ധ്യാപകന്മാരും അദ്ധ്യാപികമാരും ഈ വിദ്യാലയത്തിൽ ഉണ്ടു്. ഇവരെല്ലാം പൂർണ്ണനഗ്നവേഷത്തിൽ സ്കൂളിൽ വരുന്നതും, ക്ലാസിലിരിക്കുന്നതും കാണുവാൻ അവർക്കു കൌതുകമായിരിക്കാം. ഇവർക്കാർക്കും നൂല്ബന്ധം പാടില്ലെന്നുള്ളതു പട്ടാളനിയമംപോലെതന്നെ പരിപാലിച്ചുവരുന്നു. വിദ്യാലയത്തിനു വെളിയിൽ ഇവർക്കു പോകാൻപാടില്ലെന്നും, വിദ്യാലയഭിത്തികൾക്കു് അസാമാന്യമായ ഉയരം ഉണ്ടെന്നും ഒരു സമാധാനമുണ്ടു്. യുവാക്കളുടേയും യുവതികളുടേയും വസ്ത്രധാരണംമൂലം സന്മാർഗ്ഗത്തിനു ഭ്രംശം വരുന്നുവെന്നാണു് ആ വിദ്യാലയമേധാവിയുടെ അഭിപ്രായം. അവയവങ്ങൾ വസ്ത്രംകൊണ്ടു മൂടികെട്ടിപ്പൊതിഞ്ഞിരിക്കുന്നതിനാൽ മറഞ്ഞ ഭാഗം കാണുവാൻ സ്ത്രീപുരുഷന്മാർക്കു സ്വാഭാവികമായി ആസക്തി ഉണ്ടാകുന്നു എന്നും തന്നിമിത്തമാണു ദുർമ്മാർഗ്ഗത്തിലേയ്ക്കു പ്രേരിപ്പിക്കുന്നതെന്നുമാണു് ഈ പ്രസ്ഥാനക്കാർ വിശ്വസിക്കുന്നതു്. ഈ വിശ്വാസത്തെ അനുകൂലിക്കുന്നവരായി നമ്മുടെ നാട്ടിലും വല്ല പ്രകൃതിചികിത്സകന്മാരും ഉണ്ടായേക്കാം. ഈ പരിഷ്കാരഭ്രമം കുറേക്കൂടി മൂത്താൽ അതിന്റെ രൂപവും നാമവും എന്തായിരിക്കാം ?